www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 3 Issue 54 June 1 - 15 2008

# പ. സുന്നഹദോസ് തീരുമാനങ്ങൾ പ്രാബല്യത്തിലാകുന്നു

2002-മുതൽ കൂടിയ അസോസിയേഷൻ യോഗങ്ങളും സഭാ സമിതികളും പ. എപ്പിസ്കോപ്പൽ സുന്നഹദോസും നിശ്ചയിക്കുകയും പ. പാത്രിയർക്കീസ് ബാവയോട് അപേക്ഷിക്കുകയും ചെയ്ത തീരുമാനങ്ങൾ പ. ബാവ തിരുമനസ്സുകൊണ്ട് അനുവദിച്ചിരിക്കുന്നു.

## പ്രധാനപ്പെട്ട തീരുമാനങ്ങൾ

ഇൻഡ്യക്ക് പുറത്ത് യൂറോപ്പ്, ഗൾഫ് നാടുകളിൽ പ. ബാവയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള മലയാളി കോൺഗ്രിഗേഷനുകൾ വഴി പുതിയ ഇടവകകൾ രൂപീകരിക്കുന്നതിനായി താഴെ പറഞ്ഞിരിക്കുന്ന പ്രകാരം പുനക്രമീകരിച്ചിരിക്കുന്നു.

**യു. കെ.**
അഭി. ഡോ. ഗീവറുഗീസ് മോർ കൂറിലോസ് മെത്രാപ്പോലിത്താ

**അയർലണ്ട്**
അഭി. കുര്യാക്കോസ് മോർ ദിയസ്കോറോസ് മെത്രാപ്പോലിത്താ

**അബുദബി, ദുബായ്**
അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലിത്താ

**ഷാർജ, അലൈൻ, ഫ്യൂജൈറ, റാസൽഖൈമ**
അഭി. മാത്യൂസ് മോർ അപ്രേം മെത്രാപ്പോലിത്ത

**ബഹറിൻ, ഖത്തർ**
അഭി. ഗീവറുഗീസ് മോർ അത്തനാസ്യോസ് മെത്രാപ്പോലിത്ത

**കുവൈറ്റ്**
അഭി. മാത്യൂസ് മോർ തേവോദോസ്യോസ് മെത്രാപ്പോലിത്ത

**സിംഗപ്പൂർ, മലേഷ്യ**
അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലിത്ത

**ഒമാൻ**
അഭി. കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലീത്ത

**ജർമ്മനി, സ്വിറ്റ്സർലണ്ട്, ആസ്ട്രിയ**
അഭി. ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലിത്ത

**ആസ്ട്രേലിയ, ന്യൂസിലണ്ട്**
(താല്ക്കാലിക ചുമതല) ശ്രേഷ്ഠ കാതോലിക്ക ബാവ

**ഇൻഡ്യക്ക് പുറത്തുള്ള പള്ളികളിലെ മെത്രാപ്പോലിത്തന്മാരുടെ കാലാവധി മൂന്ന് വർഷവും, ടി പള്ളികളിലേക്ക് നിയമിക്കപ്പെടുന്ന ബഹു. വൈദികരുടെ കാലാവധി രണ്ട് വർഷവുമായി നിജപ്പെടുത്തിയിരിക്കുന്നു.**

## ഡൽഹി, ബോംബെ, ബാംഗ്ലൂർ പുതിയ ഭദ്രാസനങ്ങൾ

ബാഹ്യകേരള ഭദ്രാസനം ഡൽഹി, ബോംബെ, ബാംഗ്ലൂർ എന്നിങ്ങനെ മൂന്ന് ഭദ്രാസനങ്ങളായി വിഭജിക്കുന്നതായിരിക്കും. ആയതിന്റെ നടപടിക്രമങ്ങൾ അടുത്ത മൂന്ന് മാസത്തിനകം പൂർത്തീകരിക്കും. കേരളത്തിന് വെളിയിൽ ഇന്ത്യയിലുള്ള എല്ലാ പള്ളികളും 2002ലെ ഭരണഘടന അംഗീകരിച്ച് പ. സഭയുടെ മുഖ്യധാരയിൽ നിലനിൽക്കണം.

## വൈദിക സെമിനാരിക്ക് എപ്പിസ്കോപ്പൽ കമ്മറ്റി

വൈദിക സെമിനാരിയുടെ കാലോചിതമായ അക്കാദമിക് എക്സലൻസും, നിലവാരവും, അച്ചടക്കവും വർദ്ധിപ്പിക്കുവാനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി ശ്രേഷ്ഠ കാതോലിക്ക ബാവായുടെ നേതൃത്വത്തിൽ അഭി. ഡോ. ഏബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലിത്ത പ്രസിഡന്റായും, അഭിവന്ദ്യരായ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, ജോസഫ് മോർ ഗ്രീഗോറിയോസ്, മാത്യൂസ് മോർ അപ്രേം, ഡോ. ഗീവറുഗീസ് മോർ കൂറിലോസ്, ഗീവറുഗീസ് മോർ ദിവന്നാസ്യോസ് എന്നീ തിരുമേനിമാരും, ഡോ. ആദായി ജേക്കബ് കോറെപ്പിസ്കോപ്പായും അംഗങ്ങളായുള്ള ഒരു എപ്പിസ്കോപ്പൽ കമ്മറ്റിയെ പൂർണ്ണ അധികാരത്തോടുകൂടി നിയമിച്ചിരിക്കുന്നു.

## കോഴിക്കോട്, ഇടുക്കി ഭദ്രാസനത്തിന്റെ ചുമതല ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്ക്

കോട്ടയം, കണ്ടനാട് ഭദ്രാസനങ്ങളിലെ കിഴക്കൻ മേഖലയിലുള്ള 15 പള്ളികൾ ചേർത്ത് മുമ്പുണ്ടായിരുന്ന ഇടുക്കി ഭദ്രാസനം പുനരുജ്ജീവിപ്പിക്കപ്പെട്ടിരിക്കുന്നു. മലബാർ ഭദ്രാസന മെത്രാപ്പോലിത്തായുടെ അപേക്ഷ പ്രകാരം ഭദ്രാസനം വിഭജിച്ച് കോഴിക്കോട് ഭദ്രാസനവും നിലവിൽ വന്നിരിക്കുന്നു. ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ മെത്രാപ്പോലിത്തൻ ട്രസ്റ്റി ശ്രേഷ്ഠ കാതോലിക്കാ ബാവ പുതിയ ഈ ഭദ്രാസനങ്ങളുടെ ചുമതല താല്ക്കാലികമായി വഹിക്കുന്നതാണ്.

## പൊതുകല്പന

പ. സുന്നഹദോസ് തീരുമാനങ്ങളും പ. പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹ കല്പനയും ചേർത്ത് പുതിയ നിശ്ചയങ്ങൾ വിശ്വാസികളെ അറിയിക്കുന്നതിനായി ശ്രേഷ്ഠ കാതോലിക്കാ ബാവ തിരുമനസുകൊണ്ട് നമ്പർ പി. 5/2008 കല്പന പുറപ്പെടുവിച്ചിട്ടുണ്ട്

# വി. കുർബ്ബാന, കർത്താവിന്റെ ദാനം

**ഡോ. മാത്യു ഡേവിഡ് M.sc. Ph.D. രചിച്ച വി. കുർബ്ബാന : മാനവോദ്ധാരണത്തിനുള്ള ദൈവീകപദ്ധതി എന്ന ഗ്രന്ഥത്തിൽ നിന്ന്**

മല്കീസദേക്ക് ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ മഹാപുരോഹിതനുമായിരുന്നു. (ഉല്പ.14 : 18) അവന്റെ പിതാവിനെപ്പറ്റിയോ മാതാവിനെപ്പറ്റിയോ വംശാവലികളിൽ എഴുതപ്പെട്ടിട്ടില്ല. എന്നാലോ ദൈവപുത്രന്റെ സാദൃശ്യത്തിൽ അവന്റെ പൗരോഹിത്യം എന്നേക്കും നിലനിൽക്കുന്നു, (എബ്രാ. 7:3 SOBSIBIBLE) എന്നാണല്ലോ ഇവനെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നത്. മല്കീസദേക്ക് നമ്മുടെ കർത്താവിന്റെ ദൈവത്വത്തിന്റെ പ്രതിരൂപമാണ് അവൻ മഹാപുരോഹിതൻ എന്ന്, മേലുദ്ധരിച്ച വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. പഴയ നിയമ കാലത്തെ യിസ്രായേലിന്റെ പൗരോഹിത്യം ഒരു വംശത്തിന്റെ കുത്തകയായിരുന്നു. അഹറോന്യ പൗരോഹിത്യത്തിനെതിരായി ആരെങ്കിലും മുമ്പോട്ടു വന്നാൽ യഹോവ അവരെ ശിക്ഷിച്ചുമിരുന്നു. (സംഖ്യാ. 16:16–40; 2 ദി.വ്യ. 26:16 f.f.). തലമുറ – തലമുറകളായി കൈമാറിവന്ന ആ പൗരോഹിത്യം ദാവീദിന്റെ ഗോത്രത്തിൽ പിറന്ന യേശുവിന് ജന്മനാ ലഭിച്ചു. അങ്ങനെ മഹാ പുരോഹിതനായിരുന്ന (മല്കീസദേക്കിന്റെ പൗരോഹിത്യം) യേശു അഹറോനീക പൗരോഹിത്യം കൂടി സ്വീകരിച്ച് പുതിയ നിയമത്തിന്റെ സാർവ്വത്രിക പൗരോഹിത്യം നടപ്പിൽ വരുത്തി. ജറുശലേം ദേവാലയത്തിനു ചുറ്റും പാർത്തിരുന്ന യഹൂദ–ജനത്തെ മാത്രമല്ല കർത്താവ് വീണ്ടെടുക്കുവാൻ തയ്യാറായത്. ഭൂമിയുടെ നാനാഭാഗങ്ങളിലുമുള്ള ജനങ്ങളെയെല്ലാം തന്റെ ജനമാക്കുകയും അവരിലെല്ലാം തന്റെ പൗരോഹിത്യം പകരുകയാണ് ചെയ്തത്. മലാഖി പ്രവാചകൻ പറയുന്നതുപോലെ, "എല്ലായിടത്തും എന്റെ നാമത്തിന് ധൂപവും നിർമലമായ വഴിപാടും അർപ്പിക്കു"മെന്നും യഹോവ യിസ്രായേലിന്റെ അതിരിനും അപ്പുറത്തോളം വലിയവൻ എന്നു പറയുകയും കാണുകയും ചെയ്യും. (മാലാഖി.1:5,11) എന്നത് നിവർത്തി യാകുവാനാണ് ശിഷ്യൻമാർ ഭൂമിയുടെ നാനാ ഭാഗങ്ങളിലും സഞ്ചരിച്ച് വി. കുർബാനയെ സ്ഥാപിച്ചത്.

മരണത്തിൽ നിന്നും മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ ദൈവം തയ്യാറാക്കിയ പദ്ധതിയിലൂടെ പാരിലെങ്ങുമുള്ള മനുഷ്യവർഗ്ഗത്തിന് സഭവഴിയായി ദൈവം നൽകിയ ദാനമാണ് വി. കുർബാന. മഹാപുരോഹിതനായ മല്കീസദേക്ക് തുടങ്ങിവച്ച ഈ ശുശ്രൂഷ മഹാപുരോഹിതനായ ക്രിസ്തു തന്നെ നമ്മെ പഠിപ്പിക്കുകയും ചെയ്തുവല്ലോ. ഇതാണ് വി. കുർബാനയുടെ മഹിമ.

## ക്രിസ്തുവിന്റെ സഭ

ക്രിസ്തുവാണ് സഭയുടെ മഹാപുരോഹിതൻ. അവൻ നല്ല ഇടയനും, ഗുരുവും,പിതാവുമാണ്. തന്റെ പൗരോഹിത്യം തന്റെ സഭയിലെ ഇടയൻമാർക്ക് പകർന്നപ്പോൾ അവരും തന്നെപ്പോലെ തന്നെ നല്ലവരും സഭയെ പരിപാലിക്കുന്ന ഇടയരും ആയിരിക്കേണമെന്ന് നിർബന്ധിച്ചിരുന്നു. (ലൂക്കോ. 22:26) ആദിമസഭാ പിതാക്കൻമാർ ഭരണ സൗകര്യത്തിനായി സഭയിൽ വിവിധ അധികാരങ്ങളുള്ള പൗരോഹിത്യ സ്ഥാനങ്ങൾ നിലവിൽ വരുത്തുകയും അങ്ങനെ സഭയെ പരിപോഷിപ്പിക്കുകയും ചെയ്തുപോന്നു. നമ്മുടെ സഭയിൽ ഇന്നും നിലനിന്നുപോരുന്ന അത്തരത്തിലുള്ള ഭരണ സമ്പ്രദായത്തിന് അനേകായിരം വർഷം പഴക്കമുണ്ട്.വിവിധ തലങ്ങളിലായി സഭ നിശ്ചയിച്ചിരിക്കുന്ന പൗരോഹിത്യ സ്ഥാനങ്ങൾ താഴെ പറയും പ്രകാരമാണ്.

### മസ്മ്രോനോ (പാട്ടുകാരൻ)

ഇവർ ഗീതങ്ങൾ ആലപിക്കുന്നു. ഈണത്തിലും ഇമ്പത്തിലും ഗാനങ്ങൾ ആലപിക്കുകയും, മറുവാക്യങ്ങൾ ക്രമത്തിന് പറയുകയും ചെയ്യുന്നത് ഇവരുടെ ജോലിയാണ്.

### കോറുയോ (വായനക്കാരൻ)

സഭയിലും അതിന്റെ ശുശ്രൂഷകളിലും, വിശുദ്ധഗ്രന്ഥത്തിൽ നിന്നും വായിക്കുന്നത് ഇവരുടെ ജോലിയാണ്.

### അപ്പുദിയക്കിനെ (അർദ്ധ ശെമ്മാശന്മാർ)

പള്ളി തുറക്കുക, തിരികൾ കത്തിക്കുക, വി. കുർബാനയിൽ പുരോഹിതനെ സഹായിക്കുക. മുതലായ ജോലികൾ ഇവരുടേതാണ്.

### മ്ശെംശോനോ (പൂർണ്ണ ശെമ്മാശൻ)

കശീശാമാരെയും മേൽപ്പട്ടക്കാരേയും ശുശ്രൂഷയൽ സഹായിക്കുക ഇവരുടെ ജോലിയാണ്. കുർബ്ബാനയിൽ പ്രധാനശുശ്രൂഷകനായി ധൂപകലശം കൈകാര്യം ചെയ്യണം. മ്സ്മ്രോനോ, കോറൂയോ, അപ്പുദിയക്കിനെ എന്നീ പടികളിലുള്ള ശുശ്രൂഷകരെ നയിക്കുകയും നിയന്ത്രിക്കുകയും അവരുടെ ജോലി നിർവ്വഹണത്തിൽ അവരെ സഹായിക്കുകയും വേണം. മ്ശെംശോനോ ഉൾപ്പെടെയുള്ള നാലുകൂട്ടരേയും ശെമ്മാശന്മാർ എന്നുതന്നെയാണ് വിളിക്കാറുള്ളതെങ്കിലും പൗരോഹിത്യ പദവിയിൽ എണ്ണുന്നത് മ്ശെംശോനോയെ മാത്രമേയുള്ളു. കറുത്ത കുപ്പായവും, തൊപ്പിയുമാണ് ഇവരുടെ വേഷം. കുർബാന സമയത്ത് ശുശ്രൂഷകുപ്പായവും ഊറാറയും ഇവർ ധരിച്ചിരിക്കണം.

### കശീശോ (പട്ടക്കാരൻ)

ഈ പടിയിലുള്ളവർക്ക് പൂർണ്ണ പൗരോഹിത്യം ലഭിച്ചിരിക്കുന്നു. വി. കുർബാനയടക്കമുള്ള സഭയുടെ സ്വീകരണ കൂദാശകളെല്ലാം നിർവ്വഹിക്കുവാൻ ഇവർക്ക് അധികാരമുണ്ട്. വേഷം കറുത്ത കുപ്പായമാണ്. പുരോഹിതൻ തൊപ്പിധരിക്കയും താടിമീശ വളർത്തുകയും വേണം. വിവാഹിതർക്കും പുരോഹിതനാകാം എന്നാൽ പുരോഹിതനായശേഷം വിവാഹിതനാകാൻ പാടില്ല.

### കോർഎപ്പിസ്കോപ്പാ (മെത്രാന്റെ സഹായി)

മെത്രാസനത്തിന്റെ ഭരണകാര്യങ്ങളിൽ മെത്രാപ്പോലീത്തായെ സഹായിക്കുക കൂടി ഈ പുരോഹിതൻ ചെയ്തിരിക്കണം. പുരാതന കാലങ്ങളിൽ ഇവർ മെത്രാപ്പോലീത്തായുടെ കീഴിൽ ഗ്രാമങ്ങളുടെ എപ്പിസ്കോപ്പാമാരായിരുന്നു.

### എപ്പിസ്കോപ്പാ (മെത്രാപ്പോലീത്താ)

സഭയെ ഭരണ സൗകര്യത്തിനായി പല മെത്രാസനങ്ങളായി തിരിക്കയും, മെത്രാൻ അതിലൊരു മെത്രാസനത്തിന്റെ (ഭദ്രാസനത്തിന്റെ) തലവനായിരിക്കയും ചെയ്യും. 'പട്ടംകൊട' മുതലുള്ള എല്ലാ ശുശ്രൂഷകളും (വി. മൂറോൻ കൂദാശയൊഴിച്ച്) ചെയ്യുവാനുള്ള അധികാരം മെത്രാനുണ്ട്.

### പൊതുവിന്റെ പിതാവ് (കാതോലിക്കാ –മപ്രിയാനാ)

ഇദ്ദേഹം സഭയുടെ പരാമാദ്ധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസിനു വേണ്ടി അദ്ദേഹത്തിന്റെ കീഴിൽ പ്രാദേശിക ഭരണാധിപൻ ആകുന്നു. പൗരസ്ത്യകാതോലിക്കായ്ക്കുള്ള അധികാരങ്ങൾ സഭയുടെ കാനോനുകളിൽ ക്രോഡീകരിച്ചിരിക്കുന്നു. പാത്രിയർക്കീസിന്റെ അനുവാദത്തോടെ വി. മൂറോൻ കൂദാശവരെ നടത്തുവാൻ അധികാരമുണ്ട്. ആകമാന സുറിയാനി സഭയുടെ സുന്നഹദോസിൽ രണ്ടാം സ്ഥാനമാണ് കിഴക്കിന്റെ കാതോലിക്കായ്ക്കു നൽകിയിരിക്കുന്നത്.

### പിതാക്കന്മാരുടെ പിതാവ് (പാത്രിയർക്കീസ്)

ആകമാന സുറിയാനി സഭയുടെ തലവൻ അന്ത്യോഖ്യാ പാത്രിയർക്കീസാണ്. സഭയുടെ ആത്മീയ കാര്യങ്ങളിലുള്ള മുഴുവൻ നിയന്ത്രണവും ഇദ്ദേഹമാണ് നടത്തുന്നത്.

സഭയിൽ ഇപ്രകാരം സ്ഥാനമാനങ്ങൾ മേല്പ്പട്ടക്കാർക്ക് വേർതിരിച്ചു കൊടുത്തിട്ടുണ്ടെങ്കിലും കശീശോയിൽ പൗരോഹിത്യത്തിന്റെ പൂർണ്ണത നൽകപ്പെട്ടിരിക്കുന്നു. അവിവാഹിതരും ദയറാക്കാരും ആയി ജീവിക്കുന്നവർക്കേ എപ്പിസ്കോപ്പാ മുതലുള്ള സ്ഥാനങ്ങൾ നൽകുകയുള്ളു. സുറിയാനി സഭ പുരുഷന്മാർക്ക് മാത്രമേ പൗരോഹിത്യം നല്കുകയുള്ളൂ. അവിവാഹിതരായ ദയറാക്കാർ റമ്പാൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. റമ്പാൻമാർക്ക് തലയിൽ ധരിക്കുവാൻ പതിമൂന്ന് കുരിശുകളോടുകൂടിയ 'മസ്നപ്സാ' യുണ്ട്. പൗരോഹിത്യസ്ഥാനമുള്ള ദയറാക്കാരൻ അവരവർക്ക് നൽകിയിരിക്കുന്ന സ്ഥാനം അനുസരിച്ച് മസ്നാപ്സായ്ക്ക് മുകളിൽ തൊപ്പിയും ധരിച്ചിരിക്കണം. സഭയുടെ വിശ്വാസ തത്വസംഹിതകൾ സഭയെ പഠിപ്പിക്കുന്ന തലവനാണ് മല്പാൻ. സഭയിലെ വിശ്വാസപരമായ തർക്കങ്ങൾ തീർത്തു കൊടുക്കേണ്ടതും സഭാ മല്പാൻ തന്നെയാണ്.

ശ്ലീഹന്മാർ മുതൽ 'കൈവെപ്പു' വഴിയായി ഇടമുറിയാതെ നിലനിന്നുപോരുന്നതാണ് പൗരോഹിത്യം. (2 തീമോ. 1:16,1 തീമോ.4:147.) എപ്പിസ്കോപ്പ മുതൽ മേല്പ്പോട്ടു സ്ഥാനങ്ങളുള്ള പട്ടക്കാർക്കു മാത്രമേ പട്ടം കൊടുക്കുന്നതിനുള്ള അധികാരം സഭ നൽകിയിട്ടുള്ളു. സ്വയമേ പൗരോഹിത്യം സ്വീകരിച്ച് ശുശ്രൂഷകൾ നടത്തുന്നത് പാപവും, ശ്ലൈഹിക പിൻതുടർച്ചയുള്ള സഭയ്ക്ക് നിരക്കാത്തതുമാണ്. ചില നൂതന സഭക്കാർ സ്വയം പൗരോഹിത്യം ഏറ്റെടുത്ത് അവരുടെ സഭ നടത്താറുണ്ട്. സഭയുടെ തുടക്കത്തിൽ കർത്താവുതന്നെ ശിഷ്യൻമാർക്കു നൽകിയ പൗരോഹിത്യം (യോഹ. 20;22) അവർ പിൻ തലമുറയ്ക്ക് കൊടുത്തുമിരുന്നു. (അപ്പോ.പ്ര.6:6) യറുശലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പയായിരുന്ന യാക്കോബ് ശ്ലീഹാ തന്നെയാണ് തിരുസഭയ്ക്ക് ആദ്യത്തെ കുർബാന തക്സാ ഏർപ്പെടുത്തിത്തന്നത്. ആയതിനാലാണ് ഇദ്ദേഹത്തെ ക്രിസ്ത്യാനികളുടെ 'നെടും തൂണുകളിലൊന്നായി' എണ്ണിയിരിക്കുന്നതും (ഗലാ.2:9). അപ്പവും വീഞ്ഞും ഉപയോഗിച്ച് ആദ്യ കുർബാന അർപ്പിച്ചതും ഇദ്ദേഹം തന്നെ.

സഭയുടെ നെടും തൂണുകളിൽ പ്രധാനിയായിരുന്ന പത്രോസ് ശ്ലീഹായുടെ (ഗലാ 2:9) പിൻഗാമികളായി സഭ നയിച്ചിരുന്നത്, യഹൂദ ക്രിസ്ത്യാനികൾക്കായുള്ള ഏവോദിയോസും, വിജാതിയർക്കായുള്ള ഇഗ്നാത്തിയോസും ആയിരുന്നുവല്ലോ. സഭാ ചരിത്രകാരനായിരുന്ന യൗസേബിയോസിന്റെ രേഖകൾ പ്രകാരം എഡി–37 ഫെബ്രു. 22–ാം തിയതിയായിരുന്നു പത്രോസ് ശ്ലീഹാ തന്റെ ശ്ലൈഹിക സിംഹാസനം അന്ത്യോക്യായിൽ സ്ഥാപിച്ചത്. എഡി 68 ൽ ഏവോദിയോസ് കാലം ചെയ്യുകയും തുടർന്ന് ഇഗ്നാത്തിയോസ് അന്ത്യോക്യായുടെ പരമാധികാരിയായിത്തീരുകയും ചെയ്തു. അന്നുമുതൽ ഇന്നോളം പൗരോഹിത്യം 'കൈവയ്പു' മൂലം പിൻഗാമികളിൽ പകർന്ന് കാത്തുസൂക്ഷിക്കപ്പെടുന്നു. ശ്ലൈഹിക പിൻതുടർച്ചയുള്ള സഭയുടെ പുരോഹിതൻമാർക്കാണ് ഭൂമിയിൽ 'കെട്ടാനും അഴിക്കാനുമുള്ള അധികാരം' യേശു തന്നെ നൽകിയിരിക്കുന്നത്. (മത്താ. 18:18)

## തിരുസഭയും വി. കുർബാനാനുഷ്ഠാനവും

വി. കുർബാന, മരിച്ചവരോടുകൂടി ജീവനുള്ളവരും ദുരസ്ഥരോടുകൂടി സമീപസ്ഥരും തമ്മിൽ നിരപ്പാകുന്നതും സമാധാനം സ്വീകരിക്കുന്നതുമായ ശുശ്രൂഷയാണ്. ഒരു ദേവാലയത്തിൽ വച്ച് കുർബാനയിൽ സംബന്ധിക്കുന്നവർ, ആ പള്ളിയിലുള്ളവരുമായി മാത്രമല്ല നിരപ്പാകുന്നതും സമാധാനം സ്വീകരിക്കുന്നതും. ഇതുപോലെ കുർബാന അനുഭവിക്കുന്നവരും, അനുഭവിച്ച് വാങ്ങിപ്പോയവരുമായുള്ള സമാധാനവും നിരപ്പുമാണ് നമുക്ക് ലഭിക്കുന്നത്. അന്നും, ഇന്നും എന്നും വി. കുർബാന അനുഭവിക്കുന്ന വിശ്വാസികൾ കർതൃശരീരത്തിൽ അംശികൾ ആയിത്തീരുന്നു.(1 കോരി. 6:15, 10:17; റോമാ. 12:5;എഫെ.1:22,23). കർത്താവ് ഒരുവനേയുള്ളു; മനുഷ്യനായി അവൻ ഒരിക്കലേ ജനിച്ചിട്ടുള്ളു, ഒരു ശരീരമേ അവനുള്ളു. ആ ശരീരത്തിലാണ് നാം പങ്കാളികളാകുന്നതും. ക്രിസ്തുവിന്റെ ശരീരം ഭക്ഷിച്ച് അവന്റെ അംശികളായി തീരുന്ന വിശ്വാസികളായി മരിച്ചുപോയവരും, ഇന്നുള്ളവരും വരുവാനിരിക്കുന്നവരും ഒരു സഭയുടെ ഭാഗവും ആ സഭ കർതൃ ശരീരവുമാകുന്നു. ആ ശരീരത്തിൽ മരിക്കാതെ പങ്കാളികളാകുന്ന നാം എന്നും ജീവിക്കുന്നുവെന്നും നാം വിശ്വസിക്കുന്നു. വി. കുർബ്ബാനയാകുന്ന കൂദാശയിലൂടെ അവനെ നാം സ്വീകരിച്ച് അവന്റെ അംശികൾ ആയില്ലെങ്കിൽ സഭയിലോ കർത്താവിലോ നമുക്ക് ഒരു പങ്കുമില്ല.

വി. കുർബാന, വിശുദ്ധിയോടുകൂടി കൈക്കൊള്ളാതിരുന്നാലും, കൈക്കൊണ്ടിട്ട് മ്ലേഛമായവ ചെയ്താലും, വെള്ളത്തിലിട്ട തീക്കട്ടപോലെ, കുർബാനയുടെ അനുഗ്രഹ പ്രാപ്തി നമുക്ക് നഷ്ടമാകുന്നു. അങ്ങനെ പാപം ചെയ്തു നാം ശിക്ഷാവിധിക്കു അർഹരായിതീരുകയും 'മരിക്കയും' ചെയ്യും (1.കൊരി.11.30;റോമർ 3:23). ശിക്ഷയ്ക്കും പ്രതികാരത്തിനും ഇടയാകാതെ വി. കുർബാന കൈക്കൊള്ളുന്നവർ ചുരുക്കമാണ്. അവർക്ക് രക്ഷയ്ക്ക് കർത്തൃകൃപകൂടി വേണം. കർത്തൃകൃപയാൽ രക്ഷിക്കപ്പെട്ട വ്യതൻമാരാണ് നമ്മുടെ പിതാക്കളും പരിശുദ്ധന്മാരും. കർത്താവിൽ നിന്നും അവർക്ക് ലഭിച്ച കൃപ, അവർ നമ്മുടെ സഹോദരരാകയാൽ, നമ്മുക്കുകൂടി പകർന്നുതരുവാൻ അവർക്കു സാധിക്കും. അവരിൽ നിന്നും ലഭിക്കാവുന്ന സഹായം ചോദിച്ചു വാങ്ങുന്ന പ്രാർത്ഥനയെയാണ് നാം മദ്ധ്യസ്ഥപ്രാർത്ഥനകൾ എന്ന് വിളിക്കാറുള്ളത്. മാതാവും, ശിഷ്യൻമാരും, പരിശുദ്ധൻമാരും കർത്താവിൽ ജീവിക്കുന്നവരാണെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അവരുടെ സഹായങ്ങളും പ്രാർത്ഥനകളും നമ്മിൽ ഫലമുളവാക്കും.

വി. കുർബാനശുശ്രൂഷയിൽ ശ്രദ്ധയോടും ഭക്തിയോടും കൂടി വേണം നാം പങ്കെടുക്കേണ്ടത്. പൂർണ്ണവിശ്വാസത്തോടും അർപ്പണമനോഭാവത്തോടും കൂടിയായിരിക്കണം നാം വി. രഹസ്യങ്ങൾ സ്വീകരിക്കേണ്ടത്. ക്രിസ്തു ഇന്നും ജീവിക്കുന്നുവെന്നും അവന്റെ സാന്നിദ്ധ്യം ദേവാലയത്തിലും, വി. കുർബ്ബാനയിലും, അവയെ കൈക്കൊള്ളുന്നവരിലും യഥാർത്ഥമായുണ്ട് എന്ന് നാം അറിഞ്ഞിരിക്കണം. മാലാഖമാരും വാങ്ങിപ്പോയ വിശുദ്ധൻമാരും നമ്മോടൊപ്പം ആരാധനയിൽ സന്നിഹിതരായിരിക്കുന്നുവെന്ന് നാം അറിയണം. ഭൗതിക ചിന്തകൾ മാറ്റി, സ്ഥലകാല സീമകൾക്കപ്പുറമുള്ള ഒരു വേദിയിലാണ് നാം നിൽക്കുന്നതെന്നും മനസ്സിലാക്കണം. നമ്മുടെ പ്രാർത്ഥനകളും യാചനകളും ഭൗതികനേട്ടങ്ങൾക്കുവേണ്ടി ആയിരിക്കരുത്. അത് നമുക്ക് ദൈവകരുണയാൽ തനിയെ ലഭിക്കും.

കുർബാന ശുശ്രൂഷകളിൽ പങ്കുകൊള്ളുമ്പോൾ പ്രാർത്ഥനകളും പ്രതിവാക്യങ്ങളും ചിട്ടയോടു കൂടി ഉയർന്ന ശബ്ദത്തിൽ പറയുന്നതിനോ ഗീതങ്ങൾ മാധുര്യമായി ആലപിക്കുന്നതിനോ നാം നാണിക്കരുത്. കർത്താവ് ഇത്തരക്കാരെപ്പറ്റി തന്റെ പിതാവിന്റെ മുമ്പില് നാണിക്കും. നമ്മുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും മശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിലായിരിക്കേണം എന്ന് പുരോഹിതൻ ആഹ്വാനം ചെയ്യുമ്പോൾ, യഥാർത്ഥമായും നാം നമ്മെ ഉയർത്തി സ്വർഗീയ മാലാഖമാരോടൊപ്പം അവനെ സ്തുതിച്ചുവാഴ്ത്തുവാൻ തയ്യാറാവണം. "നമ്മുടെ തലകളെ വണക്കാം" എന്ന് പട്ടക്കാരൻ അനുശ്ശാസിക്കുമ്പോൾ, യാന്ത്രികമായി അനുസരിച്ചാൽ പോരാ, പിന്നെയോ, കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന നാം അവനോട് നമ്മുടെ യാചനകളെ നിരത്താനും അവന്റെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങാനും തയ്യാറായിട്ടു വേണം തല കുനിക്കേണ്ടത്.

വിശുദ്ധ കുർബ്ബാനാനുഭവത്തിന് ഒരുങ്ങേണ്ട രീതിയും സഭ അനുശ്ശാസിക്കുന്നുണ്ട്. നാം ബലഹീനരും പാപികളും ആണ്. തെറ്റുകളും കുറ്റങ്ങളും നാം അറിയാതെ തന്നെ വന്നു കൂടും. അറിവോട് നാം ചെയ്ത തെറ്റുകളെ സ്വയപരിശോധന നടത്തി പുരോഹിതന്റെ മുമ്പിൽ ഏറ്റു പറഞ്ഞ് കുമ്പസാരിക്കണം. ഗർവ്വുള്ള മനസ്സിനെ താഴ്മപ്പെടുത്തണം (1 കോരി. 11:28) തെറ്റുകൾ ആവർത്തിക്കുകയില്ല എന്ന് പ്രതിജ്ഞയെടുക്കണം. പ്രാർത്ഥനയോട് പരിശുദ്ധാത്മാവരത്തിന് തയ്യാറായി വേണം കുർബ്ബാന അനുഭവിക്കേണ്ടത്. കുർബ്ബാന സ്വീകരിക്കുന്ന ദിവസം രാവിലെ മുതൽ യാതൊന്നും കുടിക്കുകയോ ഭക്ഷിക്കുകയോ ചെയ്യരുത്. (ശിശുക്കൾക്കും രോഗികൾക്കും ഇതിൽ ഒഴിവുണ്ട്). ഉപവാസ സമയം തെറ്റുകളോ തിന്മകളോ ഓർക്കുകപോലും ചെയ്യരുത്. ഈ ഉപവാസത്തിലൂടെ മിച്ചമാകുന്ന ഭക്ഷണം വിശക്കുന്ന അന്യർക്ക് ദാനം ചെയ്യണം. കുർബ്ബാന അനുഭവിക്കുന്നതിന് തലേ ദിവസം സന്ധ്യമുതലെങ്കിലും ലൗകികചിന്തകളിൽ നിന്നും ബന്ധങ്ങളിൽ നിന്നും വേർതിരിഞ്ഞ് പ്രാർത്ഥനയോടെ വേണം ഉറങ്ങുവാൻ. ഭാര്യാഭർത്താക്കൻമാർ വ്രതം അനുഷ്ടിക്കണം (1 കോരി. 7:5) ധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും മനസ്സിനെ ശാന്തമാക്കണം. പിണക്കത്തിലായിരിക്കുന്നവരോട് ക്ഷമ ചോദിച്ച് നിരപ്പാകുകയും വേണം. ചെയ്തുപോയ തെറ്റുകളെക്കുറിച്ച് പശ്ചാത്തപിച്ച് കുമ്പസാരിക്കണം. തുടർച്ചയായി കുർബ്ബാന അനുഭവിക്കുന്ന ഒരാൾ, കുമ്പസാരിക്കേണ്ട തെറ്റുകൾ ഒന്നും ഇതിനിടയിൽ ചെയ്തു പോയിട്ടില്ലെങ്കിൽ, 'ഹൂസോയോ' പ്രാപിച്ചാൽ മതിയാകും. എന്നാൽ

(ശേഷം പേജ് 4)

# കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ ഒരു വീക്ഷണം

ഡോ. ഗീവറുഗീസ് കൂറിലോസ് മെത്രാപ്പോലിത്ത

ഇന്ന് കേരളത്തിൽ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ കൂണുകൾ പോലെ മുളച്ചുവരുന്നു. ഈ കാലഘട്ടത്തിലെ പല പ്രതിഭാസങ്ങളിൽ ഒന്നായി കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തെ കാണാവുന്നതാണ്. യുവാക്കൾ പ്രത്യേകിച്ചും ഈ പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം കാണിക്കുന്നു എന്നും ഇതിന്റെ സവിശേഷതയാണ്. അതിനാൽ ഈ പ്രസ്ഥാനങ്ങളുടെ നന്മതിന്മകളെക്കുറിച്ച് വിമർശനാത്മകമായി വിലയിരുത്തേണ്ടതുണ്ട്. ചില സഭാനേതാക്കൾ ഇവയെ അന്ധമായി എതിർക്കുമ്പോൾ മറ്റു ചിലർ ഇത്തരം പ്രസ്ഥാനങ്ങളെ അന്ധമായി പിന്താങ്ങുന്നു. രണ്ട് വീക്ഷണങ്ങളും അപൂർണ്ണങ്ങളാണ്. കാരണം, ഇത്തരം മുന്നേറ്റങ്ങളെ അപഗ്രഥിച്ചാൽ, പ്രോത്സാഹിക്കപ്പെടേണ്ടതും നിരുത്സാഹപ്പെടുത്തേണ്ടതുമായ മാനങ്ങൾ ഇവയിൽ ഉണ്ട് എന്ന് മനസ്സിലാകും. ഈ കാരണത്താൽ തന്നെ, കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ ശക്തി ദൗർബല്യങ്ങൾ വെളിച്ചത്തുകൊണ്ടുവരണം. വേദപുസ്തകത്തിന്റെയും വേദശാസ്ത്രത്തിന്റെയും യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടെയും അടിസ്ഥാനത്തിൽ വേണം ഈ അപഗ്രഥനം നടത്തുവാൻ.

ഇന്ന് നാം കാണുന്ന കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ നല്ല വശങ്ങളെക്കുറിച്ച് ആദ്യം ചിന്തിക്കാം. മാനുഷിക പ്രശനങ്ങൾക്ക് ഒരു മനശാസ്ത്രപരമായ മാനം ഉണ്ട് എന്നും പ്രസ്തുത വീക്ഷണത്തിൽ മനുഷ്യന്റെ പ്രശ്നങ്ങളെ സമീപിക്കേണ്ടതിന്റെ ആവശ്യകതയും ഇത്തരം പ്രസ്ഥാനങ്ങൾ ഗൗരവമായി എടുക്കുന്നു. ഇന്ന് പലരുടെയും, പ്രത്യേകിച്ച് യുവാക്കളുടെ, പല പ്രശ്നങ്ങളും ഗൗരവമാകുന്നത് അവരോട് അനുഭാവം പുലർത്തുവാനും, പ്രയാസങ്ങൾ പങ്കുവയ്ക്കുവാനും ആരും ഇല്ല എന്നുള്ളതാണ്. ഇത്തരം പ്രത്യേക സാഹചര്യങ്ങളിൽ ആരുടെയെങ്കിലും പ്രേരണയാൽ കരിസ്മാറ്റിക് ധ്യാനകേന്ദ്രങ്ങളിൽ പോകുന്നവർക്ക് അവിടെയുള്ള കൗൺസിലിംഗ് ഏറെ പ്രയോജനം ചെയ്യുന്നുണ്ട്. വ്യക്തിഗത പ്രശ്നങ്ങൾ, വിവാഹ ജീവിത-കുടുംബപ്രശ്നങ്ങൾ ഇവയൊക്കെ ഒരു പരിധിവരെയെങ്കിലും പരിഹരിക്കപ്പെടുവാൻ ഈ തുറന്ന ചർച്ച സഹായിക്കുന്നു. യേശുവുമായി പ്രാർത്ഥനയിൽക്കൂടി ഒരു ബന്ധം സ്ഥാപിക്കുന്നതുവഴി കൗൺസിലിംഗിന് ഒരു അനുകൂല, ആത്മീയ അന്തരീക്ഷവും ലഭിക്കുന്നു.

കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ മറ്റൊരു ശക്തി, ഇത്തരം പ്രസ്ഥാനങ്ങൾ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ പല സാമൂഹിക തിന്മകളിൽ നിന്നും മോചിപ്പിക്കുന്നു എന്നതാണ്. മദ്യപാനം, മയക്കുമരുന്ന്, പുകവലി തുടങ്ങിയ അനാരോഗ്യ സാമൂഹിക അടിമത്വങ്ങളിൽ നിന്ന് വിടുതൽ പലർക്കും ഈ പ്രസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്നുണ്ട്. മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളായിരുന്ന അനേകർ, വേദപുസ്തക പ്രബോധനങ്ങൾ, കൗൺസിലിംഗ്, ലഹരി ആസക്തിയിൽ നിന്നും വിമുക്തി ഇവയിൽകൂടി മോചനം പ്രാപിക്കുന്നു. ഇതുമൂലം ഇന്ന് ധാരാളം കുടുംബങ്ങൾ സമാധാനവും സന്തോഷവും അനുഭവിക്കുന്നുണ്ട്. മദ്യം കഴിക്കുന്നത്, അതിൽ തന്നെ പാപമാണ്, എന്ന ചിന്തയോട് ചിലരെങ്കിലും വിയോജിക്കുമെങ്കിലും, ദൈവത്തിന്റെ ആലയമായ ശരീരത്തെ, ബുദ്ധിയുള്ള ആരാധനയായി ദൈവത്തിന് പ്രസാദയോഗ്യമായ സ്ത്രോത്രയാഗമായി അർപ്പിക്കപ്പെടേണ്ട (റോമർ. 12:1) മനുഷ്യശരീരത്തെ നശിപ്പിക്കുന്നത് പാപമാണ് എന്ന ചിന്താഗതി സർവ്വസ്വീകാര്യമാകും. മദ്യപാനവും മയക്കുമരുന്നും സമൂഹങ്ങളിലും കുടുംബങ്ങളിലും ഉണ്ടാക്കുന്ന പ്രശ്നങ്ങളും ഇവയെ സാമൂഹിക പാപങ്ങളായി കാണുന്നതിന് കാരണങ്ങളാണ്. മേൽപ്പറഞ്ഞ സാമൂഹിക തിൻമകളിൽനിന്നുള്ള അനേകരുടെ വിടുതൽ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ ഒരു ശ്രദ്ധാ/ശക്തി കേന്ദ്രമാണ്. ഇതിന്റെ മറുവശം ചിലരെങ്കിലും ഈ അനുഭവം ഒരു അതിരൂക്ഷ ധാർമ്മികത (Puritanism) ഉണ്ടാക്കുന്നു എന്നതാണ്. ഉദാഹരണത്തിന്, വല്ലപ്പോഴും ഒരു ഫിലിം കാണുന്നതുപോലും പാപമായി ചിലർ വ്യാഖ്യാനിക്കുന്നു. ഇത് ഒരു അത്യന്തമായ (extreme) കാഴ്ചപ്പാടാണ്. നല്ല ഫിലിമുകളിലും ടെലിവിഷൻ പരിപാടികളിലും കലകളിലും എല്ലാം ആസ്വദിക്കുവാനും പഠിക്കുവാനും ഏറെ ഉണ്ടല്ലോ. വിവേചനം ഉപയോഗിക്കണം.

പ്രാർത്ഥനക്ക് നൽകുന്ന പ്രത്യേക സ്ഥാനമാണ് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ മറ്റൊരു ശക്തി. പ്രത്യേകിച്ച് നിയന്ത്രണങ്ങൾ ഇല്ലാതെ, സ്വയം പ്രേരിത പ്രാർത്ഥനകൾ ചൊല്ലുക. ഉച്ചത്തിൽ ഹാലേലുയ്യാ, സ്തോത്രം ഇവ ചൊല്ലുക, കരങ്ങൾ അടിച്ചു പാട്ടുപാടുക തുടങ്ങിയ പ്രവണതകൾ ഇത്തരം കൂട്ടായ്മകളുടെ പ്രത്യേകതകളാണ്. വൈകാരികമായ ഒരു ആവേശവും ഈ പ്രാർത്ഥനകളിൽ പ്രകടമാണ്. ഈ പ്രവണതകൾ വ്യവസ്ഥാപിത സഭാ ആരാധനകളിൽ സാധാരണമല്ലാത്തതിനാൽ പല സഭകളും ഇത്തരം ആത്മീയതയെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. എന്നാൽ ഈ സംശയത്തിന് അമിത ഊന്നൽ നൽകുന്നതിൽ കാര്യമില്ല. കാരണം, ആത്മശരീരമനസ്സുകൾ സജീവമായി ആരാധനയിൽ പങ്കാളികളാകണമെന്നും, എല്ലാത്തിനും ദൈവത്തെ സ്തോത്രം ചെയ്യണമെന്നും, ഭയഭക്തിയോടെ ദൈവത്തെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു എന്നും ഈ നാളിൽ കരം താഡിപ്പിൻ എന്നും സഭാ ആരാധന ക്രമങ്ങളിൽ തന്നെയുണ്ട്. തന്നെയുമല്ല, ആരാധനയും പ്രാർത്ഥനയും ഒരു രീതിയിൽ മാത്രമായിരിക്കണം എന്നു ശഠിക്കുന്നതിൽ അർത്ഥമില്ല. ദൈവത്തെ സ്തുതിക്കുന്നതിന് ഓരോ വ്യക്തിക്കും ഓരോ രീതികൾ അവലംബിക്കാം. വേദപുസ്തകത്തിൽ തന്നെ ഈ വൈവിദ്ധ്യം നമുക്ക് ദർശിക്കാം. പഴയനിയമ സഭയിൽ വ്യവസ്ഥാപിതമായ ഒരു ആരാധനാരീതി ഉണ്ടായിരുന്നു. യഹൂദസഭ ഇന്നും അത് പിന്തുടരുന്നു. ആദിമ ക്രൈസ്തവ സഭയിൽ ജനങ്ങൾ ഒരുമനപ്പെട്ട് ഭവനങ്ങളിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട ആരാധനാരീതികൾ ഇല്ലാതെ പ്രാർത്ഥിച്ചിരുന്നു. (അപ്പോ:പ്ര.2:1, 43–17). പിന്നീട് ക്രൈസ്തവസഭ ചിട്ടപ്പെടുത്തിയ ആരാധനാരീതികൾ തയ്യാറാക്കി. പഴയനിയമസഭയുടെ ആരാധനയിലെ ചില അംശങ്ങളും ഇതിൽ നിലനിർത്തി. ഇതുകൂടാതെ മൗനമായിരുന്ന് ഞാൻ യഹോവ എന്ന് അറിയുവിൻ (സങ്കീ.46:10) എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. ഹൈന്ദവസാംസ്കാരിക പശ്ചാതലത്തിലും, പൗരസ്ത്യ സഭാരാധനരീതികളിലും മൗനത്തിനും ധ്യാനത്തിനും വളരെ സ്ഥാനമുണ്ട്. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിലടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക (മത്തായി. 6:6) എന്ന വാക്യത്തിലും ധ്യാനാത്മക പ്രാർത്ഥനയുടെ പ്രാധാന്യം എടുത്തുകാട്ടപ്പെടുന്നു. ഇതെല്ലാം പ്രാർത്ഥനക്കും ആരാധനയ്ക്കും വ്യത്യസ്തത ആവശ്യമാണ് എന്ന് സാക്ഷിക്കുന്നു. ചിലർക്ക് ധ്യാനത്തിലും മൗനത്തിലുമായിരിക്കാം ഈശ്വരസാക്ഷാത്ക്കാരം കൂടുതൽ അനുഭവിക്കാൻ കഴിയുക. മറ്റു ചിലർക്ക് വ്യവസ്ഥാപിത ആരാധനാരീതികളിലെ ആത്മാർത്ഥത പങ്കാളിത്വം വഴി ഇത് സാധിക്കുന്നു. ഇനിയും ചിലർക്ക് വൈകാരികമായ ചില അനുഭവങ്ങളിൽ (Outbursts) കൂടി ഈശ്വരനോട് കൂടുതൽ അടുക്കുവാൻ കഴിയുന്നു. ഇവയെല്ലാം ബഹുമാനിക്കപ്പെടണം. ഇവയെല്ലാം സമന്വയിപ്പിക്കുവാനും കഴിയും. ഇതിലെല്ലാം ഉപരി, ഒരുവന്റെ ജീവിതം തന്നെ പ്രാർത്ഥനയും, ധ്യാനവും ആരാധനയുമാകണം. വൈകാരികതലത്തിലുള്ള പ്രാർത്ഥനകൾക്ക് കരിസ്മാറ്റിക്ക് ഗ്രൂപ്പുകൾ പ്രാധാന്യം നൽകുമ്പോൾ ഇവരിൽ പലർക്കും ക്രമേണ വ്യവസ്ഥാപിത ആരാധനക്രമങ്ങളോട് തോന്നുന്ന അനിഷ്ടവും, അത്തരം ആരാധനകൾക്ക് ജീവനില്ല എന്ന ചിന്തയും നീതികരിക്കാനാവില്ല. ഇപ്രകാരമുള്ള ആരാധനകളിൽ സജീവമായി പങ്കെടുക്കുവാൻ കഴിയുന്നില്ല എങ്കിൽ, അത് ആരാധനയുടെ കുറവല്ല, പങ്കെടുക്കുന്നവരുടെ കുറവത്രെ കാണിക്കുന്നത്.

കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ മറ്റൊരുന്യൂനത, ഇവ അത്ഭുത രോഗശാന്തിക്ക് നൽകുന്ന അമിത പരസ്യം ചെയ്യലാണ്. പലപ്പോഴും യേശുവിന്റെ രോഗശാന്തി ശുശ്രൂഷയുമായി ഇവക്ക് ബന്ധമില്ല എന്നു തോന്നാറുണ്ട്. യേശു ചെയ്ത രോഗശാന്തികൾ, വരുവാനുള്ള ദൈവരാജ്യത്തിന്റെ അടയാളങ്ങളായിരുന്നു, നീതി വസിക്കുന്ന വ്യവസ്ഥിതിയുടെ അടയാളങ്ങൾ. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകന്നവരെ തിരികെ കൊണ്ടുവരുന്നവയായിരുന്നു. ഈ അടയാളങ്ങൾ (ഉദാ. കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നത്) യേശു തന്റെ രോഗശാന്തി ശുശ്രൂഷകൾ ഒന്നും നേരത്തെ പരസ്യം ചെയ്തിരുന്നില്ല. രോഗശാന്തി കൊടുത്ത പലരോടും ഇത് ആരോടും പറയരുത് (ലൂക്കോസ് 5:14) എന്നായിരുന്നു യേശുവിന്റെ ഉപദേശം. എന്നാൽ ഇന്നു നടക്കുന്ന രോഗശാന്തികളുടെ പരസ്യവും, പരസ്യപ്പെടുത്തലും, ജനങ്ങളെ യേശുവിനെ ഒരു മാന്ത്രികനായി കാണുവാൻ പ്രേരിപ്പിക്കുന്ന തരത്തിൽ കച്ചവടവത്ക്കരിക്കപ്പെട്ടിരിക്കുന്നു. കാര്യസാദ്ധ്യത്തിന് പ്രത്യേകം ചില പള്ളികളിൽ പോകുന്നതുപോലെ പ്രത്യേകം ചില ധ്യാനകേന്ദ്രങ്ങളിൽ പോയാൽ ആഗ്രഹസഫലീകരണവും രോഗശാന്തിയും സുനശ്ചിതം എന്ന ചിന്ത ചില കരിസ്മാറ്റിക് ഗ്രൂപ്പുകൾ പ്രചരിപ്പിക്കുന്നു. ഇവിടെ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ സ്ഥാപനവത്ക്കരിക്കപ്പെടുന്നു.

വേദശാസ്ത്രപരമായി അപഗ്രഥിച്ചാൽ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലുള്ള സാരമായ ഒരു കുറവു കാണാം. ആത്മീയതയും, പാപവും, രക്ഷയും എല്ലാം ഇവിടെ വ്യക്തിഗതം മാത്രമാണ്. സാമൂഹികമാനം നഷ്ടമാക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചു തന്നെ പല അബദ്ധധാരണകളും അറിയാതെ ഈ ഗ്രൂപ്പുകളിൽ കടന്നു കൂടുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ ആവാസം വ്യക്തികളിൽ അനുഭവപ്പെടുമെങ്കിലും, ഇത് വ്യക്തിതലത്തിൽ ഒതുങ്ങുന്നതല്ല. വിപ്ലവകരങ്ങളായ സാമൂഹിക പ്രതിഫലനങ്ങളാണ് പരിശുദ്ധത്മാവിന്റെ ആവാസം ഉണ്ടാക്കുന്നത്. പരിശുദ്ധാത്മാവിനെക്കുറിച്ച് വേദപുസ്തകത്തിൽ പറയുന്നിടത്തൊക്കെ ഇത് പ്രകടവുമാണ്. (യെശ. 61:1–3; ലൂക്കോ. 4:18–19;യോവേൽ. 2:28–30, അപ്പോ.പ്ര.2:16–18, 2:46–47 ഇവ പരിശോധിക്കുക) പരിശുദ്ധാത്മാവിന്റെ ആവാസം സമൂഹത്തിലെ അസമത്വങ്ങളും അനീതികളും ഇല്ലാതാക്കി മർദ്ദിതരേയും ദരിദ്രരേയും വിമോചിപ്പിക്കുന്നു എന്ന മാനം കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ ഗൗരവമായി എടുത്തിട്ടില്ല. ആത്മാവ് സകല സത്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നമ്മെ നയിക്കുന്നു എന്ന വി. യോഹന്നാനും സാക്ഷിക്കുന്നു. ചുരുക്കത്തിൽ ബൈബിളിൽ പരിശുദ്ധാത്മാവ് സാമൂഹിക ബന്ധനങ്ങളിൽ നിന്നുള്ള മനുഷ്യന്റെ സമഗ്രവിമോചനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ അർത്ഥത്തിൽ മദ്യപാനവും പുകവലിയും മാത്രമല്ല പാപങ്ങൾ. പട്ടിണി, തൊഴിലില്ലായ്മ, പരിസ്ഥതി നാശം, ദളിത് / ആദിവാസി പീഢനങ്ങൾ, സ്ത്രീ വിമോചനം, ഇവയെല്ലാം സാമൂഹിക പാപങ്ങളാണ്. ദൈവസ്വരൂപത്തിന്റെ പൂർണ്ണതയെ (ശാലേം) നിഹനിക്കുന്ന എല്ലാ ശക്തികളും പാപഘടനകളാണ്. ഇവയിൽ നിന്ന് എല്ലാമുള്ള സമഗ്രവിമോചനമാണ് രക്ഷ. അതുകൊണ്ടാണ് യഹോവയെ ആരാധിക്കേണ്ടതിന് യിസ്രായേൽ ജനത്തെ വിമോചിപ്പിക്കുവാൻ ഫറവോനോട് ആവശ്യപ്പെടുവാൻ മോശയെ യഹോവ ചുമതലപ്പെടുത്തുന്നത്. ദൈവത്തെ ആരാധിക്കുവാൻ മനുഷ്യൻ സ്വാതന്ത്ര്യത്തിൽ കഴിയണം. പലപ്പോഴും ശരിയായ സാമൂഹിക വിശകലനം ഇല്ലാതെ ഉപരിപ്ലവമായി സാമൂഹിക പ്രശ്നങ്ങളെ പലരും വീക്ഷിക്കുന്നു.

അടുത്തയിടെ ഒരു കരിസ്മാറ്റിക് യോഗത്തിൽ ഒരു പ്രസംഗകൻ അടിമാലിയിലെ പെൺവാണിഭ സംഭവത്തെ പരാമർശിച്ചപ്പോൾ കുറ്റം മുഴുവൻ ആ പെൺ കുട്ടിയിലാണ് ആരോപിച്ചത്. അവൾ വീട് വിട്ട് ഇറങ്ങിപ്പോയതിനാലാണ് ആ സംഭവം നടന്നതുപോലും, അവളെ നശിപ്പിച്ച കാമഭ്രാന്തൻമാരെ പ്രസംഗകൻ വെറുതെ വിട്ടു. "ധനികരോട് അസൂയ തോന്നരുത്." ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ദൈവത്തെ സ്തുതിക്കുക, എന്നീ കരിസ്മാറ്റിക് ഉപദേശങ്ങൾ പ്രത്യക്ഷത്തിൽ നിർദ്ദോഷങ്ങളെന്നു തോന്നാമെങ്കിലും, പാവപ്പെട്ടവരോട് അതുപറയുമ്പോൾ അതിന്റെ രഷ്ട്രീയം പുറത്തുവരുന്നു. പാവപ്പെട്ടവരുടെ ഇന്നത്തെ സ്ഥിതി ദൈവനിശ്ചയം എന്നും ധനികരെ ദൈവം അനുഗ്രഹിച്ചതുകൊണ്ടാണ് അവർക്ക് സമ്പത്ത് ഉണ്ടായതെന്നും വ്യംഗ്യം കേൾക്കുന്ന ധനികർക്കും സന്തോഷം. കാരണം, മനസാക്ഷികുത്തുകൊള്ളാതെ പ്രാർത്ഥിച്ചും ഉപവസിച്ചും രക്ഷ പ്രാപിക്കാമല്ലോ. പക്ഷേ സാധിക്കുമോ? കുമിഞ്ഞുകൂടുന്ന സമ്പത്ത് ദൈവാനുഗ്രഹത്തിന്റെ ഫലമാണ് എന്ന പഴയനിയമ ചിന്ത പൊളിച്ചെഴുതുകയായിരുന്നു യേശുക്രിസ്തു, ധനികനായ യുവാവിനോട് രക്ഷപ്രാപിക്കുവാൻ നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക (ലൂക്കോ. 18:22) എന്നു പറയുന്നതിൽകൂടി. അതിന് മനസ്സില്ലാതെ തിരിച്ചുപോയ യുവാവിനെ നോക്കി യേശുവിന്റെ പ്രതിവചനം ശ്രദ്ധേയമാണ്. ധനവാൻ സ്വർഗരാജ്യത്തിൽ പോകുന്നത് ഒട്ടകം സൂചിക്കുഴിയിൽകൂടി പ്രവേശിക്കുന്നതിലും പ്രയാസമാണ്. (ലൂക്കോ 18:25) സക്കായിയും അന്യായമായി സമ്പാദിച്ച സ്വത്ത് ദരിദ്രർക്ക് വീതിച്ചപ്പോഴാണ് രക്ഷ പ്രാപിച്ചത്. എന്നാൽ ഇന്ന് കരിസ്മാറ്റിക് ഗ്രൂപ്പുകളിൽ വരുന്ന ധനികർക്ക് കിട്ടുന്ന ഉപദേശം നിങ്ങൾ രക്ഷ പ്രാപിക്കുവാൻ കർത്താവായ യേശുവിൽ വിശ്വസിക്ക എന്നു മാത്രമാണ്. ഇതിന്റെ സാമൂഹിക വില (Social Cost) യെ കുറിച്ച് ഒന്നും പറയുന്നില്ല.

ദരിദ്രർ അയൽപക്കത്തുള്ളപ്പോൾ സമ്പന്നനായിരിക്കുന്നത് പാപമാണ് എന്നും, ദരിദ്രർക്ക് തങ്ങളുടെ സമ്പത്ത് പങ്കുവയ്ക്കണമെന്നും, അല്ല എങ്കിൽ നിത്യജീവൻ പ്രാപിക്കില്ല എന്നുമുള്ള യേശുവചനം ധനികർക്ക് നൽകപ്പെടണം. പക്ഷേ ഈ വചനം പറഞ്ഞാൽ ധനികർ പലരും കൂട്ടായ്മ നിർത്തും ധനികനായ ആ യുവാവിനെപ്പോലെ ഇതാണ് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ നിക്ഷ്പക്ഷത ഇത് യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ വെള്ളം ചേർക്കലാണ്. യേശു പറഞ്ഞ ഭൗതീക കാര്യങ്ങൾ ആത്മീയവത്ക്കരിക്കുന്നതിന് നീതീകരണമില്ല. ആദിമ സഭ യഥാർത്ഥ കരിസ്മാറ്റിക് പ്രസ്ഥാനമായത് പ്രാർത്ഥനയാലും ഉപവാസത്താലും മാത്രമായിരുന്നില്ല. അവിടെ കൂടിവന്നവർക്ക് സ്വന്തമായി ഒന്നും ഇല്ലായിരുന്നു. എല്ലാം പൊതുവായി എണ്ണി, പങ്കിട്ടു. ഇന്ന് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിൽ പങ്കുവയ്ക്കൽ പ്രാർത്ഥന മാത്രം. സമ്പത്ത് പങ്കുവയ്ക്കലില്ല. ബെർഡായേവ് എന്ന വേദശാസ്ത്രജ്ഞൻ പറഞ്ഞതുപോലെ "എന്റെ ഭക്ഷണം പോലെ അയൽക്കാരന്റെ (പാവപ്പെട്ടവന്റെ) ഭക്ഷണം എന്റെ ആത്മീയ ആവശ്യമാണ്." എന്ന സാമൂഹിക ആത്മീയത കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിൽ പൊതുവെ കാണുന്നില്ല.

ഇവയുടെ ആത്മീയത അങ്ങേലോകകേന്ദ്രീകൃതമാണ്. മരണത്തിനു ശേഷമുള്ള ജീവിതത്തെക്കുറിച്ചുള്ള അമിത ചിന്തയിൽ, മരണത്തിനുമുമ്പുള്ള ജീവിതത്തിലെ പ്രയാസങ്ങൾ (പാവപ്പെട്ടവരുടെ) വിസ്മരിക്കപ്പെടുന്നു. കരിസ്മാറ്റിക് ഗ്രൂപ്പുകളിലെ പാവപ്പെട്ടവർ, ഇന്നത്തെ ലോകത്തിലെ പട്ടിണിയും, അസമത്വവും എല്ലാം ദൈവഹിതമായി കണക്കാക്കുവാൻ പ്രേരിപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ പ്രാർത്ഥനമാത്രം പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നു. മറിച്ച് സമൂഹത്തിലെ അനീതികളെ ചെറുക്കുവാൻ പ്രേരിപ്പിക്കുന്നില്ല. ഇവിടെ കാൾമാർക്സ് പറഞ്ഞതുപോലെ മതം മനുഷ്യനെ മയക്കുന്ന കറുപ്പാകുന്നു. ഈ ലോകത്തെ ദ്വേഷിക്കുവാനല്ല, ഈ ലോകത്തെ അങ്ങേലോകം (ദൈവരാജ്യം) ആക്കുവാനാണ് കർത്താവ് ആവശ്യപ്പെടുന്നത്. അപ്പോൾ ഈ ലോകം സ്വർഗരാജ്യം ആകും. അവന്റെ രാജ്യം വന്നു എന്ന് നമുക്ക് പറയാം. ദൈവം തന്നെ ലോകത്തെ സ്നേഹിച്ചതുകൊണ്ടാണ് ഈ ലോകത്തിലേക്ക് തന്റെ പുത്രനെ അയച്ചത്. (യോഹ. 3:16).

പ്രധാനപ്പെട്ട ഒരു വസ്തുതകൂടി ചൂണ്ടിക്കാട്ടി ഈ കുറിപ്പ് അവസാപ്പിക്കാം. ഇന്ന് പല കരിസ്മാറ്റിക് പ്രസ്ഥാനങ്ങളും മതമൗലികത വളർത്തുവാൻ പരോക്ഷമായോ പ്രത്യക്ഷമായോ സഹായിക്കുന്നുണ്ട്. ഇതിന് പ്രധാനകാരണം വേദപുസ്തകത്തെ സംബന്ധിച്ചും, രക്ഷയെ കുറിച്ചുമുള്ള ഇക്കൂട്ടരുടെ അത്യന്തമായ അവകാശവാദങ്ങളാണ്. വേദപുസ്തകത്തിലെ വാക്യങ്ങൾ ആക്ഷരികമായി വ്യാഖ്യാനിക്കുക, ബൈബിൾ മാത്രമാണ് ദൈവവചനം (ഇതര മതഗ്രന്ഥങ്ങൾ വേദവചനം അല്ല എന്ന ചിന്ത) എന്നുള്ള വിശ്വാസം മറ്റു മതങ്ങളിൽ രക്ഷ സാദ്ധ്യമല്ല എന്നും, ക്രിസ്ത്യാനി ആയില്ലെങ്കിൽ രക്ഷപെടില്ല എന്നും പ്രസംഗിക്കുക, മറ്റ് മതങ്ങളിൽ പ്രത്യേകിച്ച് ഹിന്ദുമതത്തിൽ മുഴുവൻ ബിംബാരാധനയും നിരീശ്വരത്വവും ആണ് എന്ന് ഉദ്ഘോഷിക്കുക ഇത്തരം ചിന്തകൾ ഭാരതം പോലെ മതവൈവിദ്ധ്യം നിലനിൽക്കുന്ന രാജ്യത്ത് സംഘർഷങ്ങൾക്ക് കാരണമാകും. പല കരിസ്മാറ്റിക് ഗ്രൂപ്പുകളിലും നടക്കുന്ന സാക്ഷ്യങ്ങൾ പ്രത്യേകിച്ച് ഹിന്ദുമതത്തിൽ നിന്നും ക്രിസ്ത്യാനികളായവരുടെ, ഹിന്ദുമത വിശ്വാസികളെ പ്രകോപിപ്പിക്കുന്ന രീതിയിലാണ്. ഇത് നല്ല പ്രവണതയല്ല. ക്രൈസ്തവുമല്ല. ഈ പ്രവണതയാണ് ഗാന്ധിജിയെ ഞാൻ യേശുവിനെ ബഹുമാനിക്കുന്നു, ക്രിസ്ത്യാനികളെ അത്രയും ബഹുമാനിക്കാൻ കഴിയുന്നില്ല എന്നു പറയിച്ചത്. യേശുവിൽ കൂടി നാം അറിഞ്ഞ ദൈവത്തെ പ്രസംഗിക്കുക, ജീവിതത്തിൽ കൂടി മറ്റുള്ളവർക്ക് വെളിപ്പെടുത്തുക. ഇതത്രേ ക്രൈസ്തവ ധർമ്മം. മറ്റ് വെളിപാടുകളിൽകൂടി ദൈവത്തെ അനുഭവിക്കുന്നവരെ നാം ബഹുമാനിക്കണം. ദൈവം പറഞ്ഞതുപോലെ ഒന്നിനെയും അശുദ്ധമെന്നും ഹീനമെന്നും കാണരുത്. (അപ്പോ. പ്ര. 10:29) എല്ലാമതങ്ങളിലും സത്യങ്ങൾ ഉണ്ടെന്നും, സത്യം ബഹുമുഖങ്ങൾ ഉള്ളതാണെന്നും, എല്ലാ മതങ്ങളും സത്യാന്വേഷണ പാതയിലാണെന്നും, സത്യത്തിന്റെ കുത്തക ഒരു മതത്തിനും അവകാശപ്പെടുവാനാവില്ല എന്നും കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ സമ്മതിക്കാൻ തയ്യാറാകുമോ? ഇല്ലെങ്കിൽ ഇന്നത്തെ സമീപനം കുരിശുയുദ്ധങ്ങൾക്ക് വീണ്ടും വഴിതെളിക്കും. കുരിശുയുദ്ധം ചെയ്യുന്ന യേശു(Crusading Jesus) അല്ല, പ്രസ്തുത ക്രൂശിക്കപ്പെട്ട യേശു (Crucified Jesus) അത്രേ നമ്മുടെ രക്ഷകൻ.

ചുരുക്കത്തിൽ ഇന്ന് നിലവിലുള്ള കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾക്ക് കുറവുകളും നന്മകളും ഉണ്ട്. നന്മകൾ നിലനിർത്തി, കുറവുകളെ പരിഹരിച്ചാൽ യേശുവിന്റെ ശൈലിയിലുള്ള ഒരു ജനമുന്നേറ്റമാകാൻ കഴിയും. മറിച്ചായാൽ പലതും പോലെ ഒരു കാലിക പ്രതിഭാസമായി ഇവ മരണമടയും, നിശ്ചയം.

# ആൾദൈവങ്ങൾ അരങ്ങു തകർക്കുന്നു; ആത്മീയ കച്ചവടത്തിന്റെ പൊയ്മുഖം തകരുന്നു

ഡോ.ബെൻസി മാത്യു റാന്നി

സമ്പൂർണ്ണ സാക്ഷരത നേടിയ കേരളം, ആദ്ധ്യാത്മീകതയുടെ ഈറ്റില്ലമായ മലങ്കര, വിവിധ രംഗങ്ങളിൽ ക്രൈസ്തവ സാക്ഷ്യം നിലനിർത്തിയ മലയാളനാട്. നൂറ്റാണ്ടുകൾ പിന്നിട്ട ക്രൈസ്തവ ജനതയെ ആദരവോടെ വീക്ഷിച്ച കേരളസമൂഹം. നവീന പ്രാർത്ഥനാ ഗ്രൂപ്പുകളുടെയും ആത്മീയ സംഘടനകളുടെയും ക്രമം കെട്ട ചട്ടങ്ങൾക്കു മുമ്പിൽ ക്രൈസ്തവ സമൂഹത്തെ വിവേചിച്ചു കാണുന്ന പ്രവണത ഏറിയെങ്കിലും ഇക്കൂട്ടരുടെ പൊയ്മുഖം ചീന്തിയെറിയപ്പെടുന്ന സംഭവങ്ങൾ ദൈനംദിനം പുറത്തുവരുന്നു.

അതിവേഗം വളരുന്നതും കോട്ടയം കേന്ദ്രമാക്കിയുള്ളതുമായ ഒരു വിഭാഗം വിശ്വാസികൾക്ക് സ്വർഗ്ഗീയവിരുന്നൊരുക്കിയത് സ്വർണ്ണാഭരണങ്ങളുൾപ്പെടെയുള്ളവ തട്ടിയെടുത്തുകൊണ്ടായിരുന്നെന്നും വൻതുകകൾ സമാഹരിച്ച ഇവർ റിയൽ എസ്റ്റേറ്റ് കച്ചവടവും ഹോട്ടൽ തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപം മുടക്കുകയും ചെയ്ത് സുവിശേഷവേല ശക്തമാക്കുന്നതായി മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് അടുത്തിടെയാണ്. അപ്രധാനമായ ചടങ്ങിൽ സംസ്ഥാനത്തെ ആഭ്യന്തരമന്ത്രിയെ പങ്കെടുപ്പിക്കുവാൻ ശ്രമിച്ച നീക്കം പോലീസ് രഹസ്യാന്വേഷണ റിപ്പോർട്ടുമൂലം നടപ്പാക്കാനായില്ല. ഒരു ജോലിയോ, ബിസിനസോ ഇല്ലാതെ കോടികൾ ആസ്തിയുണ്ടാക്കിയ ഇവരുടെ പൂർവ്വ ബന്ധങ്ങൾ ഉൾപ്പെടെയുള്ള ചെയ്തികൾ അന്വേഷണ വിധേയമാകണമെന്ന് ജനപ്രതിനിധികൾ പോലും ആവശ്യപ്പെടുകയുമുണ്ടായി.

കേരളത്തിൽ മൂവായിരത്തിലധികം ആൾദൈവങ്ങൾ അരങ്ങുതകർക്കുന്നതായി ഒരു ജനകീയ സംഘടനയുടെ പഠനം വെളിവാകുന്നു. ഇതിൽ 58 പേർ കോടീശ്വരൻമാരുമാണ്. ശതകോടികളുടെ ആസ്തിയുള്ളവരേയും ഉന്നതബന്ധങ്ങളുള്ളവരേയും തൊടാൻ പോലും കഴിയാത്ത സ്ഥിതിയുമാണ്. ആത്മീയ തട്ടിപ്പുമായി വിവിധ മത വിഭാഗങ്ങളിൽ പെട്ട വ്യാജ ആത്മീയ പുരുഷൻമാർ നടത്തുന്ന വിളയാട്ടം മലയാളി സമൂഹത്തിന്റെ ആത്മീയ നിലവാര തകർച്ചയിലേക്ക് വിരൽ ചൂണ്ടുന്നു. ആദ്ധ്യാത്മീകതയുടെ വികലമായ ഏടുകൾ സൂക്ഷിക്കുന്ന ഇക്കൂട്ടർ സമൂഹത്തിൽ ദൂരവ്യാപകമായ പ്രതിസന്ധികൾ വിതയ്ക്കുന്നതിന് ഫലപ്രദവും ധീരവുമായ നിലപാടുകളിലൂടെ ക്രൈസ്തവ സഭകളുടെ നേതൃത്വത്തിൽ ചെറുപ്പത്തിലേ യുവതലമുറയെ വൈകല്യങ്ങളിൽ നിന്നും അകറ്റി നിർത്തുവാനാവുകയുള്ളു.

പൗരസ്ത്യ ആദ്ധ്യാത്മീകത പിന്തുടരുന്നവരാണ് നാം. കപ്പദോക്യൻ പിതാവായ വലിയ മാർ ബസേലിയോസ് പൗരസ്ത്യ ആദ്ധ്യാത്മീകതയെ വിശദമായി നിർവചിക്കുന്നുണ്ട്. എത്രയോ നൂറ്റാണ്ടുകൾ പിന്നിട്ട ദയറാ പ്രസ്ഥാനമാണ് സുറിയാനി സഭയുടേത്. പെന്തക്കോസ്ത് വിഭാഗങ്ങൾ രൂപീകൃതമാകുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് കരയും കടലും താണ്ടി തികച്ചും അസൗകര്യങ്ങൾ നിറഞ്ഞ കാലഘട്ടത്തിൽ കർത്താവിന്റെ വേല ചെയ്ത പിതാക്കൻമാരേയും സഭയേയും, ദൈവം, പീഢയിലും സ്തുതി ചൊവ്വാക്കപ്പെട്ട് നിലനിർത്തിയത് ഏറ്റവും വലിയ സാക്ഷ്യമല്ലേ. ഇത്തരുണത്തിൽ സുറിയാനി സഭയോടുള്ള ആദരവ് സമൂഹത്തിൽ വർദ്ധിച്ചു വരുക മാത്രമാണ് ചെയ്യുന്നത്. അബദ്ധജഡിലങ്ങളായ ഉപദേശവുമായി ആത്മീയ തട്ടിപ്പു നടത്തുന്നവർ നിർബദ്ധമായും അവഗണിക്കപ്പെടണം.

കാൽക്കാശ് മുതലിറക്കാതെയും ഒരിറ്റു വിയർപ്പൊഴുക്കാതെയും നേടിയ നേട്ടങ്ങൾ അനേകം കുട്ടിദൈവങ്ങൾക്കുകൂടി അനുകരിക്കുവാൻ പ്രേരണയാകുന്നു. മതത്തിന്റെ പേരിൽ നടക്കുന്ന അസംബന്ധത്തിനും അനാശാസ്യത്തിനും അധികാരികൾകൂടി കൂട്ടുനിൽക്കുമ്പോൾ മനുഷ്യത്വം മരവിച്ചുനിൽക്കുകയാണിവിടെ. ദൈവമെന്ന പദം ഇത്ര നീചമായി ഉപയോഗിക്കുന്നവർ മറ്റെങ്ങുമുണ്ടാവുകയില്ല. പ്രപഞ്ചസൃഷ്ടാവും സംരക്ഷകനുമായ ലോകനാഥന്റെ ആളായി ചമഞ്ഞു നടക്കുന്ന കള്ളൻമാരുടെ ആൾക്കൂട്ടം ആത്മീയ ഉന്നതി പ്രാപിച്ചുവെന്ന് സ്വയം പ്രശംസിക്കുന്ന നമ്മുടെ നാടിന്റെ തീരാ ശാപമാണ്.

സാക്ഷാൽ ദൈവം സ്വർഗ്ഗത്തിൽ നിന്നും മനുഷ്യരെ ഉറ്റുനോക്കുന്ന അനുഭവം ഒരു വിശ്വാസിക്കുണ്ട്. എന്നാൽ വളയമില്ലാതെ ചാടുന്ന ഇക്കൂട്ടരുടെ ചെയ്തികൾ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ ശക്തമായ നിരീക്ഷണത്തിലാണെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വിദേശ പണത്തിന്റെ മറവിൽ നടത്തുന്ന ആത്മീയ നാടകങ്ങൾ നടത്തുന്നവരെ മുഴുവൻ നിയമത്തിന്റെ മുൻപിൽ കൊണ്ടു വന്നാൽ സഭകളെന്ന് സ്വയം പ്രഖ്യാപിച്ച പല സമൂഹങ്ങളും ഇല്ലാതാകുന്ന സ്ഥിതിയാണിന്ന്. കുതിരകളിലും രഥങ്ങളിലും ആശ്രയിക്കുന്ന സമൂഹങ്ങൾ തകരുമ്പോൾ ദൈവമായ കർത്താവിൽ പൂർണ്ണമായി ആശ്രയിക്കുന്ന നമുക്ക് ക്രൈസ്തവസാക്ഷ്യം നിലനിർത്തി മുന്നേറുവാൻ കഴിയണം.

## റോമിൽ പരി. യാക്കോബായ സുറിയാനി സഭയുടെ പ്രാർത്ഥനാ ഗ്രൂപ്പ്

പരി. യാക്കോബായ സുറിയാനി സഭയുടെ ചരിത്രത്തിൽ ആദ്യമായി ഇറ്റലിയുടെ തലസ്ഥാനമായ റോമിൽ സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ജാക്കോബൈറ്റ് സിറിയൻ പ്രെയർ ഗ്രൂപ്പ് എന്ന നാമത്തിൽ യൂറോപ്യൻ ഭദ്രാസന മെത്രാപ്പോലീത്ത അഭി.കുര്യാക്കോസ് മോർ തെയോഫിലോസ് തിരുമേനിയുടെ പേരിൽ രൂപം കൊണ്ടു. പരി. പത്രോസ് ശ്ലീഹാ, പരി. പൗലോസ് ശ്ലീഹാ തുടങ്ങിയ അനേകം ശ്ലീഹാന്മാരുടേയും സഹദേന്മാരുടേയും പരിശുദ്ധന്മാരുടേയും കബറുകൾ സ്ഥിതി ചെയ്യുന്നതും കത്തോലിക്കസഭയുടെ ആസ്ഥാനമായ റോമിൽ പാർക്കുന്ന യാക്കോബായ വിശ്വാസികൾക്ക് ഒന്നിച്ചുകൂടി പ്രാർത്ഥിക്കുവാനും തങ്ങളുടെ വിശ്വാസ പാരമ്പര്യങ്ങളിലുള്ള ആരാധനകൾ നടത്തുവാനും ലക്ഷ്യമിട്ടാണ് സെന്റ് പീറ്റഴ്സ് ആന്റ് സെന്റ് പോൾസ് പ്രയർ ഗ്രൂപ്പ് റോമിൽ രൂപം കൊണ്ടിരിക്കുന്നത്. മെയ് ഒന്നാം തിയതി പ്രയർ ഗ്രൂപ്പ് അംഗങ്ങളും സ്വിറ്റ്സർലണ്ട് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ നിന്നും എത്തിയ തീർത്ഥാടകരും ചേർന്ന് പരി. ശ്ലീഹാന്മാരുടെ കബറുകളിൽ പ്രാർത്ഥിച്ചതിനുശേഷം ചേർന്ന യോഗം യാക്കോബായ സുറിയാനി സഭയുടെ യൂറോപ്യൻ ഭദ്രാസനത്തിന്റെ പബ്ലിക്ക് റിലേഷൻ ഓഫീസർ ശ്രീ. തോമസ് കക്കാട്ട് ഉദ്ഘാടനം ചെയ്തു. റവ. ഡീക്കൺ, അജി ജോർജ്ജ് സ്വാഗതവും, റവ. ഡീക്കൺ പ്രിൻസ് മണ്ണത്തൂർ നന്ദിയും അർപ്പിച്ചു. പ്രയർ ഗ്രൂപ്പിൽ ചേർന്നു പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക. റവ. ഡീക്കൺ പ്രിൻസ് മണ്ണത്തൂർ 00393297428219 princepaulose@yahoo.com

## നിര്യാതനായി

### കുര്യൻ കുര്യൻ ഫിലദൽഫിയ



എറണാകുളം രാമമംഗലം പുത്തേടത്ത് പരേതരായ ഉലഹന്നാൻ കുര്യൻ അന്നമ്മ ദമ്പതികളുടെ പുത്രനും ഫിലാഡൽഫിയ സെന്റ് പോൾസ് സിറിയൻ ഓർത്തഡോക്സ് പള്ളി ഇടവകാംഗവുമായ കുര്യൻ കുര്യൻ (കുഞ്ഞൂഞ്ഞ് 46) നിര്യാതനായി. ചാത്തമറ്റം കുഴിക്കാട്ടേൽ കുടുംബാഗമായ ഷേർളിയാണ് ഭാര്യ. അഖില, ആൻമേരി എന്നിവരാണ് മക്കൾ. മെയ് 24 ശനിയാഴ്ച അഭി. യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ സംസ്കാരം നടത്തി. സൗത്ത് ന്യൂ ജേഴ്സിയിലുള്ള ഒരു കമ്പനിയിൽ സീനിയർ സൂപ്പർവൈസറായി ജോലി നോക്കി വരികയായിരുന്നു. കുര്യൻ സെന്റ് പോൾസ് സിറിയൻ ഓർത്തഡോക്സ് ദേവാലയ സ്ഥാപകാംഗവും സജീവ സഭാ പ്രവർത്തകനുമായിരുന്നു.

## സ്റ്റാറ്റെൻ ഐലൻഡ് പള്ളി പെരുന്നാൾ



സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോൺസ് പള്ളിയുടെ കാവൽ പിതാവായ വി. യൂഹാനോൻ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ മെയ് 9,10 തിയതികളിൽ ഭക്തിയാദരപൂർവ്വം ആഘോഷിച്ചു. മെയ് 9–ാം തിയതി കൊടിയേറ്റിനും സന്ധ്യാപ്രർത്ഥനയ്ക്കു ശേഷം ശ്രീ. ബിജു കുര്യൻ കളമ്പുകാട്ട് ധ്യാനപ്രസംഗം നടത്തി. 10–ാം തിയതി നടന്ന വി. മൂന്നിൻമേൽ കുർബാനയ്ക്ക് അഭി. മാത്യൂസ് മാർ ഈവാനിയോസ് തിരുമേനി മുഖ്യ കാർമ്മികത്വം വഹിച്ചു. ഇടവക മെത്രാപ്പോലീത്ത അഭി.യൽദോ മോർ തീത്തോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യം പെരുന്നാളിന് മിഴിവേകി. വികാരി ഫാ. ഗീവറുഗീസ് ജേക്കബ് ചാലിശ്ശേരി, അസി. വികാരി ഫാ. ഫീസ്റ്റിനോ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. വന്ദ്യ. ഈപ്പൻ എഴുമാലിൽ കോർ എപ്പിസ്കോപ്പാ, ഫാ. ഗീവറുഗീസ് ചട്ടത്തിൽ, ഫാ.വർക്കി മുണ്ടാക്കൽ, ഫാ. വറുഗീസ് മാണിക്കാട്ട്, ഫാ. രാജൻ പീറ്റർ എന്നീ വൈദീക ശ്രേഷ്ഠരും നിരവധി വിശ്വാസികളും പെരുന്നാളിൽ സംബന്ധിച്ചു. വി. കുർബാനയ്ക്കു ശേഷം റാസാ, സ്നേഹ വിരുന്ന് എന്നിവയോടെ പെരുന്നാൾ സമംഗളം പര്യവസാനിച്ചു.

## ബെർഗൻ ഫീൽഡിൽ ദേവാലയം ആരംഭിച്ചു.



പ്രാർത്ഥനാ നിർഭരിതമായ അന്തരീക്ഷത്തിൽ ബെർഗൻ ഫീൽഡ് സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിന്റെ ആരംഭം കുറിച്ചു. മെയ് 17–ാം തിയതി ശനിയാഴ്ച രാവിലെ ടീനക്ക് സെന്റ് മാർക്ക്സ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രൽ അഭി. യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്താ വി.കുർബാന അർപ്പിച്ചു. അഭി.അപ്രേം കരീം മോർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ നടന്ന വി. കുർബാനയിൽ വികാരി ഫാ. ഡോ. എ. പി. ജോർജ്, വന്ദ്യ. ജോൺ മെനോ കോർ എപ്പിസ്കോപ്പാ, വന്ദ്യ. ഈപ്പൻ ഏഴുമാലിൽ കോർ എപ്പിസ്കോപ്പാ, ഫാ. മത്തായി പുതുക്കുന്നത്ത്, ഫാ. വർക്കി മുണ്ടാക്കൽ, ഫാ. വറുഗീസ് മരുന്നിനാൽ, ഫാ. വറുഗീസ് മരുന്നിനാൽ, ഫാ. ഗീവറുഗീസ് ജേക്കബ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു. വി. കുർബാനാനന്തരം നടന്ന പൊതുസമ്മേളനത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ യെൽദോ മോർ തീത്തോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു.അഭി. അപ്രേം കരീം മോർ കൂറിലോസ് ഭദ്രാസന സെക്രട്ടറി ഫാ. മത്തയി പുതുക്കുന്നത്ത്, ഭദ്രാസന ജോയിന്റ് ട്രഷറാർ ശ്രീ. ജോബി. ജോർജ്ജ്, തുടങ്ങിയവർ പ്രസംഗിച്ചു.വികാരി ഫാ. ഡോ. എ.പി. ജോർജ് സ്വാഗതവും സെക്രട്ടറി വിവേക് അലക്സ് നന്ദിയും പറഞ്ഞു.

### അറിയിപ്പ്

സാങ്കേതിക കാരണങ്ങളാൽ മെയ് 16–31 (ഇന്റർനെറ്റ്) ലക്കം വിശ്വാസസംരക്ഷകൻ പ്രസിദ്ധീകരിക്കുവാൻ സാധിക്കാതെ പോയതിൽ ഖേദിക്കുന്നു. ബഹുമാന്യരായ വായനകാർക്ക് ഉണ്ടായ ബുദ്ധിമുട്ട് സദയം ക്ഷമിക്കുമല്ലോ. ജൂൺ മാസം മുതൽ ഇന്റർനെറ്റ് പതിപ്പ് 1–15 & 16–30 എന്നീ ലക്കങ്ങൾ കൃത്യമായി പ്രസിദ്ധീകരിക്കുന്നതാണ്. പ്രീയപ്പെട്ട വായനക്കാരുടെ വിലയേറിയ ഉപദേശങ്ങളും നിർദേശങ്ങളും തുടർന്നും പ്രതീക്ഷിക്കുന്നു.

ചീഫ് എഡിറ്റർ

## വി. കുർബാന, കർത്താവിന്റെ ദാനം (2–ാം പേജിൽ നിന്നും തുടർച്ച)

ഹൂസോയോ കുമ്പസാരത്തിന് പകരമായുള്ള ഒരു ശുശ്രൂഷയല്ല എന്ന് മനസ്സിലാക്കുകയും വേണം. തെറ്റ് ഒന്നും തന്നെ ചെയ്യുന്നില്ല എന്നു വിശ്വസിക്കുന്ന ഒരു വ്യക്തി, ഒരു മണിക്കൂർ നേരം തന്റെ മനസ്സിൽ വരുന്ന ദുർചിന്തകളേയും ദുർവിചാരങ്ങളേയും ഒരു കടലാസിൽ കുറിച്ചിട്ടാൽ, താൻ ചെയ്യാൻ ഒരുങ്ങന്നതും ചെയ്തതുമായ തെറ്റുകളുടെ ആഴം മനസിലാക്കുവാൻ കഴിയും. കുർബ്ബാന അനുഭവിക്കുന്നവർ കുർബ്ബാനാനുഭവത്തിന് മുമ്പും പിമ്പും നിർദ്ധിഷ്ട പ്രാർത്ഥനകൾ ചൊല്ലിയിരിക്കണം. മേൽപ്പറഞ്ഞ നിബന്ധനകൾ നോക്കിയാൽ സഭ, വി. കുർബാനാനുഭവത്തിന് നൽകിയിരിക്കുന്ന പ്രാധാന്യം മനസ്സിലാക്കുവാൻ കഴിയും.

വി. കുർബ്ബാനയിൽ വാങ്ങിപ്പോയിരിക്കുന്ന പിതാക്കളേയും സഹോദരങ്ങളേയും പ്രത്യേകം ഓർക്കുന്ന പതിവ് നമുക്കുണ്ട്. കുർബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പു തന്നെ പട്ടക്കാരൻ ഈ പേരുകൾ തന്റെ രഹസ്യ ശുശ്രൂഷകളിൽ ഓർക്കുന്നു. ആയതിനാൽ പുരോഹിതൻ കുർബ്ബാനയുടെ ഒരുക്ക ശുശ്രൂഷക്കായി മദ്ബഹായിൽ പ്രവേശിക്കുന്നതിനു മുമ്പു തന്നെ ഈ പേരുകൾ അദ്ദേഹത്തിനു കൊടുത്തിരിക്കണം. അതു പോലെ തന്നെ കുർബ്ബാന അനുഭവിക്കുന്നവർ കുർബ്ബാനയുടെ തുടക്കം മുതലെങ്കിലും അതിൽ സംബന്ധിക്കുകയും വേണം. മദ്ബഹായിൽ പ്രവേശിച്ച പുരോഹിതൻ ശുശ്രൂഷയുടെ ആദ്യഭാഗമായി അംശവസ്ത്രങ്ങൾ ധരിക്കുകയും വി. രഹസ്യങ്ങൾ ഒരുക്കി വയ്ക്കുകയുമാണ് ചെയ്യുന്നത്.

സുറിയാനി സഭയുടെ ആരാധനകളിലും ശുശ്രൂഷകളിലും ധാരാളം പ്രതിരൂപങ്ങളും പ്രതിനിധാനങ്ങളും, പ്രതിനിധാന ക്രിയകളും ചേർത്തിരിക്കുന്നു. വാക്കുകൾ കൊണ്ടു മാത്രം പറഞ്ഞറിയിക്കുവാൻ പ്രയാസമുള്ള വസ്തുതയെ ഇത്തരം പ്രതിനിധാനങ്ങളാൽ വ്യക്തമാക്കുന്നു.

## ഇടുക്കി ഭദ്രാസനത്തിലെ കുട്ടികൾക്ക് പഠന സാമാഗ്രികൾ അന്ത്യോഖ്യ വിശ്വാസസംരക്ഷണ സമിതി വിതരണം ചെയ്തു.



ഇടുക്കി ഭദ്രാസനത്തിലെ കുട്ടികൾക്ക് പഠനോപകരണ വിതരണ ചടങ്ങ് അഭി. മാത്യൂസ് മോർ അപ്രേം മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്യുന്നു. വന്ദ്യ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ, വന്ദ്യ. വറുഗീസ് ജോൺ കോർ എപ്പിസ്കോപ്പാ പഞ്ഞിക്കാട്ടിൽ, കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലിത്ത, അഡ്വ. ജോർജ്ജുകുട്ടി ഏബ്രഹാം, ഏലിയാസ് മോർ അത്തനാസിയോസ് മെത്രാപ്പോലിത്ത, ഫാ. ജേക്കബ് പഞ്ഞിക്കാട്ടിൽ, ബെന്നി എം. തോമസ്, ഷെവ. കെ. ഒ. ഏലിയാസ്, ഷെവ. ജോൺ പുന്നമറ്റം, ഷെവ. ഷിബു തെക്കുപുറം, ഷെവ. മോൻസി വാവച്ചൻ തുടങ്ങിയവർ സമീപം

അന്ത്യോഖ്യ വിശ്വാസസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ പുതുതായി രൂപികരിച്ച ഇടുക്കി ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നും തിരഞ്ഞെടുത്ത 200 കുട്ടികൾക്ക് പഠന സാമാഗ്രികൾ വിതരണം ചെയ്തു. (കിറ്റക്സ് ബാഗ്, പെൻസിൽ ബോക്സ്, മറ്റ് സ്കൂൾ ആവശ്യ സാമാഗ്രികൾ ഇവയാണ് വിതരണം ചെയ്തത്.) ഭദ്രാസന ആസ്ഥാനമായ കട്ടപ്പന സെന്റ് ജോർജ് പള്ളിയൽ നടന്ന ചടങ്ങ് അഭി. മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. യോഗത്തിൽ അഭി. കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാക്ഷണം നടത്തി. ഭദ്രാസന ആസ്ഥാനത്ത് നടന്ന യോഗത്തിൽ സമിതി പ്രസിഡന്റ് അഭി. ഏലിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ വികാരി റവ.വറുഗീസ് ജോൺ കോർ എപ്പിസ്ക്കോപ്പാ പഞ്ഞിക്കാട്ടിൽ, ഭദ്രാസന സെക്രട്ടറി ഫാ. ജോൺ വറുഗീസ് പഞ്ഞിക്കാട്ടിൽ, റവ. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ, ഫാ. ജേക്കബ് പഞ്ഞിക്കാട്ടിൽ, ഷെവ. ജോൺ പുന്നമറ്റം, ഷെവ. മോൻസി വാവച്ചൻ, അഡ്വ. ജോർജ്ജ്കുട്ടി എബ്രഹാം, ഷെവ. ടി.ടി. ജോയി, ഷെവ. കെ.ഒ. ഏലിയാസ്, ഡോ. കെ. സി. രാജൻ, ബെന്നി. എം. തോമസ്സ്, ഷെവ. ഷിബു തെക്കുംപുറം, എം.വി. പൗലോസ്, ഫാ. ജോസ്. മൂത്താരിൽ, അജി. തേപ്പാല എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## മലങ്കര ആർച്ച് ഡയോസിസ് കൺവൻഷൻ

**ജോബി ജോർജ്**


ന്യൂയോർക്ക്: മലങ്കര ആർച്ച് ഡയോസിസ് ഓഫ് സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ 23–ാമത് ഫാമിലി കോൺഫറൻസും കൺവൻഷനും ജൂലൈ 10 മുതൽ 13 വരെ പിറ്റസ്ബർഗിലെ ജോൺസ്ടൗൺ യൂണിവേഴ്സിറ്റിയിൽ നടക്കും. യൂറോപ്പ് ഭദ്രാസനാധിപനും സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി റസിഡന്റ് ബിഷപ്പുമായ ഡോ. കുര്യാക്കോസ് മോർ തിയോഫിലോസാണ് ചടങ്ങിൽ മുഖ്യ പ്രഭാക്ഷണം നടത്തുന്നത്. മലബാർ ഭദ്രാസനധിപൻ ഡോ. യൂഹാനോൻ മോർ പീലക്സിനോസ് മെത്രാപ്പോലീത്താ, വൈദിക സെമിനാരി പ്രിൻസിപ്പിൾ ഫാ. ഡോ. ആദായി ജേക്കബ്, സിറിയൻ ഓർത്തഡോക്സ് സഭയുടെ ഈസ്റ്റേൺ റീജിയൺ ആർച്ച് ബിഷപ്പ് സിറിൾ അപ്രേം കരീം മെത്രാപ്പോലീത്താ, ഭദ്രാസന ആർച്ച് ബിഷപ്പ് യൽദോ മാർ തീത്തോസ് എന്നിവർ കൺവൻഷനിൽ പങ്കെടുക്കും.

സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ, സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ (സങ്കീ. 100–2)– എന്നാതാണ് ഈ വർഷത്തെ ചിന്താവിഷയം. ഭദ്രാസനത്തിലെ വിവിധ ആത്മീയ സംഘടനകളായ സെന്റ് മേരീസ് വിമൻസ് ലീഗ്, സെന്റ് പോൾസ് പ്രയർഫെലോഷിപ്പ്, എം.ജി.എസ്.ഒ.എസ്.എ.ക്ലെർജി കോൺഫറൻസ് എന്നിവയുടെ പ്രത്യേക സമ്മേളനങ്ങളും നടക്കും. സൺഡേസ്കൂൾ കുട്ടികൾക്ക് വി.ബി.എസ് നടത്തുന്നതാണ്. ഭദ്രാസന ഗായകസംഘം പ്രത്യേക സംഗീത പരിപാടി അവതരിപ്പിക്കും.

മെയ് 25 ന് മുൻപ് കുറഞ്ഞ നിരക്കിൽ റജിസ്റ്റർ ചെയ്യാവുന്നതാണ്. ഭദ്രാസനത്തിലന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നമലങ്കരദീപം എന്ന സുവനിയർ, എഡിറ്റർ ബാബു ജേക്കബിന്റെ നേതൃത്വത്തിൽ പ്രകാശനം ചെയ്യും.

ആർച്ച് ബിഷപ്പ് യൽദോ മാർ തീത്തോസിന്റെ നേതൃത്വത്തിൽ ഭദ്രാസന സെക്രട്ടറി റവ. ഫാ. മത്തായി പുതുക്കുന്നത്ത്, ട്രഷറർ കെ. സി. വർഗീസ്, ജോ. സെക്രരട്ടറി റവ. ഡോ. പോൾ പറമ്പത്ത്, ജോ. ട്രഷറർ ജോബി ജോർജ് എന്നിവരാണ് കൺവൻഷന്റെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്നത്. ഘോഷയാത്ര, വിവിധ ഇടവകകളുടെ കലാപരിപാടികൾ. യുവജന സമ്മേളനങ്ങൾ തുടങ്ങി നിരവധി പരിപാടികൾ കൺവൻഷന്റെ ഭാഗമായി നടക്കും. കൂടുതൽ വിവരങ്ങൾക്ക്: റവ. ഫാ. മത്തായി പുതുക്കുന്നത്ത്, ഫോൺ– 770 277 6195, കെ. സി. വർഗീസ്– 845 362 1995

## പൗരസ്ത്യ സുവിശേഷ സമാജത്തിന് പുതിയ ഭാരവാഹികൾ



പ്രസിഡന്റ് ഗീവർഗീസ് മോർ പോളികർപ്പസ് മെത്രാപ്പോലിത്താ,



സെക്രട്ടറി ഫാ. പൗലോസ് പാറേക്കര

മെയ് 22 ന് പെരുമ്പാവൂർ ഇരുങ്ങോളിലുള്ള പൗരസ്ത്യ സുവിശേഷ സമാജം ആസ്ഥാനത്ത് ചേർന്ന വാർഷിക പൊതുയോഗം പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ഗീവർഗീസ് മോർ പോളികർപ്പസ് മെത്രാപ്പോലിത്താ, വൈസ് പ്രസിഡന്റ് മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്താ, ജനറൽ സെക്രട്ടറി ഫാ. പൗലോസ് പാറേക്കര, ട്രഷറാർ കെ. പി. വർഗീസ് കുട്ടിശേരി കുടിയിൽ, ട്രാവലിംഗ് സെക്രട്ടറി ഫാ. തോമസ് മാളിയേക്കൽ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ഫാ. എ. ജെ. ജേക്കബ് കോറെപ്പിസ്കോപ്പ നരസിംഹരാജപുരം, ഫാ. വി. വി. അന്ത്രയോസ്, ഫാ. എം. വി. ജോസ്, ഫാ. വർഗീസ് പടിഞ്ഞാറേക്കര, ഫാ. ജേക്കബ് തോമസ്, ഫാ. എം. ടി. കുര്യായച്ചൻ, ഫാ. വർഗീസ് കുറ്റിപുഴ, റവ. മാത്യു മാർത്ത, ഷെവ. പി. പി. പൗലോസ്, എം. സി. വർക്കി, കെ. കെ. പൗലോസ്, കെ. പി. സൈമൺ, എൽദോ കെ. ചെറിയാൻ, അഡ്വ. ബിജി ഏലിയാസ്, വിനു പി. ടി., കെ. സി. പൗലോസ്, സജു എൻ. പി., തമ്പി എബ്രഹാം, എ. സി. പൗലോസ്

## സഭയോട് ചേർന്ന് നിന്നാണ് സുവിശേഷം പഠിക്കേണ്ടത്: ശ്രേഷ്ഠ കാതോലിക്കാ ബാവാ



മർത്തമറിയം തുരുത്തിപ്ലി സെന്റ് മേരീസ് യാക്കോബായ വലിയ പള്ളിയിൽ നടന്ന മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം ശ്രേഷ്ഠ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു. സെക്രട്ടറി മേരിക്കുട്ടി കൈതേടം, പ്രസിഡന്റ് കുര്യാക്കോസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ, വൈസ് പ്രസിഡന്റ് പീറ്റർ വേലംപറമ്പിൽ കോറെപ്പിസ്കോപ്പ, ഷെവ. ടി. പി. ജോയി, മൂലയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ എന്നിവർ സമീപം

പെരുമ്പാവൂർ: എപ്പിസ്കോപ്പൽ പിന്തുടർച്ചയുള്ള സഭയാണ് യഥാർഥ സഭയെന്നും മറ്റുള്ളവയെല്ലാം വ്യക്തിഗത സംഘടനകളോ, സമൂഹങ്ങളോ ആണെന്നും ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ പറഞ്ഞു.

സഭയോടു ചേർന്നു നിന്നാണ് സുവിശേഷം പഠിക്കേണ്ടത്. കണ്ണുനീരും പ്രാർത്ഥനയും എവിടെയുണ്ടോ, അവിടെ സുവിശേഷത്തിന്റെ വെളിപാടും ഉണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തുരുത്തിപ്ലി സെന്റ് മേരീസ് യാക്കോബായ വലിയ പള്ളിയിൽ അഖില മലങ്കര മർത്തമറിയം വനിതാ സമാജം 76–ാംമത് വാർഷിക ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവാ.

സമാജം പ്രസിഡന്റ് കുര്യാക്കോസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് വന്ദ്യ. പീറ്റർ വേലംപറമ്പിൽ കോർ എപ്പിസ്കോപ്പ, വന്ദ്യ. കുര്യാക്കോസ് മൂലയിൽ കോർ എപ്പിസ്കോപ്പ, ഫാ. മാത്യൂസ് അരീക്കൽ, ഫാ. ബഹനാൻ പതിയാരത്തുപറമ്പിൽ, എം. പി. ജോർജ്, ടി. ടി. ജോയി, മേരിക്കുട്ടി കൈതകം എന്നിവർ പ്രസംഗിച്ചു. മിസ്സിസ് ശലോമി പൗലോസ് നന്ദി അർപ്പിച്ചു.

2008 മെയ് 23, 24 തീയതികളിൽ നടത്തപ്പെട്ട ക്യാമ്പിൽ ക്രിസ്തുവിൽ ഒന്നായി ചേരുക (എഫെസ്യർ 1:10) എന്ന വിഷയം വന്ദ്യ കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ മൂലയിൽ അവതരിപ്പിച്ചു. കൂദാശ ക്രമങ്ങളിലെ ഗാന പരിശീലനത്തിന് ഫാ. പി. പി. എൽദോസ് നേതൃത്വം നൽകി. ഫാ. വി. പി. വർഗീസ് വാലയിൽ ധ്യാനപ്രസംഗം നയിച്ചു. കൗൺസിലിംഗ് ക്ലാസിന് റവ. ഡോ. ജോസ് പന്തലൂക്കാരൻ നേതൃത്വം നൽകി. സ്ത്രീകൾക്കുളള രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സിസ്റ്റർ ഡോ. രാജിസ് എം. ഡി., ഡി. ജി. ഒ., പ്രായോഗിക ജീവിതത്തിൽ ആയുർവ്വേദത്തിന്റെ പ്രാധാന്യം ഗവ. ആയുർവ്വേദ ഡോ. ലൗലി മാത്യൂസ് ക്ലാസിനു നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ ഡോ. ഏബ്രഹാം മാർ സേവോറിയോസ് മെത്രാപ്പോലിത്താ അധ്യക്ഷത വഹിച്ചു. മർക്കോസ് മോർ ക്രിസോസ്റ്റമോസ് മെത്രാപ്പോലിത്താ അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. മാത്യൂസ് അരീക്കൽ, ഷെവ. ശ്രീ ജോയി, ശ്രീ. പി. വി. തോമസ് യൂത്ത് അസോസിയേഷൻ സെക്രട്ടറി എന്നിവർ ആശംസകൾ അർപ്പിച്ചു. വൈസ് പ്രസിഡന്റ് കെ. കെ. മേരിക്കുട്ടി സ്വാഗതവും, ജനറൽ സെക്രട്ടറി മേരിക്കുട്ടി മാത്യു കൈതകം നന്ദിയും അർപ്പിച്ചു.

വിശുദ്ധ കുമ്പസാരം, കലാമത്സരങ്ങൾ, ബൈബിൾ ക്വിസ്, ക്യാമ്പ് ഫയർ എന്നിവയും നടത്തപ്പെട്ടു. ക്യാമ്പ് ഡയറക്ടേഴ്സ് ആയി റവ. ഫാ. ബഹനാൻ പതിയാരത്തുപറമ്പിൽ, റവ. ഫാ. മാത്യൂസ് അരീക്കൽ, മിസ്സിസ് മേരിക്കുട്ടി പീറ്റർ എന്നിവർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

## ക്നാനായ അതിഭദ്രാസനം പുതിയ മെത്രാന്മാരുടെ സ്ഥാനാരോഹണം ജൂൺ 11 ന്

ക്നാനായ അതിഭദ്രാസനത്തിലെ സഹായ മെത്രാപ്പോലിത്തന്മാരായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കോലത്ത് കുറിയാക്കോസ് റമ്പാനും, ജോബ് തോട്ടത്തിൽ റമ്പാനും പ. പാത്രിയർക്കീസ് ബാവ തിരുമനസുകൊണ്ട് ജൂൺ 11 ന് ഡമാസ്ക്കസിലെ പാത്രിയർക്കാ അരമനയിൽ വച്ച് മെത്രാപ്പോലിത്താ സ്ഥാനം നല്കും. ആർച്ചു ബിഷപ്പ് കുറിയാക്കോസ് മോർ സേവോറിയോസ്, കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് എന്നിവർ സഹകാർമ്മികരായിരിക്കും. നേരത്തെ പാത്രിയർക്കാ അരമനയിൽ വച്ച് ഫാ. ജോബ് തോട്ടത്തലിന് ആർച്ചു ബിഷപ്പ് കുറിയാക്കോസ് മോർ സേവോറിയോസ്, കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് എന്നീ മെത്രാപ്പോലിത്തന്മാർ ചേർന്ന് റമ്പാൻ സ്ഥാനം നല്കിയിരുന്നു. ഫാ. കുറിയാക്കോസ് കോലത്തിന് റാന്നി വലിയ പളളിയിൽ വച്ച് ആർച്ചു ബിഷപ്പ് കുറിയാക്കോസ് മോർ സേവോറിയോസ്, കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് നിരണം ഭദ്രാസനത്തിന്റെ ഗീവറുഗീസ് മോർ കൂറിലോസ് എന്നീ മെത്രാപ്പോലിത്തന്മാർ ചേർന്ന് റമ്പാൻ സ്ഥാനം നല്കിയിരുന്നു.

## മർക്കോസ് മോർ കൂറിലോസ് മെത്രാപ്പോലിത്തായുടെ ഓർമ്മ ആചരിച്ചു

പാമ്പാടി : മാർക്കോസ് മാർ കൂറിലോസിന്റെ സ്മരണ നിലനിർത്തുന്നതിന് യാക്കോബായ സഭയുടെ സഹകരണത്തിൽ പങ്ങടയിൽ ആശുപത്രി സ്ഥാപിക്കും. മർക്കോസ് മാർ കൂറിലോസിന്റെ മൂന്നാം ശ്രാദ്ധപ്പെരുന്നാളിനോട് അനുബന്ധിച്ച് അദ്ദേഹം കബറടങ്ങിയിരിക്കുന്ന പങ്ങട വിശുദ്ധ മർത്തമറിയം യാക്കോബായ പളളിയിൽ നടന്ന അനുസ്മരണ പ്രഭാഷണത്തിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസാണ് മെത്രാപ്പോലിത്തായാണ് ഇതു സംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്. ആദ്യ ഫണ്ട് ചടങ്ങിൽ സ്വീകരിച്ചു.

ശ്രാദ്ധപ്പെരുനാളിനോടനുബന്ധിച്ച് നടന്ന തീർഥയാത്രയിലും നേർച്ച സദ്യയിലും നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് എൻഡോവ്മെന്റുകൾ വിതരണം ചെയ്തു.

# മലങ്കരയുടെ മഹാപരിശുദ്ധനായ മോർ കൂറിലോസ് തിരുമേനി

ഡോ. കുറിയാക്കോസ് കോർഎപ്പിസ്കോപ്പ, മൂലയിൽ (ഡയറക്ടർ, മോർ ആദായി സ്റ്റഡി സെന്റർ)

മലങ്കര സഭയുടെ ഇരുപതാം നൂറ്റാണ്ടിലേക്കുള്ള പ്രവേശനത്തിനുള്ള മാർഗ്ഗ ദർശിയും മലങ്കര സഭയുടെ വലിയൊരു പ്രതിസന്ധിഘട്ടത്തിൽ പ്രാർത്ഥനാപൂർവ്വം അമരക്കാരനായി നിന്ന് സാരഥ്യം വഹിച്ച മലങ്കര മെത്രാപ്പോലിത്തായും സഭാശില്പിയും വിശുദ്ധജീവിതത്തിനുടമയും ആയിരുന്ന മുളന്തുരുത്തി കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലിത്താ മെത്രാൻ പദവിയിലേക്ക് പ്രവേശിച്ചിട്ട് 2008 മെയ് 31 ന് നൂറു വർഷം പിന്നിടുകയാണ്. മെത്രാഭിഷേകം പ്രാപിച്ചിട്ട് മലങ്കരയിൽ എഴുന്നെള്ളി വന്നപ്പോൾ സഭാ ആസ്ഥാനമായ കോട്ടയത്തേക്ക് ആഘോഷ സമന്വിതനായി ആനയിക്കപ്പെട്ട കോട്ടയം പാണമ്പടി സെന്റ് മേരീസ് പളളിയിൽ തന്നെ ദേഹവിയോഗം പ്രാപിച്ച് അവിടെത്തന്നെ അടക്കപ്പെട്ടു എന്നത് ആ മഹാത്മാവിന്റെ ജീവിതത്തിലെ ഒരു ആകസ്മികതയും പ്രസ്തുത ഇടവകയുടെ ഒരു മഹാഭാഗ്യവുമാണ്. അദ്ദേഹത്തിന്റെ പിൻഗാമിയായി കോട്ടയം ഇടവകയ്ക്ക് വേണ്ടി വാഴിക്കപ്പെട്ട പുണ്യശ്ലോകനായ മീഖായേൽ മോർ ദിവന്നാസ്യോസ് തിരുമേനിയും ഈ ഇടവകയിൽ തന്നെയാണ് കബറടങ്ങിയിരിക്കുന്നത്. ഈ പുണ്യപിതാക്കന്മാരെ ആദരിക്കുന്നതിൽ ഈ ഇടവക കാണിക്കുന്ന പ്രത്യേക കരുതൽ പ്രത്യേകം സ്മരണീയമാണ്.

വലിയ പൗലോസ് റമ്പാൻ എന്ന് അറിയപ്പെട്ടിരുന്ന പുണ്യവാനും പണ്ഡിതനും താഴ്മയുടെ നിറകുടവുമായിരുന്ന ഈ താപസശ്രേഷ്ഠൻ മലങ്കര സഭയിൽ ഉടനീളം പ്രകീർത്തിതനും സമാദരണീയനുമായിരുന്നു. 1895–ൽ പ. പരുമല മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത ഊർശ്ലേം യാത്രയ്ക്ക് പോകുമ്പോൾ സഹയാത്രികരിൽ ഒരാളായി തെരഞ്ഞെടുത്തത് ഈ പുണ്യവാനായ പിതാവിനെയായിരുന്നു എന്ന് ആ പരിശുദ്ധൻ തന്നെ എഴുതിയ യാത്രാ വിവരണ ഗ്രന്ഥമായ 'ഊർശ്ലേം യാത്ര' യിൽ പറയുന്നുണ്ട്.

മലങ്കര സഭയുടെ ഏറ്റവും പ്രയാസകരമായ ഒരു കാലഘട്ടമായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന പാദങ്ങൾ. സഭയുടെ വിശ്വാസാടിത്തറയെ ചോദ്യം ചെയ്ത മിഷനറിമാരുടെ സ്വാധീനത്തിൽ ഉണ്ടായ 'നവീകരണ' വിവാദങ്ങളും കേസുകളും ബ്രിട്ടീഷ് ഭരണാധികാരത്തിന്റെ സംരക്ഷണയിലുള്ള വിധി തീർപ്പുകളും സഭാകേന്ദ്രമായ പഴയസെമിനാരി വരെ കൈവശം നഷ്ടപ്പെട്ട ഭയാനകമായ അവസ്ഥയും നേരിട്ട് പുലിക്കോട്ടിൽ ജോസഫ് മോർ ദിവന്നാസ്യോസ് വലിയ തിരുമേനി സഭയെ നയിച്ചപ്പോൾ താങ്ങും തണലും ആയി കൂടെ നിന്ന ശക്തന്മാരായ ചില വ്യക്തികളിൽ ഒരാളായിരുന്നു കൊച്ചുപറമ്പിൽ പൗലോസ് റമ്പാൻ. കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ, വട്ടശേരിൽ ഗീവർഗീസ് മല്പാൻ, കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാൻ തുടങ്ങിയവർ രണ്ടാം നിരയിൽ നിന്നു സഭയെ നയിച്ചവരായിരുന്നു. പരിശുദ്ധനായ പരുമല തിരുമേനി അതിശക്തമായ വിശുദ്ധസാന്നിധ്യമായി നിലനിന്നപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യനിരകളിൽ നിന്നും പ്രശോഭിച്ചവരായിരുന്നു ഇവരെല്ലാം. അമരക്കാരായ സഹമെത്രാന്മാരെല്ലാം കാലയവനികയ്ക്കുള്ളിൽ മറഞ്ഞപ്പോൾ മെത്രാപ്പോലിത്താമാരായി സഭ ഏകകണ്ഠം തെരഞ്ഞെടുത്ത രണ്ട് പേരാണ് കൊച്ചുപറമ്പിൽ പൗലോസ് റമ്പാനും വട്ടശേരിൽ ഗീവർഗീസ് മല്പാനും. രണ്ട് വ്യത്യസ്ത സരണികളിൽ വ്യക്തി മുദ്രപതിപ്പിച്ച ഈ വ്യക്തികൾ രണ്ടും ഒന്നും ചേർന്ന് നിന്ന് മലങ്കരസഭയെ വിജയസോപാനങ്ങളിൽ എത്തിക്കും എന്ന് മലങ്കര സഭ വിശ്വസിച്ചിരുന്നു. താപസ സിദ്ധനും ദൈവാലയ നിർമ്മിതിയിൽ വിദഗ്ധനും ജനസമ്പർക്കത്തിൽ അദ്വിതീയനും വിശ്രമരഹിതമായി സഭാശ്രേയസിനായി അദ്ധ്വാനിക്കുന്നവനുമായിരുന്നു പൗലോസ് മോർ കൂറിലോസ് ആയിത്തീർന്ന പൗലോസ് റമ്പാൻ. വന്ദ്യവയോധികനും, വാഗ്മിയും, ഭരണനിപുണനും കർക്കശക്കാരനുമായിരുന്നു ഗീവർഗീസ് മോർ ദീവന്നാസിയോസ് എന്ന വട്ടശേരിൽ ഗീവർഗീസ് മല്പാൻ. സഭാസേവന സരണിയിൽ ഇവർ വഴിപിരിയാതിരുന്നുവെങ്കിൽ മലങ്കര സഭയുടെ ചരിത്രം തന്നെ തുലോം വ്യത്യസ്തമാകുമായിരുന്നു. ദൗർഭാഗ്യവശാൽ മലങ്കര സഭയിൽ ഇന്നും തീരാത്ത കക്ഷി വഴക്കിൽ ഇരു വിഭാഗങ്ങൾക്കു നേതൃത്വം നൽകിയവരായിത്തീരുവാനായിരുന്നു ഈ സഹോദര മെത്രാന്മാരുടെ ദുർവിധി.

റമ്പാനായിരുന്നപ്പോഴും മെത്രാനായി കഴിഞ്ഞപ്പോഴും സഭയുടെ ഉന്നമനത്തിനുവേണ്ടിയും പുതിയ പളളികൾ നിർമ്മിക്കുന്നതിനു വേണ്ടിയും അത്യുത്സാഹം ചെയ്ത ഒരാളായിരുന്നു പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലിത്താ. സഭാസ്ഥാപനമായിരുന്ന പഴയസെമിനാരി 1890–ൽ ജോസഫ് മോർ ദിവന്നാസ്യോസ് വലിയ തിരുമേനി വീണ്ടെടുത്തു കഴിഞ്ഞതു മുതൽ സെമിനാരിയും സെമിനാരിപ്പറമ്പും ഫലഭൂയിഷ്ടമാക്കുവാൻ പൗലോസ് റമ്പാൻ വഹിച്ച പങ്ക് നിസ്തുലമായിരുന്നു. സെമിനാരി കെട്ടിടത്തിന്റെ പുനർ നിർമ്മാണത്തിനും സെമിനാരി പറമ്പിൽ തെങ്ങുകൃഷി വ്യാപകമാക്കുന്നതിനും കായ ക്ലേശം സഹിച്ചാണ് അദ്ദേഹം പ്രവർത്തിച്ചിട്ടുളളത്. തെങ്ങുംതൈയ്കൾക്ക് സ്വയം വെള്ളം കോരിയാണ് അദ്ദേഹം വളർത്തിയെടുത്തതെന്ന് പലർക്കും അറിവുള്ളതാണ്. അതുപോലെ പള്ളികൾ പണിയിക്കുന്നതിനും ധനശേഖരണത്തിനും നിർമ്മാണ മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമായ ശില്പവൈദഗ്ധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. തിരുവനന്തപുരത്ത് സഭയ്ക്ക് ഒരു ദൈവാലയം പണിയുന്നതിന് ആരംഭം കുറിച്ചിട്ടും പണി പാതിവഴിയിൽ മുടങ്ങി കിടന്നപ്പോൾ പൗലോസ് റമ്പാൻ ഇക്കാര്യത്തിൽ ഉത്സാഹം കാണിച്ചതുവഴിയാണ് പണി പൂർത്തികരിച്ചതെന്ന് 1900 മലങ്കര ഇടവക പത്രിക ലക്കം 11–ൽ ഇങ്ങനെ കാണുന്നു.

"നമ്മുടെ സമുദായത്തിനു കൂടെക്കൂടെ ഉണ്ടാകാറുള്ള പണത്തിന്റെ ബുദ്ധിമുട്ടു നിമിത്തം ഏകദേശം പത്തുകൊല്ലത്തോളം ഇതര മതക്കാരുടെ പരിഹാസത്തിനു പാത്രിഭവിച്ചശേഷം സുറിയാനി സഭയുടെ മാഹാത്മ്യത്തിനും രാജധാനിയുടെ സ്ഥിതിക്കും തക്കവണ്ണം സുറിയാനിക്കാരുടെ വിശേഷ പള്ളികളിൽ പ്രഥമസ്ഥാനത്ത് വഹിക്കാത്ത ഒന്നായി കാണാൻ ഇടവന്നതിൽ വളരെ കൃതാർത്ഥതയുണ്ട്. വന്ദ്യ. പൗലോസ് റമ്പാൻ . . . . ഇവിടെ എത്തി സാമാന്യത്തിലധികം കഷ്ടപ്പെടുകയും ചെയ്യുക നിമിത്തമാണ് ഇപ്പോഴെങ്കിലും ഈ സ്ഥിതിയിലായത്. ഇത് നിമിത്തം ഇദ്ദേഹത്തെപ്പറ്റിയുള്ള ഓർമ്മ തിരുവനന്തപുരത്തുനിന്നും മാഞ്ഞുപോകുവാനിടയില്ല . . . വലിയ പൗലോസ് റമ്പാൻ അവർകളുടെ അതിരറ്റ പരിശ്രമം ഉണ്ടായിരുന്നില്ലാ എങ്കിൽ പള്ളി ഇപ്പോഴും അരപ്പണിയായിത്തന്നെ കിടന്നേനേ."

തിരുവനന്തപുരത്തെ പള്ളിയുടെ നിർമ്മാണത്തിന് മാന്ദ്യം ശ്രദ്ധയിൽ പെട്ടപ്പോൾ അവിടെ പോയി താമസിച്ച് നേതൃത്വം നൽകുവാനുള്ള സഭാസ്നേഹവും പരിമിതികളില്ലാത്ത തുറന്ന മനസ്ഥിതിയും വെളിവാക്കുന്നതാണിത്. ആലപ്പുഴയിൽ സുറിയാനി സഭയ്ക്ക് ഒരു പള്ളി പണിയിക്കുന്നതിന് കോട്ടയം അക്കര കുടുംബക്കാർ ഒരു വസ്തു സഭയ്ക്കായി നൽകി എങ്കിലും അവിടെ പള്ളിപണിയുവാൻ അനുവാദം കിട്ടാതെ വന്നപ്പോൾ അവർ സ്ഥലത്തിനു പകരം പണം നൽകിയതായും അവിടെ വീണ്ടും സ്ഥലം വാങ്ങുവാൻ പണം തികയാതെ വന്നപ്പോൾ മോർ കൂറിലോസ് മെത്രാപ്പോലിത്താ എന്നെ ധാരാളം ഉത്സാഹിപ്പിച്ചതുകൊണ്ട് 475 രൂപ കൊടുത്ത് ഒരു വസ്തു വാങ്ങി. അവിടെയും അനുവാദം കിട്ടാതെ വന്നപ്പോൾ . . . . 475 രൂപായ്ക്ക് വാങ്ങിയ സ്ഥലം വിറ്റ് ഉണ്ടാകുന്ന പണത്തോടുകൂടി വേണ്ടുന്ന ബാക്കി പണം അന്വേഷിക്കാമെന്ന് "മോർ കൂറിലോസ് മെത്രാപ്പോലിത്താ എന്റെ പേർക്ക് കല്പന അയച്ചു" എന്ന് നി. പീലിപ്പോസ് 1910 ലക്കം 3 'മലങ്കര ഇടവക' പത്രികയിൽ എഴുതിയിട്ടുണ്ട്. പിന്നീട് ഈ വസ്തു വില്പന സംബന്ധിച്ച് നടന്ന ആലോചനകളും ലഭിച്ച പണവും കൂട്ടു ട്രസ്റ്റികൾ അറിയാതെ വിനിയോഗിച്ചത് സഭയിൽ വിവാദവും ആയിട്ടുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സഭയ്ക്ക് പൊതു ദൈവാലയങ്ങൾ ഉണ്ടാകുവാനും ആയതിനുവേണ്ടി അക്ഷീണ യത്നം നടത്തുവാനും മോർ കൂറിലോസ് സമർപ്പിതനായിരുന്നു. സന്ദർശനം നടത്തുന്ന പള്ളികളിൽ ആവശ്യമായ നേതൃത്വവും വിഭവസമാഹരണവും നിർമ്മാണ മേൽനോട്ടവും അദ്ദേഹം നേരിട്ടു നൽകുമായിരുന്നു. ദൈവാലയങ്ങളിൽ തന്നെ താമസിച്ച് മാസങ്ങളോളം ഇടവകകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനും അദ്ദേഹത്തിനു സാധിക്കുമായിരുന്നു.

1908 മെയ് മാസം 31–ാം തീയതി പ. ഇഗ്നാത്തിയോസ് അബ്ദുള്ള ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ യറുശലേമിലെ മോർ മർക്കോസിന്റെ മാളികയിൽ നടന്ന മെത്രാഭിഷേകത്തെ സംബന്ധിച്ച് 1908 ലക്കം 6–ൽ വളരെ വിശദമായ വാർത്ത നൽകിയിട്ടുണ്ട്. പരിശുദ്ധ പാത്രിയർക്കീസ് ബാവ ഊർശ്ലേമിൽ എത്തിയ ഉടൻ . . . മെയ് 31–ാം തീയതി സ്ഥാനാഭിഷേക ശുശ്രൂഷ നടത്താൻ തീർച്ചയാക്കി പള്ളിയിൽ വിളിച്ചു പറഞ്ഞ് സ്ഥലത്തുള്ള ഇതര സഭാധ്യക്ഷന്മാർക്ക് അറിവു കൊടുത്തു. സ്ഥാനാഭിഷേകത്തിന് അർമ്മീനിയ ഈഗുപ്തനായ പാത്രിയർക്കീസന്മാരും യൗനായ പാത്രിയർക്കാ പ്രതിനിധിയും സന്നിഹിതരായിരുന്നു. പ. പാത്രിയർക്കീസ് ബാവായോടുകൂടി ഊർശ്ലേമിലെ മോർ ഏലിയാസ് ഈവാനിയോസ് മോർ സ്ലീബാ ഒസ്താത്തിയോസ് എന്നിവരും ഹാജരു

(ശേഷം പേജ് 7)



മെത്രാഭിക്ഷേകത്തെ തുടർന്ന് നവാഭിഷ്ക്തരായ കൊച്ചുപറമ്പിൽ തിരുമേനി, വട്ടശേരി തിരുമേനി എന്നിവർക്ക് ഇറാക്കിലെ മൂസലിൽ ലഭിച്ച സ്വീകരണം

## പുതിയ മെത്രാന്മാരുടെ ആഗമനം

വന്ദ്യ ശ്രീ. മോർ ഒസ്താത്തിയോസ്, മോർ കൂറിലോസ്, മോർ ഗീവർഗീസ് ദിവന്നാസിയോസ് ഈ മെത്രാപ്പോലിത്തന്മാർ പോയ മാസാവസാനത്തിൽ ബോംബെയിൽ എത്തിയ വിവരം മുമ്പിൽ പ്രസ്താവിച്ചിരുന്നുവല്ലോ. ഈ തിരുമേനികൾ ഈ മാസം 4 ന് വെള്ളിയാഴ്ച കോട്ടയത്ത് എത്തുകയും അപ്പോൾ ഇവരെ ആഘോഷപൂർവ്വം എതിരേല്ക്കുകയും ചെയ്യണമെന്നു നിശ്ചയിച്ചിരുന്നതനുസരിച്ച് കോട്ടയം മെത്രാസന ഇടവകയിൽ ഉൾപ്പെട്ട എല്ലാ പളളികൾക്കും കല്പന അയക്കുകയും വേണ്ട ഒരുക്കങ്ങൾ ചെയ്യുകയും ചെയ്തിരുന്നു. തിരുമേനികൾ ആലുവായിൽ എത്തി അവിടെ രണ്ട് മൂന്ന് ദിവസം താമസിച്ചതിനകത്തു വടക്കുള്ള പള്ളിക്കാർക്കു കൂടി ഒരു മംഗളപത്രം സമർപ്പിച്ചു എങ്കിലും കോട്ടയത്ത് എത്തി വലിയ തിരുമേനിയെ മുഖം കാണിച്ചതിനുമേൽ അല്ലാതെ ഒരു മംഗളപത്രവും സ്വീകരിച്ചു മറുപടി കൊടുക്കുകയില്ലെന്നു മുമ്പെ തന്നെ നിശ്ചയം ചെയ്തിരുന്നതിനാൽ മംഗളപത്രം മാത്രം സ്വീകരിച്ചു. വ്യാഴാഴ്ച സന്ധ്യയ്ക്ക് കോട്ടയത്തു നിന്നും ഹാജരാക്കിയിരുന്ന ബോട്ടിൽ എറണാകുളത്തു നിന്നു പുറപ്പെട്ടു വെള്ളിയാഴ്ച രാവിലെ കുമരകത്തിനു പടിഞ്ഞാറു കായലിൽ എത്തിയപ്പോൾ കുമരകത്തുകാരുടെ ചുണ്ടൻ മുതലായ വള്ളങ്ങൾ ചെന്നു എതിരേറ്റു മുമ്പിൽ കൂട്ടി തയ്യാറാക്കിയിരുന്ന കുമരകം സ്കൂളിൽ കൊണ്ടുവന്നു. അവിടെവച്ചു കാപ്പി കുടി കഴിഞ്ഞ ശേഷം ആ പള്ളിക്കാർ ഒരു മംഗളപത്രം സമർപ്പിച്ചു എങ്കിലും മേല്പറഞ്ഞ കാരണത്താൽ അവർക്കും മറുപടി കൊടുക്കാതെ സ്വീകരിക്ക മാത്രം ചെയ്തു. അനേകം ബോട്ടുകൾ വള്ളങ്ങൾ മുതലായവയുടെ അകമ്പടിയോടുകൂടി പത്തു മണിക്ക് കുമരകത്ത് പള്ളിയിൽ പ്രവേശിച്ചു പ്രാർത്ഥന കഴിച്ചും കൊണ്ടു തിരുവാർപ്പു വഴിയായി പുറപ്പെട്ടു കുമരകം, നീലംപേരൂർ, കുറിച്ചി, വെളിയനാടു, വാകത്താനം, നട്ടാശേരി ഈ പള്ളിക്കാരുടേയും തിരുവാർപ്പുകാരുടേയും മറ്റുമായി ഒൻപത് ചുണ്ടൻ വള്ളങ്ങളോടും കോട്ടയം, ചെങ്ങളം, പാണമ്പടി, കല്ലുങ്കത്ര മുതലായ ഇടവകകളോടു ചേർന്ന ഓരോ കരക്കാരും കമ്പോളക്കാരും ഹാജരാക്കിയതും ചുണ്ടൻ വള്ളങ്ങൾക്കു സമമുള്ളവയുമായ ഓടിവള്ളങ്ങൾ, ഇരുട്ടികുത്തികൾ, വെപ്പുവള്ളങ്ങൾ, ബോട്ടുകൾ മുതലായി അസംഖ്യം ജലവാഹനങ്ങളോടും കൂടി പാണമ്പടിക്കൽ നിന്നും കോട്ടയം സെമിനാരി കടവ് വരെ ആറുവഴിയാൽ ഉണ്ടായ എതിരേല്പ് പൊടിപൂരമായിരുന്നു എന്നല്ലാതെ പറവാൻ പ്രയാസം. എഴുന്നെള്ളത്തു ഏകദേശം 1 മണിക്ക് സിമ്മനാരിക്കടവിൽ എത്തി. തിരുമേനികൾ പന്തലിൽ ഇറങ്ങിയപ്പോൾ അവിടെ എഴുന്നെള്ളിയിരുന്ന വലിയ തിരുമേനിയും മോർ ഈവാനിയോസ് മെത്രാപ്പോലിത്താ തിരുമനസുകൊണ്ടും ഇവരെ ആലിംഗനം ചെയ്കയും മൂന്ന് തിരുമേനികളുടെയും കഴുത്തിൽ കുരിശ് ധരിപ്പിക്കുകയും ചെയ്തു. ഇവിടെ നിന്നു രണ്ടു പൊൻകുരിശുകളും, അനേകം വെള്ളിക്കുരിശുകളും, കുട, കൊടി മുതലായ സാമാനങ്ങളും പിടിച്ചുകൊണ്ട് വൈദികന്മാരുടെ പാട്ടോടുകൂടി തിരുമേനികളെല്ലാം സിമ്മിനാരി പളളിയിലേക്ക് നീങ്ങി പളളിയിൽ ശുശ്രൂഷ കഴിച്ചശേഷം നാടകശാലയിൽ വച്ച് സുറിയാനി വിദ്യാർത്ഥികളുടെ ഒരു മംഗളപത്രം സമർപ്പിക്കുകയും അതിനു അപ്പോൾ തന്നെ മറുപടി കല്പിക്കുകയും ചെയ്തശേഷം മുകളിലേക്ക് എഴുന്നെള്ളി എല്ലാവരെയും അനുഗ്രഹിച്ചു യാത്ര പറഞ്ഞു. മേശ കഴിഞ്ഞ ശേഷം സിമ്മനാരിയിലെ കിഴക്കെ കെട്ടിൽ വച്ച് വലിയ തിരുമേനിയുടെ അഗ്രാസനാധിപത്യത്തിൻകീഴു കോട്ടയം സി. എം. എസ്. കോളജ് സുറിയാനി വിദ്യാർത്ഥികളുടെ ഒരു മംഗളപത്രം മൂന്നു തിരുമേനികൾക്കും സമർപ്പിക്കുകയും അതിനു മറുപടി കല്പിക്കുകയും ചെയ്തു. ഈ സമയത്ത് പ്രാസംഗികന്മാരിൽ ഒരാൾ കോളജ് പ്രിൻസിപ്പാൾ മിസ്റ്റർ ആസ്കിത്ത് സായ്പവർകളായിരുന്നു.

പിന്നീട് നാല് മണിയോടുകൂടെ മോർ ദിവന്നാസ്യോസു സെമിനാരിയിലേക്കുള്ള ഘോഷയാത്രയായി. അനേകം മുത്തുക്കുടകൾ, പൊൻ വെള്ളിക്കുരിശുകൾ, കൊടികൾ, തലേക്കെട്ടു കെട്ടിയ ആനകൾ മുതലായ സന്നാഹങ്ങളോടു കൂടിയുണ്ടായ ഈ ഘോഷയാത്രയും ഒട്ടും ചില്ലറയായിട്ടുള്ളതല്ലായിരുന്നു. ഈ എഴുന്നെള്ളത്തു സെമിനാരിയിൽ എത്തി മോർ ഏലിയാ ചാപ്പലിൽ പ്രവേശിച്ചയുടൻ ഒരു ദൈവശുശ്രൂഷ കഴിച്ചു എല്ലാവരും സെമിനാരി ഹാളിൽ കൂടി. ഈ പ്രാവശ്യവും അഗ്രാസനം വഹിച്ചതു വലിയ തിരുമേനി തന്നെയായിരുന്നു. മലങ്കര സുറിയാനി മഹാജനസഭയുടെ ഒരു മംഗളപത്രം ഈ സന്ദർഭത്തിൽ വായിച്ചു സമർപ്പിക്കുകയും മോർ ദിവന്നാസ്യോസ് കൊച്ചുമെത്രാപ്പോലിത്താ അവർകൾ അതിനു മറുപടി പറയുകയും ചെയ്തു. ഈ യോഗത്തിൽ മിസ്റ്റർ പാൽമർ സായ്പവർകളും പെഷ്കാർ സുബ്രഹ്മണ്യയ്യർ അവർകളും പെൻഷ്യൻ ഇഞ്ചനീയർ മിസ്റ്റർ കുരുവിള അവർകളും സന്ദർഭോചിതങ്ങളായ പ്രസംഗങ്ങൾ പറയുകയുണ്ടായി. യോഗാവസാനം

# മനുഷ്യജീവിതത്തിൽ മരുഭൂമികളുണ്ടാകുന്നത്......

(ഫാ. ഏലിയാസ് ഐപ്പ്, വികാരി സെന്റ് ജോർജ് യാക്കോബായ പള്ളി, വികാസ്പുരി, ന്യൂഡൽഹി)



ഭൂമിശാസ്ത്ര പഠനത്തിൽ അനേകം പരീക്ഷണ നിരീക്ഷണങ്ങൾക്കു വിധേയമായിട്ടുള്ള ഒന്നാണ് മരുഭൂമികൾ. മരുഭൂമികൾ ഉണ്ടാകുന്നതിനെക്കുറിച്ചും അവ രൂപപ്പെടുന്ന പ്രക്രിയ (Process) കളെ കുറിച്ചും തത്ഫലമായുണ്ടാകുന്ന ഭൗമാന്തരീക്ഷത്തെക്കുറിച്ചും ആഴമായ പഠനങ്ങൾ തന്നെയുണ്ടായിട്ടുണ്ട്. എന്നാൽ നമ്മിൽ പലരും മരുഭൂമികളെക്കുറിച്ച് പഠിച്ചതും മനസിലാക്കിയതും പലപ്പോഴും പുസ്തകത്താളുകളിലൂടെയായിരിക്കും. കരയും, കടലും, മണ്ണും, ഭൂവിഭാഗങ്ങളും, പീഠഭൂമികളും, കാറ്റും, മഴയും, മണ്ണൊലിപ്പും, ഉരുൾപ്പൊട്ടലും, പ്രകൃതിക്ഷോഭങ്ങളും എന്നുവേണ്ട സകല ഭൗമിക പ്രതിഭാസങ്ങളെക്കുറിച്ചും ശാസ്ത്രീയമായ അറിവ് നാം നേടിയിട്ടുണ്ടായിരിക്കാം. എന്നിട്ടും അനുഭവതലങ്ങളിൽ ഏറ്റക്കുറച്ചിലുകൾ സ്വഭാവികമാണ്. വിജ്ഞാനത്തിനും പരിമിതികളുണ്ട്.

ഊഷരതയുടെയും നിർജ്ജീവതയുടെയും മണൽക്കാറ്റുകളുടെയും ആവാസകേന്ദ്രമായ മരുഭൂമിയിൽ ഉപജീവനാർത്ഥം ഉരുകിത്തീരുന്ന മനുഷ്യരെകുറിച്ച് നമുക്കറിയാം. പിറന്നുവീണ മണ്ണും പിച്ചവച്ചുവളർന്ന വീട്ടുമുറ്റവും മാതാപിതാക്കളേയും ബന്ധുമിത്രാദികളെയും വിട്ട് ജീവസന്ധാരണത്തിനായി മണലാരണ്യങ്ങളിൽ കഷ്ടപ്പെടുന്നവർ ഏറെയാണ്. കുടുംബത്തോടും കുടുംബാംഗങ്ങളോടുമുള്ള കടപ്പാടും സ്നേഹവും ഉത്തരവാദിത്തബോധവുമാണ് ഇക്കൂട്ടരുടെ ജീവിതത്തിൽ മരുഭൂമികളുണ്ടാക്കുന്നത്. മറ്റു ചിലരുടെ ജീവിതങ്ങളിൽ മരുഭൂമിയുടെ ഊഷരതയും നിർജ്ജീവതയുടെ ഉഷ്ണക്കാറ്റും തീർത്ത മുറിപ്പാടുകൾ ഒരിക്കലും ഉണങ്ങാത്തവയാണ്.

മൂന്നുനാലു മാസങ്ങൾക്കു മുമ്പ് ട്രയിൻ യാത്രയ്ക്കിടെ പരിചയപ്പെട്ട ഒരു യുവാവിന്റെ മുഖം ഈ ലേഖകന്റെ മനസിൽ ഇന്നും വിങ്ങുന്ന ഒരോർമ്മയായി നിലനിൽക്കുന്നുണ്ട്. പത്താം ക്ലാസ് പാസായിതിനുശേഷം തുടർന്നു പഠിക്കാൻ ഏറെ ആഗ്രഹമുണ്ടായിരുന്നെങ്കിലും സാധിക്കാതെ പട്ടാളത്തിൽ ചേരുവാനായി നാടുവിട്ട അവന്റെ മനസുനിറയെ ദാരിദ്ര്യം വിരൂപമാക്കിയ കുടുംബസാഹചര്യങ്ങളും, ആരോഗ്യം ഗൗനിക്കാതെ കരിങ്കൽക്വാറിയിൽ പണിചെയ്യുന്ന മാതാപിതാക്കളും, പഠനത്തിനു സാമ്പത്തികപ്രതിബന്ധങ്ങളുള്ള കുഞ്ഞനുജത്തിമാരും, വാർദ്ധക്യം നരച്ചു വെളുപ്പിച്ച വലിയമ്മയും അവരുടെ പരിരക്ഷയെകുറിച്ചുള്ള ആശങ്കകളുമായിരുന്നു. കൗമാരപ്രായക്കാരനായ അവന്റെ ചിന്തകളിൽ ക്രിക്കറ്റിന്റെ ആവേശമോ, ഇക്കിളിപ്പെടുത്തുന്ന ലൈംഗിക വികാരങ്ങളുടെ വേലിയേറ്റമോ, വഴിവിട്ട ചങ്ങാത്തത്തിന്റെ ദുശ്ശീലങ്ങളോ ഇനിയും ശക്തിപ്പെട്ടിട്ടില്ലാത്ത ചില മായാകാഴ്ചകൾ മാത്രമാണ്. താൻ പരിചയപ്പെടുന്ന എല്ലാവരോടും പ്രാർത്ഥന ആവശ്യപ്പെടുന്ന അവന്റെ സമീപനത്തിൽ എനിക്ക് അത്ഭുതം തോന്നി. ആവശ്യക്രമമനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തുവാൻ പരിശീലിച്ച നല്ലൊരഭ്യാസിയെപ്പോലെ ഞാൻ അവനെ മനസിലാക്കി. പഠനകാര്യങ്ങളിലുള്ള സാമർത്ഥ്യം ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും വ്യാപരിപ്പിക്കുവാനുള്ള അവന്റെ ക്രിയാൽമകമായ നിലപാടിൽ ഞാൻ ഏറെ സന്തോഷിച്ചു. നിരാശയും, അലസതയും, പരിഭവങ്ങളും അഗ്നികുണ്ടങ്ങൾ തീർക്കേണ്ടിടത്ത്, അസ്വസ്ഥമാകുന്ന മനസിന്റെ മേൽ ശാന്തതയുടെ പനിമഞ്ഞു തളിക്കുവാൻ പഠിച്ചവൻ നമ്മുടെ യൗവനക്കാർക്ക് മാതൃകയാകേണ്ടതാണ്.

വി. വേദപുസ്തകം പരിശോധിക്കുമ്പോൾ ജീവിതത്തിൽ മരുഭൂമിയുടെ കഠിനാനുഭവങ്ങളിലൂടെ കടന്നുപോയ ഒട്ടേറെപേർ നമുക്ക് സുപരിചതരാണ്. ഊസ്ദേശത്തു ജീവിച്ചിരുന്ന നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമായ ഇയ്യോബ് സാത്താന്റെ ഇടപെടൽ മൂലം ജീവിതത്തിൽ അനുഭവിച്ച യാതനകളുടെ പെരുമഴക്കാലത്തെ കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നത് നാം വായിച്ചു മനസിലാക്കുമ്പോൾ ദൈവത്തിനെതിരായും ഇയ്യോബിനനുകൂലമായും അനേകം ചോദ്യങ്ങളുണ്ടാവുക സ്വഭാവികമാണ്. സ്വന്തം ജീവിതപങ്കാളിപോലും ഉപേക്ഷിച്ചു പറയുമ്പോൾ അധരങ്ങൾ കൊണ്ടുപോലും പാപം ചെയ്വാൻ ഇയ്യോബ് തയ്യാറാവുന്നില്ല. സർവ്വവും തന്നു സന്തോഷിപ്പിച്ച ദൈവം സകലതും തച്ചുടച്ചു നശിപ്പിച്ചപ്പോൾ പിന്നെ എന്തിനീ ദൈവഭക്തി? “ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക” എന്നാക്രോശിക്കുന്ന ഭാര്യയെ നോക്കി സൗമ്യമായി സംസാരിക്കുന്ന ഇയ്യോബിന്റെ ദൈവഭക്തി പക്ഷേ ഒരിക്കൽ ദൈവത്തെ ത്യജിച്ചു പറയാനും പിന്നെയങ്ങു മരിച്ചുകളയാനും വേണ്ടിയുള്ളതായിരുന്നില്ല. മരണവേദനയുടെ മണലാരണ്യങ്ങളുടെ നടുവിൽ ദൈവമെന്ന വടവൃക്ഷത്തിന്റെ തണലിലിരുന്ന് ഇയ്യോബ് വായ് തുറന്നു. “ഒരു പൊട്ടി സംസാരിക്കുന്നതു പോലെ നീ സംസാരിക്കുന്നു. നാം ദൈവത്തിന്റെ കയ്യിൽ നിന്നു നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ? ”(ഇയ്യോ: 2:10)

ചങ്കു പിളർക്കുന്ന ദീനരോദനങ്ങൾക്കൊടുവിൽ ഇയ്യോബ് പറയുന്നതു ശ്രദ്ധിക്കുക “അയ്യോ എന്റെ വ്യസനം ഒന്നു തൂക്കിനോക്കിയെങ്കിൽ!... എന്റെ വിപത്തു സ്വരൂപിച്ച് തുലാസിൽ വെച്ചെങ്കിൽ!... അതു കടപ്പുറത്തെ മണലിനേക്കാൾ ഭാരമേറിയത്” (ഇയ്യോ: 6:1–3). എന്നിട്ടും ദൈവത്തിൽ പ്രത്യാശ വെച്ചവൻ ദൈവദാസനാകാതെ നിവൃത്തിയില്ലല്ലോ. സമൃദ്ധി വരുമ്പോൾ ദൈവകൃപയായും തകർച്ച നേരിടുമ്പോൾ ദൈവശാപവുമായി സാഹചര്യങ്ങളെ വ്യാഖ്യാനിക്കുന്ന എത്രയോ പേർ നമുക്ക് ചുറ്റുമുണ്ട്. ഇയ്യോബ് വ്യത്യസ്ത വ്യക്തിത്വമാകുന്നത് ഇവിടെയാണ്.

ഒരു മനുഷ്യായുസ് മുഴുവൻ കുടുംബത്തിനും കുടുംബാംഗങ്ങൾക്കും സ്നേഹബന്ധങ്ങൾക്കും വേണ്ടി പെടാപാടുപ്പെട്ടിട്ടും അവസാനം തഴയപ്പെട്ട, വെറുക്കപ്പെട്ട, വെറുമയാക്കപ്പെട്ട ജീവിതങ്ങൾ ഒട്ടേറെയുണ്ട്. ഒരാശ്വാസവാക്കിനും ഒരിറ്റു സ്നേഹത്തിനും വേണ്ടി കാത്തിരുന്നിട്ട് ഓർമ്മയിൽ എവിടെയോ ജീവിച്ചു മരിച്ച ഒരു മനുഷ്യനായിട്ട് മാത്രം വിലമതിക്കപ്പെട്ട ഔദാര്യം .... സ്വന്തം കിടപ്പാടം പണയപ്പെടുത്തിപോലും കൂടപ്പിറപ്പിനു നന്മയുണ്ടാകാൻ യത്നിച്ചിട്ടും ദുഷ്പേരും അപവാദവും നന്ദിയില്ലായ്മയും മാത്രം ബാക്കി പത്രങ്ങളായത്..... ജീവിതപങ്കാളിക്കും മക്കൾക്കും വേണ്ടി സ്വന്തം മുണ്ടു മുറുക്കിയുടുത്തിട്ടും സുഖസൗകര്യങ്ങൾ മാറ്റിവച്ചിട്ടും ആർക്കും ആരുമല്ലാതായിത്തീർന്നത്.... ഓർക്കുക - മനുഷ്യജീവിതത്തിൽ ഇനിയും മരുഭൂമികളുണ്ടാവുകയാണ്. ഒന്നല്ല ഒരായിരം അല്ലെങ്കിൽ കാക്കത്തൊള്ളായിരം!!!......

ഇതെല്ലാം കരഞ്ഞുതീർക്കണമായിരിക്കും അല്ലേ? കുറെയങ്ങു ശപിച്ചു തള്ളാം അല്ലേ? ഒറ്റയ്ക്കിരുന്ന് കുറെയേറെ ദേഷ്യപ്പെട്ടിട്ട് സ്വയം പഴി പറയാം അല്ലേ? അല്ല സുഹൃത്തേ അല്ലേ അല്ല!.... ചുട്ടുപൊള്ളുന്ന മരുഭൂമികളിൽ പോലും ആശ്വാസത്തിന്റെ ദിനരാത്രങ്ങൾ ഉണ്ട്. സമാധാനത്തിന്റെ തണൽ വൃക്ഷങ്ങളുണ്ട്. ഉദയസൂര്യനും അസ്തമന സൂര്യനും സഞ്ചരിക്കുന്ന സ്ഥിരപാതകളുണ്ട്. അപ്രതീക്ഷിതമായി കടന്നു വരുന്ന ഇളം കാറ്റുമുണ്ട്. ഇല്ലെങ്കിൽ നാം എല്ലാം എന്നേ ശ്വാസം മുട്ടി മരിക്കുമായിരുന്നു!!!....

മാറ്റം ഇല്ലാത്തതും എന്നാൽ മാറ്റം വരുത്തുന്നതുമായ ദൈവവചനം സംസാരിക്കുന്നു. “നിന്റെ ഭാരം യഹോവയുടെമേൽ വച്ചുകൊള്ളുക; അവൻ നിന്നെ പുലർത്തും” (സങ്കീ: 55:22)

“നീ കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കുകയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും” (സങ്കീ: 50:15)

“പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്.” (ആവ. 33:27)

## മലങ്കരയുടെ മഹാപരിശുദ്ധനായ മോർ കൂറിലോസ് തിരുമേനി

(6–ാം പേജിൽ നിന്നും തുടർച്ച)

ണ്ടായിരുന്നു. . . . രാവിലെ നാലുമണിക്ക് എല്ലാവരും പള്ളിയൽ ഇറങ്ങി സ്ഥാനമേൽക്കുവാനുള്ള രണ്ട് റമ്പാന്മാരേയും (കൊച്ചുപറമ്പിൽ പൗലോസ് റമ്പാനും, വട്ടശേരിൽ ഗീവർഗീസ് റമ്പാനും) മേല്പട്ടകാരുടേയും റമ്പാന്മാരുടേയും കശീശന്മാരുടേയും അകമ്പടിയോടുകൂടി ഘോഷയാത്രയായി പ്രവേശിപ്പിച്ചു. ശൽമൂസ (സത്യവാചകങ്ങൾ) സ്ഥാനാർത്ഥികൾ വായിച്ച ശേഷം പ്രതിഷ്ഠാ ശുശ്രൂഷ ആരംഭിച്ചു. . . . കൈവയ്പും പരിശുദ്ധാത്മാവിന്റെ ഇറക്കവും കഴിഞ്ഞ് പുതിയ മെത്രാന്മാരെ തങ്ങളുടെ സ്ഥാന ചിഹ്നങ്ങൾ ധരിപ്പിച്ചു. പ്രതിഷ്ഠയും ശുശ്രൂഷയും കഴിഞ്ഞ് ഇതര സഭകളിലെ പാത്രിയർക്കീസന്മാർ മെത്രാന്മാർ ഉൾപ്പെട്ട എല്ലാ വൈദികന്മാരുടെയും അകമ്പടിയോടുകൂടെ പുതിയ മെത്രാന്മാരെ പാത്രിയർക്കീസ് ബാവായുടെ മുറിയിലേക്ക് കൊണ്ടുപോയി.

പരിശുദ്ധ അബ്ദുള്ളാ പാത്രിയർക്കീസ് ബാവായൊപ്പം സഹകാർമ്മികരായിരുന്നു ഏലിയാസ് മോർ ഈവാനിയോസ് മെത്രാപ്പോലിത്താ പിന്നീട് അന്ത്യോഖ്യാ പാത്രിയർക്കീസ് ഏലിയാസ് തൃതീയൻ ബാവായും (മഞ്ഞനിക്കര കബറടങ്ങിയിരിക്കുന്നു) മലങ്കര സഭയിൽ ജീവിതം മുഴുവൻ ചെലവഴിച്ച സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായും (കുന്നംകുളം). ഇവർ രണ്ടുപേരും മലങ്കര സഭയ്ക്ക് വേണ്ടി സ്വജീവിതം തന്നെ സമർപ്പിച്ചവരായിരുന്നു. എന്നാൽ ദൗർഭാഗ്യകരമായ ഒരു സംഭവം പിന്നീട് സഭയിൽ ഉണ്ടായി. ഈ വാഴ്ചയെ സംബന്ധിച്ച് പിന്നീട് ഉണ്ടായ ഒരു സംവാദത്തിൽ വട്ടശേരി തിരുമേനി പറഞ്ഞത് “യറുശലേമിൽ നടന്ന വാഴ്ചയിൽ തന്നെ അഭിഷേകം ചെയ്തത് ആരാണെന്നു കണ്ടില്ല” എന്നായിരുന്നു. എത്ര ബുദ്ധി പൂർവ്വമായ കൗശലം. മലങ്കര സഭയുടെ ഔന്നത്യ പടവിലേക്കുള്ള പ്രവേശനമായി ആകമാന സഭ കണ്ട ഈ വ്ഴ്ചയെക്കുറിച്ച് മറ്റൊരു വാർത്ത കൂടി ശ്രദ്ധേയമാണ്. സുറിയാനി സഭയുമായി വിശ്വാസ ഐക്യമുള്ള ഈഗുപ്തായ (കോപ്റ്റിക്) സഭയുടെ പാത്രിയർക്കീസ് ഈ മെത്രാന്മാരെ ഇരുവരേയും ക്ഷണിച്ചുകൊണ്ടു പോയി. മുമ്പ് ഉദ്ധരിച്ചിരിക്കുന്ന ലക്കം ഇടവക പത്രികയിൽ ഇങ്ങനെ കാണാം.

“അലക്സന്ത്ര്യാ പാത്രിയർക്കീസ് ബാവാ തിരുമനസിലെ ആവശ്യപ്രകാരം ഒരു മെത്രാനും രണ്ട് പ്രധാനികളും വന്ന് ഇവരെ കെയ്റൊ, അലക്സന്ത്ര്യാ മുതലായ ഈഗുപ്തായക്കാരുടെ ആസ്ഥാനങ്ങളിലേയ്ക്ക് ക്ഷണിച്ച് അവരുടെ ചെലവിൽ കൊണ്ടുപോയി. അലക്സന്ത്ര്യാ പാത്രിയർക്കീസ് ഇവരെ യഥായോഗ്യം ബഹുമാനിച്ചു സൽക്കരിച്ചു. മിസ്രയിമിലെ പ്രാചീന സ്ഥലങ്ങളൊക്കെയും ഇവരെ കാണിച്ചു.”

അപ്രകാരം തന്നെ സുറിയാനി സഭയുടെ ശക്തി കേന്ദ്രങ്ങളും ഇവർ സന്ദർശിച്ചാണ് മടങ്ങിയത്. സുറിയാനി സഭയുടെ ഏകതയും അതുവഴി പൗരസ്ത്യ സഭകളുമായുള്ള സജീവ ഐക്യവും വ്യക്തമാക്കുന്നതായിരുന്നു ഈ വാഴ്ചാ ശുശ്രൂഷയും അനന്തര ക്രമീകരണങ്ങളും. ഇറാക്കിലെ മുസലിൽ ഈ മെത്രാന്മാർക്കു നൽകിയ ഒരു സ്വീകരണ ഫോട്ടോയും ഇതൊന്നിച്ച് പകർത്തിയിരിക്കുന്നു. ഇന്ത്യയിലെ സഭ സ്വതന്ത്രമാണെന്നും ആകമാന സഭ എന്നൊന്നില്ല എന്നും ഒക്കെ ഇപ്പോൾ അവകാശപ്പെടുന്നവർ ഈ രേഖകൾ ഒക്കെ ഒന്നു വായിച്ചു പഠിക്കുന്നത് നന്നായിരിക്കും.

പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലിത്താ തന്റെ വിളിയോടും നിയോഗത്തോടും ജീവിതാന്ത്യം വരെ വിശ്വസ്തത പുലർത്തി. തന്നെ വാഴിച്ച പാത്രിയർക്കീസിനോടും തന്നെ തിരഞ്ഞെടുത്ത സഭയോടും താൻ വളർന്നു വന്ന സഭാപാരമ്പര്യത്തോടും കൂറും വിധേയത്വവും പുലർത്തി നീതിയുടെ കിരീടത്തിന് അർഹനായി. മലങ്കര സഭാ വിശ്വാസ പ്രചാരണത്തിനും പരിപാലനത്തിനുമായി ആരംഭിച്ച ‘മലങ്കര ഇടവക പത്രിക’ യുടെ മാനേജർ എന്ന നിലയിൽ അദ്ദേഹം നിർവഹിച്ച നിസ്തുല സേവനം കാലാതീതമായ ദർശനമായിരുന്നു. മഹാനായ ഇ. എം. ഫിലിപ്പ് പത്രാധിപരും പൗലോസ് റമ്പാൻ മാനേജരുമായി പ്രവർത്തിച്ചിരുന്ന ഈ മാസിക അന്ന് മലങ്കരയിൽ എന്നല്ല, മലയാളത്തിൽ തന്നെ ഏറ്റവും പ്രചാരമുള്ള മാസിക ആയിരുന്നു. സഭയുടെ വളർച്ചയും വിശ്വാസ തനിമയും ജനങ്ങളിൽ എത്തിക്കുവാൻ ഈ മാസിക വഴിയായി നടത്തിയ പരിശ്രമങ്ങൾ വളരെ പ്രശംസനീയമായി സ്മരിക്കേണ്ടതാണ്. പരുമല തിരുമേനിയുടെ ശിഷ്യത്വത്തിൽ സഭാ സേവനത്തിലേക്ക് വന്ന ഈ താപസ ശ്രേഷ്ഠൻ തന്റെ ഗുരുനാഥന്റെ പാതയിൽ വിശ്വസ്തവും വിനയവും പ്രാർത്ഥനാ ജീവിതവും സമന്വയിപ്പിച്ച് സഭാ സേവനം നടത്തിയ മഹാ മാതൃകയായിരുന്നു. റമ്പാനായിരുന്നപ്പോഴും പിന്നീട് മലങ്കര മെത്രാപ്പോലിത്താ ആയിരുന്നപ്പോഴും ചുമതലകളിലെ വ്യത്യാസം അല്ലാതെ സ്വഭാവത്തിലോ ജീവിതശൈലിയിലോ മനോഭാവത്തിലോ യാതൊരു മാറ്റവും വരുത്താതെ സന്യാസത്വത്തിന്റെ ഉന്നതഭാവം നിലനിർത്തിയ മഹാനുഭാവനുമായിരുന്നു മോർ കൂറിലോസ്. കർമ്മം കൊണ്ടും ജീവിതസാക്ഷ്യം കൊണ്ടും വിശുദ്ധന്മാരുടെ ഗണത്തിൽ പരിഗണിക്കപ്പെടുവാൻ സർവഥാ അർഹനാണ് ഈ പുണ്യപിതാവെന്നതിൽ ആർക്കും സന്ദേഹം ഉണ്ടാകുവാൻ ഇടയില്ല.

സെമിനാരി വളപ്പിൽ ദീപകാഴ്ചയും വെടിക്കെട്ടും രാത്രിയിൽ മാർഗ്ഗംകളിയും ഉണ്ടായിരുന്നു. ആകപ്പാടെ ഈ സന്ദർഭത്തിൽ ബഹുജനങ്ങൾക്ക് എന്തുമാത്രം ആഹ്ലാദമുണ്ടായിരുന്നുവെന്ന് അന്നു കൂടിയ ജനബാഹുല്ല്യം കൊണ്ട് ഊഹിക്കാവുന്നതാണ്. ജൂബിലി ആഘോഷം കഴിഞ്ഞതിൽ പിന്നെ ഇത്ര വളരെ ജനക്കൂട്ടത്തെ ഒരുമിച്ച് കോട്ടയത്ത് ഈ സന്ദർഭത്തിലല്ലാതെ കണ്ടിട്ടില്ല. നവീകരണ സെമിനാരി ഒഴികെ സ്ഥലത്തെ എല്ലാ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും അച്ചുകൂട്ടങ്ങളും മറ്റും ഈ ആവശ്യത്തിലേക്കായി പൂട്ടപ്പെട്ടിരുന്നു എന്നു പറയുമ്പോൾ അന്യമതക്കാരും ഈ സന്ദർഭത്തിൽ തങ്ങളുടെ അനുമോദത്തെ യഥായോഗ്യം പ്രദർശിപ്പിച്ചു എന്നു ഊഹിക്കാമല്ലോ.

ഈ തിരുമേനികളുടെ മേൽ മലങ്കര ഇടവകയ്ക്കുള്ള സന്തോഷം ഈ വിധം പൊതുവായ ഒരെതിരേല്പിനാൽ പ്രത്യക്ഷപ്പെടുത്തണമെന്നല്ലാതെ അനാവശ്യ ചിലവുകൾ ചെയ്തു ഇതുപോലുള്ള എതിരേല്പു ഇനി ആവശ്യമില്ലെന്നും തിരുമേനികൾ നിർബന്ധിച്ചിട്ടും പള്ളിക്കാർ സമ്മതിക്കുന്നില്ലെന്നു കാണുന്നു. 11 ന് വെള്ളിയാഴ്ച മലങ്കര ഇടവകയിൽ ഒട്ടും അപ്രധാനമല്ലാത്ത നിരണത്തു പള്ളിയിലേക്ക് പുതിയ തിരുമേനികളെ എഴുന്നെള്ളിക്കാൻ നിരണത്തും പള്ളിയിലേക്കും അതിനു ചുറ്റുപാടുമുള്ള പള്ളിക്കാർ വട്ടം കൂട്ടി കഴിഞ്ഞുപോയതിനാൽ അതിനെ നിഷേധിപ്പാൻ പാടില്ലാതെയായി ഇവിടെ എതിരേല്പ് മുമ്പിലത്തേതിലും കേമമായിരുന്നു എന്നു പറയാം. ചുണ്ടൻ വള്ളങ്ങൾ തന്നെ ഇരുപത്തഞ്ചിൻമേൽ ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ എതിരേല്പിന്റെ വലിപ്പം ഏകദേശം ഊഹിക്കാമല്ലോ. മുട്ടാർ മുതൽ വീയപുരംവഴി പമ്പാനദി മുഴുവൻ ചുണ്ടൻ, ഓടി മുതലായ വള്ളങ്ങൾകൊണ്ട് തിങ്ങിയിരുന്നു. എഴുന്നെള്ളത്തു നിരണത്തു പള്ളിയിൽ പ്രവേശിച്ചു പ്രാർത്ഥന കഴിച്ച ഉടൻ വലിയ തിരുമേനിയുടെ അഗ്രാസനാധിപത്യത്തിൻകീഴു നടന്ന ഒരു യോഗത്തിൽ നിരണത്തു പള്ളിക്കാരുടേതായി ഒരു മംഗളപത്ര സമർപ്പണവും മൂന്നു തിരുമേനികൾക്കും ഓരോ സമ്മാനവും വിശേഷാൽ ഇദംപ്രദമമായി എം. എ. പരീക്ഷ ജയിച്ച വൈദികൻ ഗീവർഗീസ് ശെമ്മാശൻ അവർകൾക്ക് ഒരു സമ്മാനവും ഉണ്ടായതായി അറിയുന്നതിൽ സന്തോഷിക്കുന്നു.

ആകപ്പാടെ നമ്മുടെ പുതിയ തിരുമേനികളുടെ ആഗമനം മലങ്കര ഇടവക ഒട്ടുക്കു സർവസന്തോഷകരമായിരിക്കുന്നു. കോട്ടയത്തെയും നിരണത്തേയും ഈ രണ്ടെതിരേല്പിനും തലേദിവസംവരെ ഇടവിടാതെ വർഷിച്ചുകൊണ്ടിരുന്ന മഴ എഴുന്നെള്ളത്തിന്റെ ആവശ്യത്തിലേക്ക് മാറിത്തന്നതും ദൈവാനുകൂല്യത്തിന്റെ ചിഹ്നമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ തിരുമേനികൾ ചിരകാലം ജിവിച്ചിരുന്നു നമ്മുടെ സഭയ്ക്ക് മേല്ക്കുമേൽ ഐശ്വര്യം വർദ്ധിപ്പിക്കുന്നതിന് ഇടയാകാൻ വായനക്കാർ പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ എല്ലാവരെയും ഓർപ്പിച്ചുകൊള്ളുന്നു.

**കടപ്പാട്: മലങ്കര ഇടവക പത്രിക**

# പൊട്ടന്റെ എട്ടുചട്ടങ്ങൾ

## മീഡിയാ സ്കാൻ
## സൂഷ്മദൃക്

ദയറാക്കാർ എന്നാൽ പൊതുവേ പക്വമതികളും മിതഭാഷികളും സൗമ്യരും പ്രതികരണത്തിൽ ശാന്തശീലരും ആയിരിക്കുക എന്നതാണ് ക്രൈസ്തവ സങ്കല്പം. ഈ അർത്ഥത്തിൽ 'റാബാൻ' എന്ന പദത്തിന്റെ പൗരസ്ത്യ സുറിയാനി ഉച്ചാരണ ഊന്നൽ നൽകിയുള്ള 'റമ്പാൻ' എന്ന സ്ഥാന പദവിയിൽ 'ഗുരു' എന്നാണവർ വിളിക്കപ്പെടുന്നത്. എന്നാൽ മൂല്യശോഷണം വന്ന 'തോക്കുസ്വാമിയുടെ' യും കപട സന്യാസിമാരുടെയും ധനസേവകരുടെയും മാതൃകയിൽ ചില 'കപടഗുരു' ക്കൻമാർ മലങ്കരയിൽ വാഴുന്നുണ്ട്. കോർ എപ്പിസ്കോപ്പാ ആയതിനുശേഷം റമ്പാൻ കൂടിയായി ചുവന്ന വേഷവും ശിരോവസ്ത്രവും അണിഞ്ഞ് മെത്രാൻ സ്ഥാനം ലഭിക്കാതെ പോയതിൻ നഷ്ടബോധത്തിൽ നടക്കുന്നവർ മുതൽ എൺപതു കഴിഞ്ഞിട്ടും പക്വത കിട്ടാതെ പേനാ തോക്കുകൊണ്ട് ലേഖനം എഴുതി 'ഉണ്ടയില്ലാവെടി' വച്ചു നടക്കുന്ന ചില റമ്പാൻമാരും ഉണ്ട്. ഇവരിൽ ഹിമവൽ സന്യാസ തുല്യം വൈജ്ഞാനിക ആത്മഹത്യാ ഭീഷണി മുഴക്കിയിരിക്കുന്ന ഒരു വീരനാണ് മലങ്കര സഭാ ദീപം പുതിയ ലക്കത്തിൽ ലേഖനം എഴുതിയിരിക്കുന്ന ഒരു കുണ്ടറ സ്വാമി. അദ്ദേഹത്തിന്റെ ഏറ്റം പുതിയ വെടി ഉതിർത്തിരിക്കുന്നത് ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായ്ക്കു നേരെയാണ്. ആനയെക്കണ്ട പൊട്ടൻമാർ ആനയുടെ ലക്ഷണ ചട്ടങ്ങൾ എഴുതിയതിലും പരിതാപകരമായിട്ടാണ് വെരി. റവ. റമ്പാൻ സ്വാമികൾ എഴുതിയിരിക്കുന്നത്. യാക്കോബായ സഭ എന്ന പേരിൽ ലോകത്തെങ്ങും ഒരു സഭയില്ലാത്തതിനാൽ ഈ ബാവാ ഒരു 'ഇല്ലാത്ത സഭയുടെ' സഭാധിപനാണത്രേ! വീണ്ടും യാക്കൂബ് ബുർദ്ദാനായെ അനുഗമിച്ചവർ എന്ന നിലയിൽ ആക്ഷേപനാമമാണിതെന്നും 'തെറിപ്പേര്' ഔദ്യോഗിക പേരായി സ്വീകരിച്ച് 'ഭോഷന്മാരേ' എന്നും 'യാക്കോബ്യരെ' ഈ 'അന്ധകാര ഗുരു' ആക്ഷേപിച്ചിരിക്കുന്നു. ഈ എൺപതുകാരൻ പത്താം തരം പാസായിട്ടുള്ള ആളാണെന്നു വ്യക്തം. ഇദ്ദേഹത്തന്റെ സർട്ടിഫിക്കറ്റു ബുക്കിൽ 'യാക്കോബായ' എന്ന തെറിപ്പേരാണോ. മതക്കോളത്തിൽ എഴുതിയിരിക്കുന്നതെന്ന് ഒന്നു പരിശോധിച്ചിരുന്നെങ്കിൽ! അതെന്തുമാകട്ടെ കുണ്ടറയിൽ വന്നാൽ പോലും നാട്ടുകാരോട് യാക്കോബായ പള്ളി ചോദിച്ചാലല്ലാതെ ഒരു 'ഓർത്തഡോക്സ്" പള്ളിയിലും ചെന്നെത്തുവാൻ കഴിയുമോ? ഇദ്ദേഹത്തിന്റെ ഭരണഘടനയിൽ സഭയുടെ പേരു പറയുന്ന വകുപ്പ് ഒന്നു നോക്കിയാലും ഏതു 'ഭോഷനും' മനസിലാകുന്ന ഒരു വകുപ്പുണ്ട്. മ. ഒ. സു. സഭയെ 'തെറ്റായി യാക്കോബായ സഭ' എന്നും അറിയപ്പെടുന്നുണ്ടത്രേ! ഈ ഭരണഘടന എഴുതിയ 'ഭോഷന്മാരും' അത് നിഖ്യാവിശ്വാസപ്രമാണത്തേക്കാൾ പ്രാധാന്യം നൽകി പൊക്കിക്കൊണ്ടു നടക്കുന്ന 'ഭോഷന്മാരും' ചിന്തിക്കാത്ത ഒരു കാര്യമുണ്ട്. ലോകത്താരെങ്കിലും തന്റെ തെറ്റായ പേര് ഇതാണെന്നോ ഞാൻ ഒരു പൊട്ടാനായതുകൊണ്ട് എന്റെ പേര് തെറ്റായി പൊട്ടൻ എന്നു വിളിക്കാറുണ്ടെന്നോ ആധികാരികമായി ബയോഡേറ്റായിൽ എഴുതാറുണ്ടോ? ഈ വെറി..... റമ്പാന്മാരെപ്പോലുള്ള മൂഢസ്വർഗ്ഗവാസികൾക്കൊഴികെ ഏവർക്കും അറിയാവുന്ന കേവല യാഥാർത്ഥ്യമാണിത്. ഇനിയും ഈ ലക്കം 'മലങ്കരസഭ' മാസികയിൽ ദിദിമോസ് ബാവാ അസോസിയേഷൻ യോഗത്തിനയച്ച ഒരു കല്പന കണ്ടു. സൂക്ഷമദൃക്ക് ആ കല്പന പരിശോധിച്ചപ്പോൾ അതിൽ കാണുന്ന മലങ്കര അസോസിയേഷൻ മുദ്രയിലെ സുറിയാനിയിൽ എഴുതിയിരിക്കുന്ന പേരിൽ 'യാക്കോബായ' എന്ന തെറിപ്പേരും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സുറിയാനി അറിയാവുന്ന ഒരു അച്ചൻ എന്നെ വായിച്ചു കേൾപ്പിച്ചു. ഈ 'സീറോ' റമ്പാൻ യാക്കോബായ കാതോലിക്കായേയും ജനങ്ങളേയും തെറിയഭിഷേകം ചെയ്യുന്നതിനു മുമ്പ് ഇതൊക്കെ ഒന്നു വായിച്ചിരുന്നെങ്കിൽ 'തെമ്മാടി' 'പോക്കിരി' എന്നീ പദങ്ങൾ ഉൾപ്പെടെ ഞാൻ ഉദ്ദരിച്ചെഴുതിയ അപക്വപദങ്ങളെങ്കിലും ഒഴിവാക്കാമായിരുന്നു. എന്തു ചെയ്യാം വിവരം എന്ന വരം ആപാദചൂഡം വേഷം ധരിച്ചാൽ (സന്യാസ വേഷം) കിട്ടുന്നതല്ലല്ലോ? അത് ബോധപൂർവ്വം ആർജ്ജിച്ചെടുക്കേണ്ട ഒരു സിദ്ധിയാണല്ലോ! സിദ്ധിയില്ലാത്ത സന്യാസം വെറും വേഷം കെട്ടലാണെന്നു തെളിഞ്ഞുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിലാണല്ലോ നാം ജീവിക്കുന്നത്. സിദ്ധിയും സാധനയും സ്വയം തെളിയിക്കട്ടെ.

ഈ കുണ്ടറ സ്വാമിയാർ ഇതിനു മുമ്പും അനേകം വിവര ദോഷങ്ങൾ കൊണ്ട് പാത്രിയർക്കീസ് ബാവായെ മുതൽ അനേകരെ തെറിയഭിഷേകം ചെയ്തിട്ടുള്ള വ്യക്തിയാണ്. പലപ്പോഴും അത് അവഗണിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ ഭാഷയോടും വിവരദോഷത്തോടും താദാത്മ്യപ്പെടുവാനുള്ള താല്പര്യക്കുറവുകൊണ്ടാണ്. ഏതും ആരുടേതും ത്യാജ്യഗ്രാഹ്യ വിവേചനം കൂടാതെ പ്രസിദ്ധീകരിക്കുന്ന മലങ്കരദീപം ഈ തറ ലേഖനം പ്രസ്ദ്ധീകരിച്ചതു കൂടാതെ മലങ്കരസഭ യുടെ നാവായ 'മലങ്കരസഭ' യും ഈ ലേഖനം പ്രാധാന്യപൂർവ്വം പ്രസിദ്ധീകരിച്ചതു കണ്ടതു കൊണ്ട് അത്ഭുതം തോന്നിയില്ലെങ്കിലും അതിന്റെയൊക്കെ അണിയറ വിദ്വാൻമാരുടെ വൈജ്ഞാനിക പാപ്പരത്വവും ആത്മീക തറസ്വഭാവവും അപക്വമനസ്ഥിതിയും സ്വയം വെളിവാക്കിയിരിക്കുന്നു എന്നതിൽ സഹതാപം തോന്നുന്നു!.

കുണ്ടറയിൽ കിടക്കുന്ന ഈ സ്വാമിയാർ വീണ്ടും കാതോലിക്കാ ബാവായെ സ്വീകരിക്കുവാനുള്ള വൈമനസ്യമായി പറയുന്നത് വാഴ്ചയ്ക്ക് സാക്ഷികളില്ല. പൊതുസഭയുടെ തെരഞ്ഞെടുപ്പില്ല കാതോലിക്കാ വാഴ്ചയ്ക്കു കേവലം കടലാസു പ്രഖ്യാപനം മാത്രമാണുള്ളത്. (ഇവിടെ കടുകെണ്ണയെന്നോ ബോംബെ മൂറേൻ എന്നോ ഒക്കെ അദ്ദേഹം പിച്ചും പേയും പറയുന്നുണ്ട്.), അവിവാഹിതനായി (?) കൈക്കൂലി നൽകി പാർട്ടി നിലനിൽപ്പു ഭീഷിണി കാട്ടി, പാശ്ചാത്യ തലവൻ പാത്രിയർക്കീസ് എഡേസാ തലവൻ കാതോലിക്ക എന്ന നിഖ്യാതത്വം തട്ടിമാറ്റി, കാതോലിക്കായും ഭരണഘടനയും ഒന്നേ ഉള്ളു എന്ന സുപ്രീം കോടതി വിധി, പുതിയ ഭരണഘടന ഉണ്ടാക്കി എന്നതൊക്കെയാണ്. എട്ട് എന്ന ചട്ടം തികക്കുവാൻ ഈ ചട്ടക്കാരൻ തട്ടിക്കൂട്ടിയിരിക്കുന്ന ഗോഗ്വാ വിളികൾ മാത്രം ആണിവയെന്ന് ബോധ്യമുള്ളതുകൊണ്ട് കൂടുതൽ വിശദീകരണം ആവശ്യമില്ലെന്നറിയാം. യാക്കോബായ സഭ എന്നൊരു സഭ ഇവിടെ ഉണ്ടെന്നും ആ സഭയുടെ 'യാക്കോബായ കാതോലിക്ക' ആണ് തോമസ് പ്രഥമൻ ബാവായെന്നും സമ്മതിച്ചിരിക്കുന്ന ഈ സ്വാമിയാർ ദേവലോകസഭാംഗങ്ങളുടെ സാന്നിദ്ധ്യം ആണോ വാഴ്ചയിൽ പ്രതീക്ഷിക്കുന്നതെന്ന് സംശയമുണ്ട്. വ്യക്തമാക്കണം. അങ്ങനെയെങ്കിൽ ആ പ്രതീക്ഷ സുബോധത്തിൽ നിന്നുത്ഭവിക്കുന്നതല്ലെന്നു തീർച്ച. ഇനി സുന്നഹദോസ് അംഗങ്ങൾ ഒന്നിച്ചുയർത്തി ഓക്സിയോസ് പാടിയാലെ കാതോലിക്കാ ആക്കു എന്നും പറഞ്ഞതിനു നന്ദിയുണ്ട്. ദിദിമോസ് ബാവായെ വാഴിക്കുവാൻ മ. ഒ, സുന്നഹദോസ് അംഗങ്ങളിൽ എത്ര പേരുണ്ടായിരുന്നു എന്നും കൂടി ഒരു ആത്മപരിശോധന നടത്തി നോക്കണം ! അവെയിലബിൾ സെക്രട്ടറിയേറ്റ് എന്ന പോലെ 'അവയിലബിൾ അംഗങ്ങൾ' മാത്രം കൂടി നടത്തിയ ഒരു സംഭവം ആയിരുന്നല്ലോ അത്. പോകട്ടെ സഭാംഗങ്ങൾ എത്ര പേർ പങ്കെടുത്തു എന്നറിയുവാൻ ആ സംഭവത്തിന്റെ വീഡിയോദൃശ്യങ്ങൾ ഒന്നെടുത്തുനോക്കൂ. ഈ വാഴ്ച ശരിയായതല്ല എന്ന് സ്ഥാപിക്കുവാനാണോ ഈ 'മാവേലേറ്' എന്നും ബലമായി സംശയിക്കാം. ഒന്നാം കാതോലിക്കായെ വാഴിച്ചപ്പോൾ മലങ്കരയിലെ സുന്നഹദോസംഗങ്ങൾ എവിടെയായിരുന്നു എന്ന് അന്വേഷിച്ചും ഈ റമ്പാന് ഒരു ലേഖനം എഴുതാവുന്നതാണ്. വട്ടശേരിൽ തിരുമേനി പോലും പങ്കെടുക്കാതെ നടന്ന ആ വാഴ്ചാ നാടകം റമ്പാച്ചൻ സ്വീകരിക്കുന്നുണ്ടോ എന്നറിയുവാൻ താല്പര്യമുണ്ട്. യാക്കോബായ സഭയുടെ കാതോലിക്കയായി തോമസ് പ്രഥമൻ ബാവായെ സ്വീകരിക്കുന്ന സഭാംഗങ്ങളുടെ സംഖ്യ അറിയുവാൻ കുണ്ടറയിൽ നിന്നും പുറത്തിറങ്ങി അന്വേഷിക്കണം. അദ്ദേഹത്തെ തൽസ്ഥാനത്ത് ആദരിക്കുന്ന സഹോദരീ സഭകളേയും സാമൂഹിക - രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും തിരിച്ചറിയണമെങ്കിൽ തലയുടെ പുറത്തിടുന്ന അലങ്കാര വസ്ത്രങ്ങൾ പോരാ തലയ്ക്കുള്ളിൽ മസ്തിഷ്ക്കവും അതിന്റെ ലക്ഷണങ്ങളായ വിവരവും തിരിച്ചറിവും വേണം. ബോംബെ മൂറോനും കൈക്കൂലിയും ഒക്കെ എന്താണെന്ന് വായനക്കാർക്കു മനസിലാകണമെങ്കിൽ പെന്തക്കോസ്തുകാരന്റെ മറുഭാഷ മനസിലാക്കുവാനുള്ള കഴിവു ലഭിക്കണം. അർത്ഥമില്ലാത്ത വെറും ഭോഷത്വങ്ങൾ എന്നല്ലാതെ എന്തു പറയുവാൻ പാത്രിയർക്കീസിനേയും എഡേസാ കാതോലിക്കാസിനേയും കുറിച്ച് പറഞ്ഞിരിക്കുന്നതും തിരിച്ചടിക്കുന്ന 'മൂബറാംഗ്' മാത്രമാണ്. കാതോലിക്കാ പാത്രിയർക്കാ തുല്യനല്ലെന്നും മെത്രാൻ വാഴ്ചാധികാരം കൂടി ലഭിച്ചിട്ടുള്ള ആകമാന സഭയിലെ പൗരസ്ത്യ വിഭാഗത്തിന്റെ പ്രാദേശികാധ്യക്ഷൻ മാത്രമാണെന്ന സത്യം അറിയാതെ പറഞ്ഞുപോയി. നിരണത്തു വച്ചു സ്ഥാപിച്ച കാതോലിക്കേറ്റ് തിഗ്രീസിലെ മപ്രിയാനയുടെ അനധികൃത സ്ഥാപനമാണെന്നു വാഴിച്ച ആളും ഏറ്റ ആളും രേഖകളും സ്ഥാപിച്ചിരിക്കുമ്പോൾ അതിനപ്പുറം എഴുതുന്നവനും വിഭാവനം ചെയ്യുന്നവനും കേവലം 'സീറോ' മാത്രമാണ്. സിറിൾ എന്ന പേരു പറയുന്നതു പോലും ആ നാമഹേതുകന് അപമാനമായിരിക്കും. സംശയമില്ല. ഇനി സുപ്രീം കോടതി വിധിയുടെ വികല സ്വാംശീകരണം വഴി ഇദ്ദേഹം ആടിനെ വെറും പൂടയാക്കുന്നു. പാത്രിയർക്കീസ് മലങ്കര ഉൾപ്പെടുന്ന ആകമാന സഭയുടെ ആത്മീക പരമാദ്ധ്യക്ഷനായി തുടരുന്നു എന്നും ഈ സഭ സ്വയ ശീർഷകമല്ല എന്നും ഒരു പാത്രിയർക്കീസും കാതോലിക്കായെന്നും ഒരു ഭരണഘടന (ഭേദഗതി ചെയ്തത്) എന്നും പറയുന്നതിലെ പരമപ്രധാന ഭാഗം വിട്ട് ഇദ്ദേഹം പറയുന്നത് 'ദൈവം ഇല്ല' എന്നു ബൈബിൾ പറയുന്നുഎന്ന് വിശ്വസിക്കുന്ന മൂഢമനസ്ഥിതിയേക്കാൾ ഭയാനകവും അതേ സമയം തന്നെ പരിതാപകരവുമായിരിക്കുന്നു. ഈ പരിതാപകരമായ ലേഖനങ്ങൾക്കു പ്രാമുഖ്യം നൽകി പ്രചരിപ്പിക്കുകയും അതെല്ലാം വിശ്വസിക്കുകയും ചെയ്യുന്ന മൂഢപ്രതികൾക്കു സ്വസ്തി! അസതോ മാ സത്ഗമയാ!

## ആ (കപട) സ്വാമിമാരും സുവിശേഷ തട്ടിപ്പുകാരും

കേരളം ഈ ആഴ്ചകളിൽ മാധ്യമങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുന്നതും വായിക്കുന്നതും ധനമോഹികളായ വിഷയലമ്പടൻമാരായ തട്ടിപ്പുവീരന്മാരുടെ കഥകളാണ്. സാമാന്യ വിദ്യാഭ്യാസം പോലും ഇല്ലാതെ ജ്യോതിഷത്തിന്റെ അല്പജ്ഞാനത്തിന്റെ വികലാടിത്തറയിൽ സമ്പന്നരേയും നേതാക്കളേയും ഒക്കെ വെട്ടിൽ വീഴ്ത്തുന്ന വെറും തട്ടിപ്പുകാരുടെ കൈകളിൽ ചെന്നു വീഴുന്ന കോടികൾ യഥാർത്ഥ സന്യാസിമാരേയും ക്രിസ്തുവിനു വേണ്ടി സ്വയം ജീവൻ സമർപ്പിച്ചിരിക്കുന്ന സമർപ്പിതരേയും യഥാർത്ഥ ചാരിറ്റി പ്രസ്ഥാനങ്ങളേയും കൂടി സംശയത്തിന്റെ മുൾമുനയിൽ നിർത്തുന്ന സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. അതോടൊപ്പം രാഷ്ട്രീയ സംഘടനകൾ ഈ മുതലെടുപ്പുകാരെ മുന്നിൽ നിർത്തിക്കൊണ്ട് അവരുടെ പരിമിത സ്വാർത്ഥ്യലക്ഷ്യങ്ങൾക്കു വേണ്ടിയും കൈയ്യടിക്കുവേണ്ടിയും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ എടുത്തുചാടുന്നു. ഒരു ഈർക്കിലി പാർട്ടിയുടെ ഓഫീസിൽ പോലും കൈയ്യേറ്റം നടത്തിയാൽ പ്രതിഷേധിക്കുന്ന രാഷ്ട്രീയ ചട്ടുകങ്ങൾ തന്നെ കൈയ്യേറ്റവും മുടിമുറിക്കലും ബോർഡ് തകർക്കലുമായി ക്യാമറായുടെ മുമ്പിൽ അരങ്ങു തകർക്കുന്നു. കപടന്മാരേയും തട്ടിപ്പുകാരേയും ധനസേവക്കാരേയും പുറത്തുകൊണ്ടുവരണം. അവരെ ശിക്ഷിക്കുക മാത്രമല്ല അവരുടെ സമ്പാദ്യങ്ങൾ കണ്ടുകെട്ടുകകൂടി ചെയ്യണം. പക്ഷേ! ഇവരെ ഈ അവസ്ഥയിലേക്കു വളരുവാൻ തക്കവണ്ണം കയറൂരി വിട്ട സമൂഹവും യഥാർത്ഥ മതനേതൃത്വത്തിനും സർവോപരി നിയമപാലകർക്കും ഭരണാധികാരികൾക്കും ഉള്ള പങ്കും നിസാരമല്ല. സാക്ഷരകേരളത്തിനു അപമാനകരമാണ് ഈ തട്ടിപ്പുകൾ എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആട്ടുകൃഷി, മാഞ്ചിയം തടി, തേക്കുതോട്ടം, ബ്ലേഡു പലിശ കമ്പനികൾ, പകുതി വിലയ്ക്കുള്ള ഉപഭോഗ വസ്തുക്കൾ എന്നിങ്ങനെ മലയാളികളുടെ എത്രയോ കോടികളാണ് തട്ടിപ്പുകാരുടെ പോക്കറ്റിൽ ആയിരിക്കുന്നതെന്ന് കണക്കെടുക്കുക പ്രയാസം. ഇന്റഗ്രേറ്റഡ് ഫൈനാൻസ് എന്ന മുപ്പരിക്കയറു പരസ്യക്കാരനും അവയിലെ വ്യവസായ സാമ്രാജ്യങ്ങളും പരിക്കു കൂടാതെ ഇപ്പോഴും വാഴുമ്പോഴും പണം നിക്ഷേപിച്ച സാധാരണക്കാരും ഉദ്യോഗസ്ഥൻമാരും ഇന്നും നെടുവീർപ്പെടുന്നു. പുറത്തുപറയുവാൻ നിവൃത്തിയില്ലാത്ത മെത്രാന്മാരും വൈദീകരും ഹൃദയം നൊന്തു ശപിക്കുന്നു. പക്ഷേ! ഈ തട്ടിപ്പു വ്യവസായം പുതിയ പേരിലും സ്ഥലത്തും തുടരുന്നു. അത്ഭുത രോഗശാന്തിയും ശാപവിമുക്തിയും വൻ വ്യവസായമായപ്പോൾ വേദനിക്കുന്ന പാവപ്പെട്ടവന്റെ അവശേഷിച്ച ചില്ലിക്കാശും വിമുക്തി നാടകം ആടുന്ന ആൾദൈവത്തിന്റെ പോക്കറ്റിൽ ചെന്നു ചേരുന്നു. ധനനഷ്ടവും രോഗക്ലേശവും എല്ലാം പിന്നെയും ബഹുഭൂരിപക്ഷവും പേറുന്നു. പത്തുകൊല്ലം കൊണ്ട് കോടികൾ നേടിയ കോട്ടയം തങ്കുവും സംഘവും പോക്കറ്റിലാക്കിയത് സാധാരണക്കാരന്റെ നെടുവീർപ്പിന്റെ വിലയാണ്. വ്യക്തി കേന്ദ്രീകൃതമായ പ്രസ്ഥാനത്തിന്റെ സമൂഹം അറിയാത്ത പിന്നാമ്പുറ വാർത്തകളാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. ഇപ്പോൾ ഇവയെല്ലാം വൻ പ്രചാരം നൽകി എഴുതുന്ന മാധ്യമങ്ങൾ തന്നെ പൗരാണിക സഭകളുടെ തകർച്ചയും പുത്തൻ പ്രസ്ഥാനങ്ങളിലേക്കുള്ള ആത്മീക ഒഴുക്കും ആയി വിശേഷിപ്പിച്ച് മുമ്പ് തുടരാൻ ലേഖനങ്ങൾ എഴുതിയവരാണെന്നതും ഓർക്കണം. വെള്ളം എല്ലാം ഒഴുകിക്കഴിഞ്ഞ് ചിറ കെട്ടുന്നതുപോലെ പത്രങ്ങളുടെയും ചാനലുകളുടെയും വെളിപ്പെടുത്തലെല്ലാം കഴിഞ്ഞ് ആഴ്ച പിന്നിട്ടപ്പോൾ നടത്തുന്ന റെയിഡുകൾ വഴി എന്തു ലഭിക്കും എന്നാണ് ജനങ്ങൾ കരുതുന്നത്. കേസുകൾ തന്നെ ചാർജ്ജ് ചെയ്യുവാൻ സാധ്യമാകാത്തവിധം ദുർബലമായ തെളിവുകളുമായി ഈ തട്ടിപ്പു സംഘങ്ങൾക്കു കുടചൂടുന്ന അധികാരികളെക്കുറിച്ച് സഹതാപം തോന്നുന്നു. പരസ്പരസ്നേഹവും ബന്ധവും എല്ലാം നഷ്ടപ്പെടുത്തി സ്വാർത്ഥതയുടെ അണുകുടുംബങ്ങളുമായി ജീവിക്കുന്ന വ്യക്തികൾക്കു നഷ്ടപ്പെട്ട സാമൂഹിക മാനമാണ് ഈ ആത്മീക കൂട്ടങ്ങളിലും ആൾദൈവങ്ങളിലും വഴിയായി ഹോമിക്കപ്പെടുന്ന വ്യക്തികൾ. പൗരാണിക സഭകൾക്കു വ്യക്തികളെ സഭയിലേക്കും സമൂഹങ്ങളിലേക്കും സ്വാർത്ഥതയ്ക്കപ്പുറമായി കരുതലിലേക്കും സ്നേഹസാക്ഷ്യങ്ങളിലേക്കും വിളിച്ചിറക്കുവാൻ കഴിയണം. ആയതിനുള്ള സ്വീകാര്യത സൃഷ്ടിക്കുവാൻ സഭാനേതൃത്വത്തിനും വൈദികർക്കും സാധിക്കണം. ആഭ്യന്തരപ്രശ്നങ്ങളും വഴക്കുകളും വഴി ആയുസ് കളയുന്ന സഭകളിൽ ഇതിലധികം ഒഴുക്കൻ വ്യക്തികളിലേക്കും ഉണ്ടാകും. സുവിശേഷ പ്രചോദിതമായ സാമൂഹിക സമർപ്പണത്തിനായി ആളുകളെ പ്രചോദിപ്പിക്കുന്ന ചൈതന്യമായി തീരുവാൻ സഭയ്ക്കു സാധിക്കേണ്ട സന്ദർഭമാണിത്. ക്രിസ്തുവിനെ മാർക്സിസറ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ പോലും വേണമെന്ന് അഭിലഷിക്കുന്ന എം. എ. ബേബിയിലൂടെ പുറത്തുവരുന്നത് സമൂഹത്തിലെ എല്ലാ തലങ്ങളിലേക്കും സ്വീകാര്യത നിറഞ്ഞു നിൽക്കുന്ന ക്രിസ്തു ചൈതന്യത്തിനാണ്. സിംഹാസനപ്പേരും, സെമിത്തേരിതർക്കവും സ്വകാര്യ-സ്വാശ്രയ തർക്കങ്ങളും ഒക്കെ ഈ സർവ്വസ്വീകാര്യ ക്രിസ്തു ചൈതന്യത്തെ നഷ്ടപ്പെടുത്തും എന്നത് നിസംശയമാണ്. ഇത് തുടർന്നാൽ ആൾ ദൈവങ്ങളും ധനസേവക്കാരും സാധാരണക്കാരെ ചൂഷണം ചെയ്ത് അവരുടെ നെടുവീർപ്പുകളെ 'സ്തോത്രം' പറയിച്ച് പുതിയ രൂപങ്ങളിൽ ഉയർന്നുവരും. അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്നാശംസിക്കുന്നു.

## ദേവലോക സ്വതന്ത്രസഭയ്ക്ക് കൈപ്പട്ടൂരിൽ നിന്നും കെ. ജി. ജോർജ് എഴുതിയ ലേഖനത്തിൽ നിന്നും

കോട്ടയം ദേവലോകസഭയ്ക്ക് 'മലങ്കരസഭാ' എന്ന പേരിൽ ഒരു ഔദ്യോഗിക പ്രസിദ്ധീകരണമുണ്ട്. അതിൽ ചില ലേഖന ക്രമങ്ങൾ ഒക്കെയുണ്ട്. കാതോലിക്കാ ബാവായുടെ ഒരു കല്പന, എഡിറ്റർ ഫാദർ വക ഒരു കസർത്ത്, സൺഡേസ്കൂൾ ഡയറക്ടറുടെ ചില അറിയിപ്പുകൾ, കുറെ വൈദിക ഫോട്ടോകൾ അനിവാര്യമായി ഒരു ധ്യാന പംക്തി, ചില വാർത്തകൾ എന്നിങ്ങനെയാണ് ഒരു ക്രമം. പക്ഷേ എല്ലാ മാസവും പാത്രിയർക്കീസിനെയും വിഘടിതരെയും നാലു പുലഭ്യം കൂടി പറഞ്ഞ് ഒന്നോ രണ്ടോ ലേഖനം കൂടി കണ്ടില്ലെങ്കിൽ എന്നേപ്പോലുള്ള വായനക്കാർക്ക് 'ക്ഷി' നിരാശ തോന്നും! ഇപ്രാവശ്യം എന്നെപ്പോലുള്ള കക്ഷി വാദ സൂക്ഷമദൃക്കുകളെ ആകർഷിച്ചത് ഒരു കെ. ജി. ജോർജ് കൈപ്പട്ടൂരിന്റെ മൂന്നു പ്രധാന പോയിന്റുള്ള ഒരു ലേഖനമാണ്. ഒരു കുണ്ടറ റമ്പാൻ മലങ്കര ദീപത്തിൽ എഴുതിയ ഒരു ലേഖനം ആരെങ്കിലും അവിടെ വായിച്ചില്ലെങ്കിൽ ഇവിടെ വായിച്ചിരിക്കണം എന്നതുകൊണ്ട് ഇതിലും ചേർത്തിട്ടുണ്ട്. ജോർജിലേക്ക് വരാം. മൂന്നു കാര്യങ്ങൾ പത്രാധിപർ തന്നെ പ്രാധാന്യം നൽകി കൊടുത്തിരിക്കുന്നു.

1. ആകമാന സഭ എന്നൊന്നില്ല.
2. ഭരണഘടന ഭേദഗതി ചെയ്യണം.
3. ദേശീയ പാത്രിയർക്കീസും വിദേശ കാതോലിക്കാമാരും ഉണ്ടാകണം.

ഇതു മൂന്നും ഏതോ പുതിയ കാര്യം പോലെയാണ് ജോർജ് പറയുന്നത്. എന്നാൽ ഡോ. പി.

(ശേഷം പേജ് 9)

സി. അലക്സാണ്ടർ കേരളത്തിൽ വന്ന് സഭാ വേദിയിൽ വായ് തുറന്നാൽ പണ്ടേ പാടുന്ന ഈ പല്ലവി വീണ്ടും പാടുവാൻ ജോർജും അത് വിരസമായി കേൾപ്പിക്കുവാൻ പത്രാധിപൻമാരും ഇറങ്ങിയിരിക്കുന്നതെന്തിനാണെന്ന് മാത്രമേ സംശയമുള്ളു. എനിക്കിതിൽ ചൂണ്ടിക്കാണിക്കുവാനുള്ളത് ഒരു പ്രധാന വൈരുദ്ധ്യമാണ്. ഒന്നാമതായി പറയുന്ന ആകമാന സുറിയാനി സഭ എന്ന ഒരു സഭയില്ലെന്ന് തുടർന്ന് പറയുന്നത് ഈ സഭയ്ക്ക് ഒരു ദേശീയ പാത്രിയർക്കീസ് വേണമെന്നും അദ്ദേഹത്തിന്റെ കീഴിൽ പാശ്ചാത്യ ദേശത്ത് ശ്രേഷ്ഠ കാതോലിക്കാമാരും വേണമെന്ന് മലങ്കര സഭയിൽ പണ്ട് എഡോസായിൽ നിന്നും സിറിയായുടെ സ്ഥലങ്ങളിൽ നിന്നും ആളുകളും വൈദികരും വന്നിരുന്നു. ക്നാനായക്കാരും തെക്ക് കുണ്ടറയിലും കൊല്ലം പ്രദേശങ്ങളിലും വടക്കും ഒക്കെ ഇന്നും അങ്ങനെ വന്നവരുടെ പിൻഗാമികളായി സുറിയാനി സഭാംഗങ്ങൾ ഉണ്ട്. അവരുടെ ആചാര്യ-പൗരോഹിത്യ രീതിയിൽ അവർക്കിടെ മെത്രാന്മാരും കാതോലിക്കമാരും അവരുടെ പാത്രിയർക്കീസ് സിറിയയിലും ആയി ഒരു ക്രമം തുടരുന്നതിന്റെ ഒരു പകർപ്പല്ലേ ഈ കൈപ്പട്ടൂർക്കാരന്റെ നിർദേശം! ഒരു വ്യത്യാസം ഉള്ളത് സിറിയയിലെ പാത്രിയർക്കീസും അവിടെ നിന്നും എഡേസായിലും പേർഷ്യയിലും ഒക്കെ പിന്നീടവരെ നയിക്കുവാൻ ഉണ്ടായ കാതോലിക്കാ/മഫ്രിയാനയും ഒക്കെ നിഖ്യായുടെത് എന്നു കാനോനിൽ പറയുന്ന വ്യവസ്ഥ പ്രകാരം പാത്രിയർക്കീസിന്റെ ബന്ധത്തിലാണ്. ആസ്ഥാനം ഇപ്പോൾ ഇന്ത്യയിലെ സഭയിലും ഉണ്ട്. എന്നാൽ ദേശീയ പാത്രിയർക്കീസ് എന്ന സങ്കല്പം ആകമാന സുറിയാനി സഭാ ശ്രേണിയിൽ പെടുന്നതല്ല. അതുകൊണ്ട് കൈപ്പട്ടൂർ ജോർജ് ആദ്യം ചെയ്യേണ്ടത് ഈ സഭയെ ഒരു സ്വതന്ത്രസഭയാക്കുകയാണ്. ഇന്ന് ഇങ്ങനെയൊക്കെ അവകാശപ്പെടുന്നുണ്ടെങ്കിലും നിയമപരമായി പല പ്രശ്നങ്ങളും ഉണ്ടെന്ന് അഡ്വ. നരിമാന് മാത്രമല്ല, എം. ഒ. ജോണച്ചനും അറിയാം. അല്ലെങ്കിൽ അടുത്ത കേസിലേക്ക് ഒരു അഫിഡവിറ്റ് ഇങ്ങനെയൊന്നു കൊടുത്തു നോക്കു! അന്തോഖ്യ പാത്രിയർക്കീസ് തലവനല്ലെന്നും ഇതൊരു സ്വതന്ത്ര - സ്വയശീർഷക - ദേശീയ സഭയാണെന്നും കോടതിയിൽ കൊടുത്താൽ മതിഎല്ലാ പ്രശ്നങ്ങളും തീരും. ഭരണഘടനാ ഭേദഗതി ഒക്കെ നമുക്കു പിന്നാലെ സാവകാശം ചെയ്യാൻ അവസരം കിട്ടും. ഇതിനൊക്കെ മുമ്പെ ദൈവസന്നിധിയിൽ ചെയ്യേണ്ട ഒരു കാര്യം കൂടി ഉണ്ട്. ജോർജ് പ്രത്യേകം ശ്രദ്ധിക്കണം. മലങ്കര സഭയുടെ എഡിറ്റർമാരും ശ്രദ്ധിക്കണം. കുർബ്ബാന ക്രമത്തിലും ഇതര ക്രമങ്ങളിലും ഒക്കെ ഒരു വിദേശ പാത്രിയർക്കീസ് ഇഗ്നാത്തിയോസിനെ ഓർക്കുന്നുണ്ട്. അദ്ദേഹത്തെ ഒന്നു നീക്കം ചെയ്ത് ദൈവസന്നിധിയിലെങ്കിലും സത്യസന്ധത കാണിക്കണം. അദ്ദേഹം 'ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന നമ്മെ മേയിച്ചു ഭരിക്കുന്ന' പാത്രിയർക്കീസ് ആണെന്നു ദൈവത്തോടു പറയുന്നു. ജനത്തോടു പറയുന്നു അദ്ദേഹം അന്യനാണെന്ന് !എന്തൊരു വൈരുദ്ധ്യം? ദയവായി ദേശീയ പാത്രിയർക്കീസിന് ഇഗ്നാത്തിയോസ് എന്ന പേരും കൂടി കൊടുക്കണം. മറക്കരുത്!

## കപടന്മാരെ ചാരി ഇലന്തൂർ സഭയെ തല്ലുന്നു.

സന്തോഷ് മാധവനേയും ഇതര കപട സന്യാസിമാരേയും കപട ആത്മീയ വാദികളേയും കുറിച്ച് എഴുതിക്കൊണ്ട് ഒരു പെന്തക്കോസ്ത് പ്രസിദ്ധീകരണമായ 'മരുപ്പച്ച'യിൽ അച്ചൻകുഞ്ഞ് ഇലന്തൂർ എന്ന സ്വതന്ത്ര പത്രാധിപർ സഭയേയും സഭാ വിശ്വാസികളേയും അടിക്കുവാൻ വടിയുമായി ഒരു എഡിറ്റോറിയൽ എഴുതിയിരിക്കുന്നതു കണ്ടു. വ്യക്തികളെ വിഗ്രഹങ്ങളാക്കി രോഗ ശാന്തിയും ശാപമോക്ഷവും വ്യക്തിസഭകളും ധനസമ്പാധനവും ടെലിവിഷൻ ക്യാമറായുടെ മുമ്പിലുള്ള വേഷ ഭാഷാ പ്രകടനവും ആയി ജാട കാണിക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാരുടെ തട്ടിപ്പുകൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുമ്പോൾ ശ്രീമാൻ അച്ചൻകുഞ്ഞ് പരിശ്രമിക്കുന്നത് 'കുരിശും കുപ്പായവും ധരിച്ചിരിക്കുന്നവരെ' ആക്ഷേപിക്കുവാനാണ്. ക്രിസ്തു തന്നെ അപ്പോസ്തലന്മാരേയും പ്രസംഗകരേയും ശുശ്രൂഷകരേയും തന്റെ വേലക്കായി നിയമിച്ചാക്കിയിരിക്കുമ്പോൾ അച്ചൻകുഞ്ഞ് ഈ ക്രമത്തെ എല്ലാം തള്ളിപ്പറയുന്നു. രോഗശാന്തിക്കാരനും ഭാഷാവരക്കാരനും ശാപം മുറിക്കുന്നവനും ഒക്കെ പെന്തക്കോസ്ത് കൂട്ടങ്ങളിൽ തട്ടിപ്പുനാടകങ്ങൾ നടത്തി അഴിഞ്ഞാടുമ്പോൾ അതൊന്നും കാണാതെ ഈ പത്രാധിപർ 'കുരിശിനേയും കുപ്പായത്തേയും' ആക്രമിക്കുന്നത് ശ്രദ്ധ തിരിച്ചുവിടാൻ ആയിരിക്കണം. ധനസേവ ദൈവസേവയേക്കാൾ അരങ്ങുവാഴുന്ന സ്വതന്ത്രസഭകയിലെ ധനവാഴ്ചയെ കാണാത്ത് അച്ചൻകുഞ്ഞ് വരവു ചെലവുകൾക്ക് കണക്കും ജനകീയ ഓഡിറ്റിഗും സാമൂഹിക സേവനവുമെല്ലാം ഉള്ള ക്രൈസ്തവ സഭയെ കല്ലെറിയുന്നത് ചില്ലു കൂടാരത്തിനുള്ളിൽ നിന്നാണെന്നതു മറക്കരുത് സ്റ്റേജിൽ ഉറഞ്ഞു തുള്ളുന്ന ബഹുവിധവരക്കാരനും സാധുക്കളെ ഊതി വീഴ്ത്തുന്ന പരിശുദ്ധാത്മാവിന്റെ കുത്തകക്കാരനും ഒക്കെ പൊറോട്ടു നാടകം അരങ്ങേറുമ്പോഴാണ് അച്ചൻകുഞ്ഞ് പൗരാണിക സഭകളോടും പാവന വിശ്വാസാചാരങ്ങളോടും ആക്ഷേപം ചൊരിയുന്നത്. പെന്തക്കോസ്ത് ആൾദൈവങ്ങളുടെ മുമ്പിലേക്കൊഴുകുന്ന പണം എവിടെ പോകുന്നു എന്ന് ആർക്കുപറയാം. ദൈവാലയങ്ങളിലേയും സഭകളിലേയും പണത്തിനു കൃത്യമായ കണക്കും സോഷ്യൽ ഓഡിറ്റിംഗുമുണ്ട്. പെന്തക്കോസ്തിലേക്കു വന്ന കുപ്പായം ഊരിയ ഒരച്ചൻ ഒരു വർഷം കൊണ്ട് സമ്പാദിച്ചു കൂട്ടിയ സ്വത്ത് പുറത്തറിയാവുന്നത് ദശലക്ഷങ്ങളാണ്. ആ മുൻ വൈദികൻ 'രക്ഷപ്പെട്ടത്' പെന്തക്കോസ്തിൽ വന്ന് മുങ്ങിപൊങ്ങിയതുകൊണ്ടാണെന്ന് എല്ലാവർക്കും അറിയാം. സ്വയം സാർ എന്നു വിളിക്കുന്ന ദേവസ്യ മുല്ലക്കരയുടെ വ്യക്തിഗത പ്രസ്ഥാനത്തിന്റെ വരവും പോക്കും ആർക്കറിയാം. ജോസ് ആനത്താനം എന്ന സമ്പന്ന സുവിശേഷകന്റെ അപ്പർ റൂം സർവ്വീസ് എന്ന സുവിശേഷ വിഗ്രഹ സേവയുടെ വരുമാനം ആർക്കറിയാം. ലക്ഷങ്ങളുടെ ദശാംശമാണ് ഇങ്ങനെയുടെ ആൾദൈവ വിഗ്രഹങ്ങളുടെ മുമ്പിലെ കാണിക്ക ഇതൊന്നും ഞങ്ങളുടെ വിഷയമല്ല തിരുശേഷിപ്പും തിരുനാളും ഇല്ലാത്ത ഇലത്തൂർ അച്ചൻകുഞ്ഞും എല്ലാ മാസവും യറുശലേമിലേക്കു സുവിശേഷകതീർത്ഥാടകരെ ആനയിക്കുന്നു. തിരുസ്ഥലങ്ങളും തിരുശേഷിപ്പും ഇല്ലാത്ത ഈ ഇലത്തൂർക്കാരന്റെ തീർത്ഥാടന നേതൃത്വത്തിന്റെ അടിത്തറയും 'ധനസേവ' അല്ലാതെ ദൈവസേവ അല്ലല്ലോ! ദീപസ്തംഭം മഹാശ്ചര്യം! നമുക്കും കിട്ടണം പണം! പ്രയ്സ് ദ ലോഡ്!

## ഫ്ളാഷ് . . . ഫ്ളാഷ് . . . . .ഫ്ളാഷ് . . .
## കടവിൽ തിരുമേനി 1944 ൽ . . . . ?

സുറിയാനി ക്രിസ്താനികൾ മലബാർ മേഖലയിലേക്ക് കുടിയേറിടതോടെ ഈ മേഖലയിൽ ദേവാലയങ്ങൾ സ്ഥാപിതമായി തുടങ്ങി. സുൽത്താൻ ബത്തേരി പ്രദേശത്തുള്ള യാക്കോബായ സഭാംഗങ്ങൾക്ക് തങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നിർവഹിച്ചു കിട്ടാൻ ഒരു ദേവാലയം സ്ഥാപിക്കേണ്ട സാഹചര്യം വന്നപ്പോൾ 1944 ൽ മലങ്കരയുടെ പൗലോസ് മോർ അത്തനാസ്യോസ് (ആലുവായിലെ വലിയ തിരുമേനി) മെത്രാപ്പോലിത്തായുടെ അനുവാദത്തോടെ സ്ഥാപിച്ചതാണ് സുൽത്താൻ ബത്തേരി സെന്റ് മേരീസ് പള്ളി. 1970 കളിലെ സഭാ പ്രശ്ന കാലഘട്ടത്തിൽ പള്ളി വികാരി മെത്രാൻ കക്ഷിക്കാർക്ക് ഒപ്പം നിന്നു (പിൽക്കാലത്ത് പ്രസ്തുത വൈദികൻ മെത്രാൻ കക്ഷികളുടെ വൈദിക ട്രസ്റ്റിയായി തീർന്നു!). യാക്കോബായ സഭാംഗങ്ങൾക്ക് തങ്ങളുടെ പള്ളിയിൽ പ്രവേശിക്കാൻ സാധിക്കാത്ത അവസ്ഥയിലെത്തി. പള്ളിയെ സംബന്ധിച്ച കേസുകൾ നടക്കുന്നു. പള്ളിക്ക് സമീപം ചാപ്പൽ നിർമ്മിച്ച് സത്യവിശ്വാസികൾ ആരാധന നടത്തി വരുന്നു.

സുൽത്താൻ ബത്തേരി പള്ളി കത്തീഡ്രലായും, മരിയൻ തീർത്ഥാടന കേന്ദ്രവുമായി മെത്രാൻ വിഭാഗം പ്രഖ്യാപിച്ചു. മെയ് ലക്കം മലങ്കര സഭാ മാസികയിൽ പറയുന്നത് 1944 ൽ കടവിൽ തിരുമേനി ഈ ദേവാലയം സ്ഥാപിച്ചു എന്നാണ്! 1907 ൽ കാലം ചെയ്ത കടവിൽ ഒന്നാമൻ തിരുമേനിയും 1991 ൽ കാലം ചെയ്ത കടവിൽ രണ്ടാമനുമല്ല ബത്തേരിയിൽ പള്ളി സ്ഥാപിച്ചത്. ആലുവായിലെ വലിയ തിരുമേനി സ്ഥാപിച്ചു എന്ന സത്യം പുറത്തറിഞ്ഞാൽ കേസിന് ദോഷം വരുമോ എന്ന ഭയത്താലാണോ അതോ കടവിൽ തിരുമേനിയേയും ആലുവായിലെ വലിയ തിരുമേനിയേയും തിരിച്ചറിയാൻ പാടില്ലാത്തതിനാലാണോ ദേവലോക പണ്ഡിതന്മാർ ഈ കടുംകൈ ചെയ്തത് എന്നറിയില്ല. ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെ അനധികൃത കൈവശം ഉറപ്പിക്കാൻ സ്പെഷ്യൽ പതിപ്പിറക്കിയ മലങ്കര സഭാ മാസികയുടെ ചുമതലക്കാർക്ക് ആലുവായിലെ വലിയ തിരുമേനി സ്ഥാപിച്ചതാണ് സുൽത്താൻ ബത്തേരി പള്ളി എന്ന് പറയാനുള്ള ധൈര്യമില്ലേ?. ചുരുങ്ങിയ പക്ഷം മലങ്കരസഭയുടെ ആലുവാ സ്പെക്ഷ്യൽ വായിച്ചു നോക്കി കടവിൽ ഒന്നാമൻ തിരുമേനിയുടേയും ആലുവായിലെ വലിയ തിരുമേനിയുടേയും ജീവിതകാലഘട്ടങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കൂ പണിക്കരച്ചാ.

# പുണ്യശ്ലോകനായ പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ശതാബ്ദി പാണംപടിപള്ളിയിൽ ആഘോഷിച്ചു.



ശതാബ്ദി ആഘോഷം കോട്ടയം ഭദ്രാസന മെത്രാപ്പോലിത്താ അഭി. തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്താ തിരുമനസുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നു. ഫാ. തോമസ് പതിയാക്കൽ ഫാ. ജേക്കബ് മാത്യു കോമടത്തുശേരിയിൽ, കുര്യൻകോർഎപ്പിസ്കോപ്പ മാലിയിൽ, പള്ളി സെക്രട്ടറി വിജോ വർഗീസ് ചെമ്പോല എന്നിവർ സമീപം




ചരിത്ര പ്രദർശനം പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്താ ഉദ്ഘാടനം ചെയ്യുന്നു. സെക്രട്ടറി വിജോ വർഗീസ് ചെമ്പോല, ട്രസ്റ്റി ഏബ്രഹാം മാത്യു നേര്യന്ത്ര, സഭാ മാനേജിംഗ് കമ്മറ്റിയംഗം മനോജ് മാത്യു ആര്യാടൻ പാക്കൽ എന്നിവർ സമീപം

കോട്ടയം: മലങ്കരമെത്രാപ്പോലിത്ത ആയിരുന്ന അഭി. പൗലോസ് മോർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേക സതാബ്ദി ആഘോഷങ്ങൾ മെയ് 31, ജൂൺ 1 നും പാണംപടി വി.മർത്തമറിയം യാക്കോബായ പള്ളിയിൽ മെയ് 31 ന് അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി.മൂന്നിൻമേൽ കുർബ്ബാന അർപ്പിച്ചു. പൗലോസ് മോർ കൂറിലോസ് തിരുമേനിയുടെ കുടുംബാംഗങ്ങളായ വൈദികർ ഫാ. ജേക്കബ് പൗലോസ്, ഫാ. ജോർജ് എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് മെത്രാഭിഷേക ശതാബ്ദി ആഘോഷസമ്മേളനം തോമസ് മോർ തീമോത്തിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. വന്ദ്യ. കുറിയാക്കോസ് കോറെപ്പിസ്കോപ്പാ മൂലയിൽ അനുസ്മരണ പ്രഭാഷണം നടത്തി. ഫാ. കുറിയാക്കോസ് മണലേച്ചിറ, ഫാ. തോമസ് കെ.ജി. കുന്നയ്ക്കാട്ട്, ഫാ. ജോസഫ് ജോൺ വെട്ടുകുഴി, ഫാ. തോമസ് പതിയാക്കൽ, വന്ദ്യ. കുര്യൻ കോർ എപ്പിസ്കോപ്പാ മൂലയിൽ എന്നിവർ സംബന്ധിച്ചു. ഫാ. ജേക്കബ് മാത്യു കോമടത്തുശേരിയിൽ സ്വാഗതവും ഫാ. കുറിയാക്കോസ് കുറിച്ചിമല നന്ദിയും പറഞ്ഞു. ജൂൺ1 7ന് പ്രാഭാതപ്രാർത്ഥനയെ തുടർന്ന് അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത വി. കുർബ്ബാന അർപ്പിച്ചു. ശതാബാദിയോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന്റെ ഉദ്ഘാടനം തിരുമേനി നിർവഹിച്ചു. കൂറിലോസ് തിരുമേനിയുടെയും പള്ളിയുടെയും ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ ചരിത്രപ്രദർശനം അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സെമിനാറിൽ പൗലോസ് മോർ കൂറിലോസ് തിരുമേനിയുടെ ബാല്യകാലം മുതൽ മെത്രാഭിഷേകം വരെയുള്ള ചരിത്രം ഫാ. ഡോ. മാണിരാജൻ അവതരിപ്പിച്ചു. തിരുമേനിയുടെ മെത്രാഭിഷേകത്തിനു ശേഷമുള്ള കാര്യങ്ങൾ സി.വി. കുഞ്ഞച്ചൻ ചെമ്പോലയും മുളന്തുരുത്തിയും പൗലോസ് മോർ കൂറിലോസ് തിരുമേനിയും എന്ന വിഷയത്തെ സംബന്ധിച്ച് ഷെവലിയാർ കെ. വി. പൗലോസും സംസാരിച്ചു. ട്രസ്റ്റി ഏബ്രഹാം മാത്യു നേര്യന്തറ, സെക്രട്ടറി വിജോ വർഗീസ് ചെമ്പോല എന്നിവർ പ്രസംഗിച്ചു. മലങ്കര സുറിയാനി മക്കൾക്ക് ഒരിക്കലും മറക്കാനാവാത്ത പുണ്യവാനാണ് അഭി. വന്ദ്യ. പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത എന്ന് അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. പ്രാർത്ഥനയുടെയും സഹനത്തിന്റെയും മാതൃകയെ കാണിച്ചു തന്ന പുണ്യപിതാവായിരുന്നു കൂറിലോസ് തിരുമേനി. സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കുവേണ്ടിയും വിശ്വാസാചാരങ്ങളെ അണുവിട വ്യതിചലിക്കാതെ മുരുകെ പിടിച്ചുനിന്ന പിതാവായിരുന്നു കൂറിലോസ് തിരുമേനിയെന്ന് പ്രസംഗ മദ്ധ്യേ തിരുമേനി അഭിപ്രായപ്പെട്ടു.

# ലിവിങ്ങ്സ്റ്റൺ സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ മോർ യാക്കോബ് ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ 2008 ജൂൺ 8–ാം തീയതി

## നീതിമാനായ മോർ യാക്കോബ് ശ്ലീഹാ

### ഫാ. ഗീവറുഗീസ് ജേക്കബ് ചാലിശേരി (വികാരി)



ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും, പുണ്യവാനും, ശ്ലീഹായും, സഹദായുമായ മോർ യാക്കോബ്, മറിയാമിന് വിവാഹം നിശ്ചയിച്ച യൗസേഫിന് ആദ്യ ഭാര്യയിലുണ്ടായ പുത്രമാണ് താനും തന്റെ മറ്റു സഹോദരന്മാരും പന്തിരുവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവരായിരുന്നില്ല. നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിന് മുമ്പ് ഇവർ യേശുവിൽ വിശ്വസിച്ചിരുന്നില്ല. ഉയർപ്പിനും സ്വർഗാരോഹണത്തിനും മദ്ധ്യേയുള്ള ദിവസങ്ങളിൽ ഒന്നിൽ കർത്താവ് യാക്കോബിന് പ്രത്യക്ഷനായി (1 കൊരിന്ത്യർ 15:7). ശ്ലീഹന്മാർ മോർ യാക്കോബിനെ ഉർശ്ലേമിന്റെ എപ്പിസ്കോപ്പയായി നിയമിച്ചു.

ആദിമ ക്രൈസ്തവ സഭയുടെ കാലം മുതൽ മോർ യാക്കോബിനെ വിശുദ്ധനായി എല്ലാവരും ബഹുമാനിച്ചു വന്നിരുന്നു. തനിച്ച് ദേവാലയത്തിൽ എത്തി ജനങ്ങളുടെ രക്ഷയ്ക്കായി മുട്ടുകുത്തി പ്രാർത്ഥിച്ചു വന്നിരുന്ന പരിശുദ്ധൻ ഭക്ഷണകാര്യങ്ങളിൽ മാതൃകാപരമായ നിഷ്ഠ പുലർത്തിപ്പോന്നു. നിരന്തരമായി മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചു വന്നതിനാൽ തന്റെ കാൽമുട്ടുകൾ ഒട്ടകത്തിന്റെ മുട്ടുകൾ പോലെ തഴമ്പുള്ളവയായിരുന്നു. നീതിമാനായ മോർ യാക്കോബ് എന്നാണ് സഭാ പിതാക്കന്മാർ പരിശുദ്ധനെ വിശേഷിപ്പിച്ചിരിക്കുന്നത്.

പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിച്ച് വിശുദ്ധ ജീവിതം നയിച്ച മോർ യാക്കോബാണ് ആദ്യ കുർബ്ബാന തക്സാ രചിച്ചത്. മോർ യാക്കോബ് ശ്ലീഹായുടെ ക്രമത്തിന്റെ ചുവടുപിടിച്ചാണ് മറ്റ് ക്രമങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട ദിവസങ്ങളിൽ നാം ഉപയോഗിക്കുന്ന തക്സാ ക്രമം യാക്കോബിന്റേതു തന്നെയാണ്. ദേവാലയത്തിലെ പ്രഥമ ബലിയർപ്പണത്തിനും, വൈദികർ തങ്ങളുടെ നവപൂജാർപ്പണം നടത്തുമ്പോഴും മോർ യാക്കോബിന്റെ ക്രമം അനുസരിച്ചാവണം എന്നത് സഭയുടെ നിയമമാണ്. കൂടാതെ പുതിയ നിയമത്തിൽ ഉൾപ്പെട്ടിരിക്കുന്ന വി. യാക്കോബിന്റെ ലേഖനങ്ങളുടെ രചിതാവും ഈ പുണ്യപിതാവാണ്. ഇക്കാരണത്താൽ തന്നെ സഭ വി. യാക്കോബിനോട് കടപ്പെട്ടിരിക്കുന്നു.

യഹൂദ മതാനിയായികൾ വിശുദ്ധന് എതിരായി തിരിഞ്ഞ് തന്റെ വിശ്വാസത്തെ തള്ളിപ്പറയണമെന്ന് ആവശ്യപ്പെട്ടു എങ്കിലും അദ്ദേഹം അവരുടെ നിർബന്ധത്തിന് വഴങ്ങിയില്ല. സപ്രേന്മാരും, പ്രീശേന്മാരും കോപപരവശരായി മോർ യാക്കോബിനെ ദേവാലയാഗ്രത്തിൽ കയറ്റി അവിടെ നിന്ന് തള്ളിയിട്ടു എങ്കിലും ആ വീഴ്ച മൂലം അദ്ദേഹം മരിച്ചില്ല എന്ന് മാത്രമല്ല മുട്ടുകുത്തി അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഇത് കണ്ട് കൂടുതൽ കോപം മൂത്ത എതിരാളികൾ നീതിമാനെ ഒരു തടി കക്ഷണം കൊണ്ട് തലയ്ക്കടിച്ചു കൊന്നു. എ. ഡി. 62 ലായിരുന്നു മോർ യാക്കോബ് ശ്ലീഹാ സാക്ഷി മരണം പ്രാപിച്ചത്.

പരിശുദ്ധനായ മോർ യാക്കോബ് ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന സെന്റ് ജെയിംസ് ദേവാലയത്തിൽ വിശുദ്ധന്റെ പെരുന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ വി. മോർ യാക്കോബ് ശ്ലീഹായുടെ പ്രാർത്ഥന നമ്മുക്ക് കോട്ടയായിരിക്കട്ടെ.

*കടപ്പാട്: സുറിയാനി സഭാചരിത്രം പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ*

## സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് ചർച്ച് ലിവിങ്ങ്സറ്റൺ

### പുന്നൂസ്കുട്ടി ജേക്കബ് (സെക്രട്ടറി)

ന്യൂജേഴ്സി സ്റ്റേറ്റിലെ, നോർത്തേൺ ജേഴ്സി ഭാഗത്ത് ഒരു യാക്കോബായ ദേവാലയം സ്ഥാപിക്കപ്പെടണമെന്ന് ആവശ്യത്തിന് ദീർഘകാലം പഴക്കമുണ്ട്. വിവിധ കാരണങ്ങളാൽ ഈ ആവശ്യം നടക്കാതെ പോയി എങ്കിലും ശ്രമങ്ങൾ തുടർന്നു വന്നു. 2007 ജൂൺ മാസം സമാന ചിന്താഗതിക്കാർ ശ്രീ. മാത്യൂസ് മഞ്ചയുടെ ഭവനത്തിൽ ഒത്തുകൂടുകയും അഭി. ഇടവക മെത്രാപ്പോലിത്താ യൽദോ മോർ തീത്തോസ് തിരുമേനിയോട് ദേവാലയ സ്ഥാപനത്തിന് അനുവാദം തരണമെന്ന് അപേക്ഷിക്കുവാൻ തീരുമാനിച്ചു. അഭിവന്ദ്യ തിരുമേനിയെ സന്ദർശിച്ച് ഇക്കാര്യങ്ങൾ ബോധിപ്പിക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഇടവക മെത്രാപ്പോലിത്താ അപേക്ഷ അനുവദിച്ച് സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് ദേവാലയം എന്ന് നാമകരണം ചെയ്തു. 2007 സെപ്റ്റംബർ 15–ാം തീയതി അഭിവന്ദ്യ മോർ തീത്തോസ് തിരുമേനി ലിവിങ്ങ്സറ്റൺ സെന്റ് മേരീസ് അർമ്മേനിയൻ പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ച് ഇടവക ഔദ്യോഗികമായി നിലവിൽ വന്നു എന്ന് പ്രഖ്യാപിച്ചു. ഫാ. ഗീവറുഗീസ് ജേക്കബിനെ പള്ളിയുടെ വികാരിയായി ഇടവക മെത്രാപ്പോലിത്താ നിയമിച്ചു. ലിവിങ്ങ്സറ്റൺ - ഐസൻഓവർ പാർക്ക്വേയിലുള്ള നൈറ്റ് ഓഫ് കൊളംബസ് ഹാളിൽ വിശുദ്ധ ആരാധനയ്ക്കുള്ള സാഹചര്യം ലഭ്യമായി. എല്ലാ ഞായറാഴ്ചയും വി. കുർബ്ബാനയും അനുബന്ധ ചടങ്ങുകളും നടന്ന് വരുന്നു.

സൺഡേസ്ക്കൂൾ, മർത്തമറിയം വനിതാ സമാജം, യൂത്ത് അസോസിയേഷൻ, പ്രാർത്ഥനായോഗം എന്നീ ആത്മീയ സംഘങ്ങൾ ക്രമീകൃതമായി ഇടവകയിൽ നടക്കുന്നുണ്ട്. ഇടവകാംഗങ്ങൾ ബഹു. വികാരിയോടൊപ്പം ഏകമനസ്സോടെ ദേവാലയ നന്മമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. വി. യാക്കോബ് ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ ഇടവകയുടെ പ്രഥമ പെരുന്നാൾ ജൂൺ 8–ാം തീയതി അഭി. ഇടവക മെത്രാപ്പോലിത്താ തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രഥമ പെരുന്നാൾ ഏറ്റ് കഴിക്കുന്നത് ശ്രീ. സാജു കെ. പൗലോസും കുടുംബവുമാണ്. പരിശുദ്ധന്റെ ഓർമ്മപ്പരുന്നാളിൽ സംബന്ധിക്കാൻ ഏവരേയും കർതൃനാമത്തിൽ ക്ഷണിക്കുന്നു.

### പ്രോഗ്രാം

ജൂൺ 8 ഞായർ

9.15 A. M. പ്രഭാത പ്രാർത്ഥന, 10.00 A. M. വിശുദ്ധ കുർബ്ബാന– അഭി. യൽദോ മോർ തീത്തോസ് മെത്രാപ്പോലിത്തായുടെ പ്രധാന കാർമ്മികത്വത്തിൽ, 11.30 A. M. പ്രദിക്ഷണം, 12.00 P. M. ആശീർവാദം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഫാ. ഗീവർഗീസ് ജേക്കബ് (വികാരി) - 732.505.8339, പുന്നൂസ്കുട്ടി ജേക്കബ് (സെക്രട്ടറി) - 973.343.2843, സാജു കെ. പൗലോസ് (ട്രസ്റ്റി) - 973.985.4998

**VENUE: KNIGHTS OF COLUMBUS HALL,**
**299 EISEN HOWER PARKWAY, LIVINGSTON, NEW JERSEY - 07039**

# പുണ്യശ്ലോകനായ മോർ അത്തനാസിയോസ് ശെമവൂൻ ബാവ

### (കോട്ടയം പുത്തൻപളളി)

(മനോജ് മാത്യു, ആര്യാടൻ പാക്കൻ ചെങ്ങളം, സഭ മാനേജിംഗ് കമ്മറ്റിയംഗം)

പ. പത്രോസ് മാന്നാമൻ പാത്രിയർക്കീസ് ബാവ 1876 ലെ മുളന്തുരുത്തി സുന്നഹദോസിനു ശേഷം 1877 മെയ് 16–ാം തീയതി ബോംബയിൽ നിന്നും തിരിച്ചുപോയി. ആ കാലഘട്ടത്തിൽ പഴയ സെമിനാരിയും വസ്തുവകകളും നവീകരണക്കാരുടെ കൈവശമായിരുന്നു. നവീകരണക്കാർ, പരേതർക്കുവേണ്ടിയുള്ള പ്രർത്ഥന, വി. കന്യക മറിയമിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയും അനുബന്ധമായ രീതികളും മാറ്റുന്നതിനു പ്രയത്നിച്ച മിഷനറിമാരോട് കൂട്ടു ചേർന്നവരാണ്.

അന്നത്തെ തിരുവീതാംകൂർ കോടതി പ്രൊട്ടസ്റ്റന്റ് (നവീകരണക്കാർ) അനുഭാവികളുള്ള പള്ളികളിൽ ഒരു തവണ അവരുടെ പട്ടക്കാർക്കുമുണ്ടായിരിക്കതക്കവിധം വിധി പ്രസ്താവിച്ചിരുന്നു. ആയതിനാൽ ഒന്നിടവിട്ട ആഴ്ചകൾ രണ്ടു കൂട്ടരും ശുശ്രൂഷകൾ നടത്തിപോന്നു. എന്നാൽ കോട്ടയം ചെറിയ പള്ളി ആലപ്പുഴ മുൻസിഫ്- നവീകരണക്കാർക്കു അനുകൂലമായി വിധിച്ചതിനാൽ സത്യവിശ്വാസികൾ ആ പള്ളി ഉപേക്ഷിച്ച് തൊട്ടടുത്തുതന്നെയുള്ള പുത്തൻപള്ളിയിൽ ആരാധനകൾ നിർവഹിക്കേണ്ടതായി വന്നു.

നവീകരണക്കാർ, പരേതർക്കുവേണ്ടിയുള്ള പ്രർത്ഥന, വി. കന്യക മറിയമിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയും അനുബന്ധമായ രീതികളും മാറ്റുന്നതിനു പ്രയത്നിച്ച മിഷനറിമാരോട് കൂട്ടു ചേർന്നവരാണ്. അന്നത്തെ തിരുവീതാംകൂർ കോടതി പ്രൊട്ടസ്റ്റന്റ് (നവീകരണക്കാർ) അനുഭാവികളുള്ള പള്ളികളിൽ ഒരു തവണ അവരുടെ പട്ടക്കാർക്കുമുണ്ടായിരിക്കതക്കവിധം വിധി പ്രസ്താവിച്ചിരുന്നു. ആയതിനാൽ ഒന്നിടവിട്ട ആഴ്ചകൾ രണ്ടു കൂട്ടരും ശുശ്രൂഷകൾ നടത്തിപോന്നു. എന്നാൽ കോട്ടയം ചെറിയ പള്ളി ആലപ്പുഴ മുൻസിഫ്- നവീകരണക്കാർക്കു അനുകൂലമായി വിധിച്ചതിനാൽ സത്യവിശ്വാസികൾ ആ പള്ളി ഉപേക്ഷിച്ച് തൊട്ടടുത്തുതന്നെയുള്ള പുത്തൻപള്ളിയിൽ ആരാധനകൾ നിർവഹിക്കേണ്ടതായി വന്നു.

നവീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു വന്നതിനാൽ 1865–ൽ പ. ഇഗ്നാത്തിയോസ് യാക്കൂബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവായാൽ മലങ്കര മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ട ജോസഫ് മാർ ദിവന്നാസിയോസ് (മുൻപ് ആർത്താറ്റ് കുന്നംകുളം പള്ളി വികാരിമാരിലൊരാളും, പിന്നീട് മുളന്തുരുത്തി പള്ളിയിൽ കബറടങ്ങി യൂയാക്കീം മാർ കൂറിലോസ് ബാവായുടെ സെക്രട്ടറിയുമായ പുലിക്കോട്ടിൽ ജോസഫ് കശീശ്ശ) 1879–ൽ നവീകരണവക്താവായ പാലക്കുന്നത്ത് മാത്യൂസ് അത്തനാസിയോസിന്റെ പിൻഗാമിയായ തോമസ് അത്തനാസിയോസിനെ പ്രതിയാക്കി അന്യായം ബോധിപ്പിച്ചു.

1880–ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായ്ക്കു ജോസഫ് മാർ ദീവന്നാസിയോസ് തിരുമോനിയും പ. പരുമല തിരുമേനിയും ചേർന്ന് ഒരു കത്തയച്ചു. കത്തിൽ നവീകരണക്കാരിൽ നിന്ന് അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വിവരിച്ചിരുന്നു. വിവരങ്ങൾ അറിഞ്ഞ് ദുഖിതനായ ബാവാ 1849–ൽ തുറബ്ദീൻകാരനായ സ്തേഫാനോസ് മാർ അത്തനാസിയോസിനോട് കൂടെ മലങ്കരയിൽ വന്നിട്ടുള്ള എസ്ഫസ്ക്കാരൻ ശെമവൂൻ റമ്പാച്ചനെ മോർ അത്തനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് 1880–ൽ സ്ലീബാ ശെമ്മാശനോടുകൂടെ (പിന്നീട് അന്തോഖ്യാ സിംഹാസനപള്ളിയിൽ കബറടങ്ങിയ പ. സ്ലീബാ മാർ ഒസ്ത്താത്തിയോസ് ബാവാ) മലങ്കരയിലേക്ക് അയച്ചു. അവർ 1881 ജനുവരി 1–ാം തിയതി കൊച്ചിയിലെത്തി. മേൽപ്പറഞ്ഞ കാലഘട്ടത്തിൽ മലങ്കരയിലുണ്ടായിരുന്ന സിംഹാസന പ്രതിനിധി യൂയാക്കീം മാർ കൂറിലോസ് ബാവാ 1874–ൽ കാലം ചെയ്ത് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ കബറടക്കി. ഈ പിതാവ് 1846 മുതൽ 28 വർഷങ്ങൾ മലങ്കരയിൽ സത്യവിശ്വാസത്തെ പ്രതി യത്നിച്ച് ദൈവവേല ചെയ്തു.

മിഷനറിമാർക്ക് ഭരണാധികാരികളുടെ ഒത്താശയുണ്ടായിരുന്നതിനാൽ സത്യവിശ്വാസം നിലനിർത്തുന്നതിന് പുണ്യശ്ലോകനായ ജോസഫ് മാർ ദിവന്നാസിയോസ് (പുലിക്കോട്ടിൽ) തിരുമേനിയും, ശെമവൂൻ മാർ അത്തനാസിയോസ് തിരുമേനിയും, സ്ലീബാ ശെമ്മാശനും പുത്തൻപള്ളിയിൽ താമസിച്ച് കഠിനാദ്ധ്വാനം ചെയ്തു. സത്യവിശ്വാസം സത്യസഭയിൽ ദൈവം നിലനിർത്തുന്നതായി സുറിയാനി സഭാ മക്കൾ അനുഭവിച്ചറിഞ്ഞു. 1889–ൽ പഴയ സെമിനാരിയും സ്വത്തുക്കളും ജോസഫ് മോർ ദിവന്നാസിയോസ് തിരുമേനിക്ക് വിധിയിലൂടെ ലഭിച്ചപ്പോൾ പുത്തൻപള്ളിയിൽ നിന്ന് പഴയ സെമിനാരിയിലേക്ക് താമസം മാറ്റി. വിധിയുടെ പശ്ചാതലത്തിൽ നവീകരണം പ്രചരിപ്പിച്ച മിഷനറിമാർക്ക് സെമിനാരിയിൽ പ്രവേശിക്കാൻ സാധിക്കാതെയായി. അപ്പോൾ അവർ ഇന്ന് സി. എം. എസ്. കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് പുതിയ സെമിനാരി ആരംഭിച്ചു. അന്നുമുതൽ ആദ്യത്തെ സെമിനാരി പഴയ സെമിനാരി എന്നറിയപ്പെടുവാൻ തുടങ്ങി.

സുറിയാനി സഭയിൽ സത്യവിശ്വാസം നിലനിർത്തുന്നതിന് മലങ്കരയിൽ റമ്പാച്ചനെന്ന നിലയിൽ 1849–ൽ വന്ന് 1881–1889 വരെ മെത്രാപ്പൊലീത്തായെന്ന നിലയിൽ ശുശ്രൂഷിച്ച ശെമവൂൻ മാർ അത്തനാസിയോസ് ബാവ 1889 ജൂൺ മാസം 11–ാം തിയതി പഴയ സെമിനാരിയിൽ വച്ച് കാലം ചെയ്തു. കോട്ടയം പുത്തൻപള്ളിയുടെ മദ്ബഹായുടെ വടക്കുവശത്ത് കബറടക്കപ്പെട്ടു. മലങ്കരയുടെ മണ്ണിൽ കബറടങ്ങിയ ബാവ അന്ത്യോഖ്യാ മലങ്കര ബന്ധത്തിന്റെ മങ്ങാത്ത സ്മാരകമായി പ്രശോഭിക്കുന്നു.

# ദേവലോകത്തെ മോഹപക്ഷികൾ............!

**വിക്ഷാഗോപുരം**
**നിരീക്ഷകൻ**

ദേവലോക ആസ്ഥാന സഭയിലെ അച്ചായന്മാരും അച്ചൻമാരും, ആചാര്യൻമാരും മോഹത്തേരിൽ സഞ്ചരിക്കുന്ന പൂങ്കുരുവികളാണ്. യാക്കോബായ സഭാംഗങ്ങളെ കാല്ചുവട്ടിലാക്കാൻ മോഹിച്ച് എത്ര കേസുകളാണ് ഈ മോഹക്കുരുവികൾ നടത്തിയത്? സുപ്രീം കോടതി വിധി ഇക്കൂട്ടർക്ക് മോഹഭംഗം നൽകിയെങ്കിലും ഇപ്പോഴും ഇവർക്ക് പിന്തിരിയാൻ ഭാവമില്ല! ന്യൂനപക്ഷ വിധി എടുത്തുകാട്ടി വിധി വ്യാഖ്യാനം നടത്തി എങ്കിലും മോഹിച്ചതുപോലെ ആഗ്രഹങ്ങൾ പൂവണിഞ്ഞില്ല. ഭൂരിപക്ഷ വിധിയും തങ്ങൾക്ക് അനുകൂലമാണെന്ന് പിന്നീട് പറയുകയും ഒപ്പം വിധിയിലെ ചില ഭാഗങ്ങൾ തിരുത്തി കിട്ടാൻ സുപ്രീംകോടതിയെ സമീപിക്കുകയും ചെയ്തത് ഈ മോഹപക്ഷികൾ തന്നെയാണ്. മാർ മാത്യൂസ് രണ്ടാമൻ ബാവായ്ക്ക് മലങ്കര മെത്രാൻ സ്ഥാനവും സുപ്രീംകോടതി കൽപിച്ച് നൽകിയിട്ടുണ്ട് എന്ന മോഹം മനസിൽ താലോലിച്ച് വന്നവർക്ക് , അതും തെറ്റിപ്പോയി എന്ന അവസ്ഥ വന്നു. പരുമല യോഗത്തോടെ എല്ലാം തങ്ങളുടെ കൈപ്പിടിയിലൊതുങ്ങി എന്ന് കരുതിയവരുടെ മോഹങ്ങൾ മുരടിക്കാൻ അധികം സമയം വേണ്ടി വന്നില്ല. മോഹങ്ങൾ പൂവണിയുമോ എന്നറിയാൻ ഇവർ വീണ്ടും കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇക്കൂട്ടരുടെ ചില പ്രധാന മോഹങ്ങൾ ഇനിപ്പറയുന്നവയാണ്.

## ഇന്ത്യൻ ഓർത്തഡോക്സ് സഭ

ജന്മനാൽ അംഗവൈകല്യവും കൂനുമുള്ള സിനിമാ കഥാപാത്രത്തിന്റെ പേര് കുഞ്ഞൻ. നാട്ടുകാർ വിളിക്കുന്നത് കുഞ്ഞിക്കുനൻ. എന്നാൽ തന്റെ പേരിന് ഗ്ലാമറില്ല എന്ന തോന്നലിൽ കഥാപാത്രം പറയുന്നു. ഞാൻ എന്നെ വിളിക്കുന്നത് വിമൽ കുമാറെന്നാണ്.! ഇതുപോലെ തന്നെയാണ് മെത്രാൻ കക്ഷികളും. അവരുടെ ഭരണഘടനയനുസരിച്ച് ഔദ്യോഗിക പേര് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. നാട്ടുകാർ വിളിക്കുന്നത് മെത്രാൻ/കാതോലിക്കാ കക്ഷി. എന്നാൽ ഇവർ ഇവരെ വിളിക്കുന്ന പേര് ഇന്ത്യൻ ഓർത്തഡോക്സ് സഭ. ഇപ്പോൾ ചില കോണുകളിൽ നിന്ന് ആഗോള മലങ്കര സഭ എന്നും ഇവർ സ്വയമേ വിശേഷിപ്പിക്കുന്നുണ്ട്.! ലോകത്തിലെ വിവിധ കോണുകളിൽ മലയാളികൾ ജോലി ചെയ്തും താമസിച്ചും വരുന്നുണ്ട്. അതിൽ മെത്രാൻ കക്ഷിക്കാരുൾപ്പെടെയുള്ള ക്രൈസ്തവരും വിവിധ മതസ്തരും ഉണ്ട്. അതുകൊണ്ട് അവരാരും ആഗോള കേരളീയ അല്ലെങ്കിൽ ഇൻഡ്യൻ കേരളീയരായി വിശേഷിപ്പിക്കപ്പെടും മെത്രാൻ കക്ഷികൾ സ്വയം ആലോചിക്കുക. ഇതൊരധിമോഹമല്ലേ?

## മാർപാപ്പയ്ക്ക് തുല്ല്യനായ കാതോലിക്ക

മെത്രാൻ കക്ഷികളുടെ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ മാർപാപ്പയ്ക്ക തുല്ല്യനായ കാതോലിക്ക അകുന്നു എന്നാണല്ലോ പ്രമാണം. (ഭരണഘടനയും സുപ്രീം കോടതി വിധിയുമെന്നും കാണിച്ച് നിരീക്ഷകനെ കുഴപ്പത്തിലാക്കരുത്. മെത്രാൻ കക്ഷി കുഞ്ഞാടുകളുടെ മനസിലിരിപ്പാണ് ഇവിടെ പറയുന്നത്) സ്ഥാനഭൃഷ്ടാനാക്കപ്പെട്ടിരിക്കുന്ന അബ്ദുൾ മശിഹാ ബാവാ ഇവർക്ക് നൽകിയത് (അതോ പിടിച്ച് മേടിച്ചതോ) മപ്രിയാന– അതായത് കാതോലിക്ക എന്ന സ്ഥാനമാണ്. അന്ത്യോഖ്യ പാത്രിയർക്കിന്റെ കീഴിലുണ്ടായിരുന്നതും പിന്നീട് നിർത്തലാക്കപ്പെട്ടതും മപ്രിയാനേറ്റ് എന്ന കാതോലിക്കേറ്റാണ്. ഈ സ്ഥാനത്തിരുന്ന പല മപ്രിയാനമാരും പിന്നീട് പാത്രിയർക്കാ സ്ഥാനത്ത് എത്തിയവരാണ്. ഇതൊക്കെ മറച്ചുപിടിച്ച് ഇപ്പോൾ ഇവർ മോഹിക്കുന്നതും പറയുന്നതും കാതോലിക്കായും പാത്രിയർക്കീസും സമസ്ഥാനികളാണെന്നാണ്! സമന്മാരിൽ മുമ്പനാണ് പാത്രിയർക്കീസ് എന്നു പറഞ്ഞു വരുന്നവർ തന്നെ. ഇടയ്ക്കു പറയും കോട്ടയം കാതോലിക്കായെ പാത്രിയർക്കീസ് ആക്കണമെന്ന്.! അപ്പോൾ സ്വാഭാവികമായും ഉയരുന്ന മറു ചോദ്യം എന്താണ്? പാത്രിയർക്കാ സ്ഥാനത്തിന് തുല്ല്യമല്ലാത്ത സ്ഥാനമായതിനാലല്ലേ കാതോലിക്കായെ പാത്രിയർക്കീസാക്കണമെന്ന് പറയുന്നത്? (ഈ ബോധം കാതോലിക്കാ പക്ഷത്തിനില്ല.ഇതു പറഞ്ഞു കൊടുക്കാൻ മൂവാറ്റുപുഴ മാർ അത്തനാസിയോസ് വേണ്ടി വന്നു! അദ്ദേഹം സമാധാന സ്പെഷ്യൽ ബുള്ളറ്റിനാൽ ഇത് പറഞ്ഞിട്ടുണ്ട്.) കാതോലിക്കേറ്റ് സപ്തതിക്കായി എത്തിയ പ. ഇലിയാ രണ്ടാമൻ ബാവാ നൽകിയ കാതോലിക്കാ പാത്രിയർക്കീസ് എന്ന ബഹുമതി സ്വീകരിച്ച് ഇനിമുതൽ നാം കാതോലിക്കാ പാത്രിയർക്കീസ് എന്നറിയപ്പെടുമെന്നും പ.ജോൺ പോൾ മാർപാപ്പ കോട്ടയത്തിന്റെ പോപ്പ് എന്ന് സംബോധന ചെയ്തു എന്നൊക്കെ പറഞ്ഞു ഊറ്റം കൊണ്ടവരുടെ മോഹങ്ങൾക്ക് എപ്പോഴും ചിറകു മുളച്ചുകൊണ്ടിരിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതുണ്ടോ ദേവലോക കാതോലിക്കമാർ മോഹങ്ങൾ തുടർന്നു പോകട്ടെ.

## ശ്രേഷ്ഠ നിയുക്തൻ

പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ കീഴിൽ മലങ്കരയിൽ ശ്രേഷ്ഠ കാതോലിക്കാ ബാവ ഉണ്ടെങ്കിൽ തന്റെ കീഴിൽ ഒരു ശ്രേഷ്ഠ നിയുക്തൻ ഇരിക്കട്ടെ എന്നു കരുതി കാലം ചെയ്ത വട്ടുകുന്നേൽ ബാവാ നിയുക്ത കാതോലിക്കായ്ക്ക് നൽകിയ സ്ഥാനമാണിത്. ഇപ്പോൾ മലങ്കരസഭാ മാസികയിൽ ഒരു ദേവലോക ഭക്തൻ എഴുതിയിരിക്കുന്നു, കാതോലിക്കായെ പാത്രിയർക്കീസാക്കി നാലഞ്ച് ശ്രേഷ്ഠ കാതോലിക്കാമാരെ വാഴിക്കണമെന്ന്! മാർത്തോമാ സഭ ഉപയോഗിച്ചു വന്ന മാർത്തോമ്മാ എന്ന സ്ഥാന നാമം വട്ടുകുന്നേൽ ബാവായുടെ കാലം മുതൽ തട്ടിയെടുത്ത് മെത്രാൻ കക്ഷി കാതോലിക്കാമാർ ഉപയോഗിച്ച് വരുന്നുണ്ട്. ഇനി മലങ്കര റീത്ത് സഭയുടെ കാതോലിക്കാ ഉപയോഗിക്കുന്ന മേജർ ആർച്ച് ബിഷപ്പ്, സി എസ് ഐ സഭക്കാരുടെ മോഡറേറ്റർ എന്നീ പദവികൾക്കൂടി യഥാക്രമം ശ്രേഷ്ഠ നിയുക്തനും, സുന്നഹദോസ് സെക്രട്ടറിയിക്കുമൊക്കെ നൽകി എല്ലാ സഭാ സ്ഥാനീയരേക്കാളും ശ്രേഷ്ഠൻ ആകാവുന്നതാണ്.

## സഭാ സമാധാനം /യോജിപ്പ്

സാധാരണയായി ഒരാൾക്ക് കല്യാണം കഴിക്കണമെന്ന് പറയുമ്പോൾ പ്രത്യേകിച്ച് ഒരു ഡിമാന്റും ഇല്ലാ എന്നു തോന്നും. കൂടുതൽ അന്വേഷിക്കുമ്പോൾ സ്ത്രീധനം വേണം, സൗന്ദര്യ വതിയായ പെണ്ണു വേണം, ജോലി ഉണ്ടാകണം എന്ന് തുടങ്ങി ഡിമാന്റുകൾ അനവധിയാണ്. ഇതുപോലെ തന്നെയാണ് മെത്രാൻ കക്ഷികൾ പറയുന്ന സഭാ സമാധാനവും. എല്ലാ വേദികളിലും ബാവാ–മെത്രാൻ കക്ഷിക്കാർ യോജിക്കണം. ഭിന്നിച്ച് നിൽക്കുന്ന സഭയ്ക്ക് സാക്ഷ്യമില്ല ഒറ്റ സഭയാകണം എന്നൊക്കെതട്ടിവിടും. അതുകഴിഞ്ഞ് യോജിപ്പിന്റെ വിശദാംശങ്ങൾ അന്വേഷിക്കുമ്പോഴാണ് ഇക്കൂട്ടരുടെ തനിനിറം പുറത്തു വരുന്നത്. യാക്കോബായ സഭാംഗങ്ങൾ പാത്രിയർക്കാ ബന്ധം ഉപേക്ഷിച്ച് ദേവലോക സഭയിലേക്ക് പുനരൈക്യപ്പെടണമെന്നും മെത്രാൻ കക്ഷിക്കാർ പറഞ്ഞുവരുന്ന എല്ലാവാദങ്ങളും അംഗീകരിച്ച് അവരുടെ മേധാവിത്യത്തിൻ കീഴിൽ പള്ളികളും സ്ഥാപനങ്ങളും അടിയറവച്ച് കഴിഞ്ഞ്കൂടിക്കൊള്ളണം എന്നുമുള്ള വ്യാമോഹം മനസിൽ വച്ചാണ് കഴിയുന്നതെന്നും മനസിലാകുന്നത്.(സംശയമുണ്ടെങ്കിൽ അത്തനാസിയോസ്, മിലിത്തോസ്, നിക്കോളാവോസ് എന്നീ ത്രിമൂർത്തികളോട് ചോദിക്കൂ. ഇവർ മുമ്പ് പറഞ്ഞു വന്ന ഏതെങ്കിലും വാദങ്ങൾ ദേവലോക സഭയിൽ വിലപ്പോകുന്നുണ്ടോ എന്ന്?) ഇതാണിവരുടെ സഭാ സമാധാന മോഹം.

മെത്രാൻ കക്ഷിക്കാരുടെ വൈദിക, സന്യാസി, അൽമായ കുഞ്ഞാടുകളുടെ മോഹം എല്ലാം കൂടി എഴുതിയാൽ അതിനായി ഒരു പ്രത്യേക പതിപ്പു വേണ്ടി വരും. മെത്രാൻ പക്ഷക്കാരുടെ ഒരു ഇമെയിൽ ഫോറത്തിൽ ഒരു കുഞ്ഞാട് എഴുതിയത്, പ. പാത്രിയർക്കീസ് ബാവായ്ക്ക് എല്ലാ മാസവും പതിനായിരം ഡോളർ വീതം ദേവലോകത്തു നിന്ന് അയച്ചു കൊടുത്ത് പാത്രിയർക്കീസ് ബാവായെ ദേവലോകത്തിന് സ്വന്തമാക്കണം എന്നാണ്. പണമുപയോഗിച്ച് അധാർമ്മികമായി പലതും സ്വന്തമാക്കിയ ദേവലോകാധിപൻമാരുടെ, അണികൾ 'കാശ് ഈശോ' എന്നാണ് വിചാരിക്കുന്നത്. യാക്കോബായ സഭാ പിതാക്കന്മാർ സമ്പാദിച്ച അരമനകളും സെമിനാരികളും, ദയറാകളും, പള്ളികളുമടങ്ങുന്ന സ്വത്തുക്കൾ അനധികൃതമായി കൈവശം വച്ച് സഭാംഗങ്ങളെ പീഡിപ്പിച്ച് വരുന്ന ദേവലോക ആസ്ഥാന സഭയുടെ മോഹം ബാക്കിയുള്ള പള്ളികളും സ്വത്തുക്കളും പിടിച്ചെടുത്ത് തങ്ങളുടെ സാമ്രാജ്യം വിപുലമാക്കാമെന്നാണ്. അതിനായി മനപ്പായസമുണ്ട് വരുന്നവർ മൂഢലോകത്തെ മൂപ്പിലാന്മാരായ മോഹന സുന്ദര സ്വപ്നാടകന്മാർ മാത്രം ആയിരിക്കും.

യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവായെ ദേവലോക പണ്ഡിതന്മാർ അണ്ടർ എസ്റ്റിമേറ്റ് ചെയ്തതാണ് കുഴപ്പമായത് എന്ന് കാലുമാറിയ വൈദിക ശിരോമണി ഈയിടെ എഴുതിയിരിക്കുന്നത് വായിച്ചു. കൂടാതെ പാത്രിയർക്കീസ് ബാവായുടെ 1995–ലെ കല്പന പ്രകാരമാണ് ഇവരൊക്കെ കാതോലിക്കാ പക്ഷ അനുഭാവം പ്രകടിപ്പിച്ചത് എന്നും മറ്റും ഈ അമേരിക്കൻ വാസിയായ ബുദ്ധിജീവി എഴുതിയത് കണ്ടപ്പോൾ ഇദ്ദേഹത്തോട് സഹതാപം തോന്നി. 1995 ന് ശേഷം പ. പാത്രിയർക്കീസ് ബാവായുടെ മറ്റ് പല കല്പനകളും വന്നു. അതൊന്നും കാണാതെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഇത്തരം കഥാപാത്രങ്ങളാണ് മലങ്കരസഭയെ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചത്. ഇതു പോലുള്ള വ്യാമോഹികൾ കൂട്ടമായി പാർക്കുന്ന ദേവലോക സഭയുടെ മോഹങ്ങൾക്ക് കടിഞ്ഞാണിടാൻ ആർക്കു സാധിക്കും? ദൈവം ഇക്കൂട്ടർക്ക് നേർബുദ്ധി നൽകി രക്ഷിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

വാൽക്കഷണം: യാക്കോബായ കാതോലിക്കാ ആ പേരിനർഹനല്ല – ഒരു ദേവലോക റമ്പാൻ റമ്പാച്ചാ, മറന്നു തുള്ളിയാൽ, മറിഞ്ഞു വീഴും.....!

**പുണ്യശ്ലോകനായ പ. പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ**



**പ. പിതാവേ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ**

# ക്നാനായ അതിഭദ്രാസനം കല്ലിശേരിയിൽ പുതിയ മേഖല

ചെങ്ങന്നൂർ : ആത്മീയ നവോത്ഥാനത്തിനു സ്മരണകളുമായി ക്നാനായ അതിഭദ്രാസനത്തിന് കല്ലിശേരിയിൽ പുതിയ മേഖല നിലവിൽ വന്നു. പുതിയ മേഖലയുടെ പ്രഖ്യാപനവും കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായ്ക്ക് മേഖലയുടെ ചുമതല ഏല്പിക്കലും ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലിത്താ നിർവഹിച്ചു.

കല്ലിശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ നടന്ന ചടങ്ങിൽ ക്നാനായ ഭദ്രാസന അസോസിയേഷന്റെ തീരുമാന പ്രകാരം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അംഗീകാരത്തോടുകൂടി രൂപീകൃതമായ കല്ലിശേരി മേഖലയുടെ ചുമതല കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായ്ക്ക് സ്ലീബാ നൽകി ആർച്ച് ബിഷപ്പ് മാർ സേവോറിയോസ് നിർവഹിച്ചു.

ആത്മീയതയിൽ അധിഷ്ഠിതമായ നവോത്ഥാലത്തിനുവേണ്ടിയുള്ള പരിശ്രമം ഭദ്രാസനത്തിനും സമൂഹത്തിലും മതിപ്പു വർദ്ധിപ്പിക്കുമെന്ന് മാർ സേവേറിയോസ് മെത്രാപ്പോലിത്താ പറഞ്ഞു. ആത്മീയത മുൻനിർത്തിയുള്ള സാമൂഹിക പ്രവർത്തനങ്ങൾക്കു വിശ്വാസികൾ കൂട്ടായി യത്നിക്കണമെന്നും സഭയുടെ മൂല്യങ്ങൾ ഉയർത്തുന്നതിൽ ഏവരും ബദ്ധശ്രദ്ധരായിരിക്കണമെന്നും മാർ സേവേറിയോസ് മെത്രാപ്പോലിത്താ പറഞ്ഞു. തുടർന്നു നടന്ന സമ്മേളനം മന്ത്രി. മാത്യു ടി തോമസ് ഉദ്ഘാടനം ചെയ്തു. എല്ലാ മേഖലയിലും കള്ളനാണയങ്ങൾ ഉണ്ട്. ആചാര്യൻമാരെ ഒന്നടങ്കം അവഹേളിക്കുന്ന നടപടി ശരിയല്ല. അർത്ഥവത്തായ ആത്മീയതയിലൂടെ വിശ്വാസികളെ മുൻപോട്ട് നയിക്കണം. – മന്ത്രി. പറഞ്ഞു. ആർച്ച് ബിഷപ്പ് അധ്യക്ഷത വഹിച്ചു. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ അനുഗ്രഹ പ്രഭാഷണം നടത്തി. ജോസഫ്. എം. പുതുശേരി എം. എൽ. എ വികാരി ജനറൽ എം. എ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ ചിറയിൽ അസോസിയേഷൻ പ്രസിഡന്റ് കെ. എ. മാത്യു ആര്യാട്ട്, സമുദായ സെക്രട്ടറി ബാബു ജോസഫ് പാലന്തറ, സി. കെ. മാത്യൂസ് കോർ എപ്പിസ്കോപ്പാ ചെറുമഠക്കാല, നിയുക്ത സഹായ മെത്രാപ്പോലീത്ത കുര്യാക്കോസ് കോലത്ത് റമ്പാൻ, സമുദായ ട്രസ്റ്റി മോഹൻ ജേക്കബ് കേളച്ചന്ദ്ര, ജനറൽ കൺവീനർ ഫാ. എ.ടി. തോമസ് അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ചുമതല ഏറ്റ മാർ ഗ്രിഗോറിയോസ് മറുപടി പ്രസംഗം നടത്തി. നേരത്തെ മെത്രാപ്പോലീത്തമാരെ കല്ലിശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻ കത്തനാർ നഗറിൽ നിന്നു വിവിധ വാദ്യമേളങ്ങൾ, മുത്തുക്കുട എന്നിവയുടെ അകമ്പടിയോടെ സമ്മേളനനഗരിയിലേക്കു സ്വീകരിച്ചു.

ചീഫ് എഡിറ്റർ: ഷെവ. ബിബി ഏബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി. ഒ. ,വാഴൂർ
Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com